# കണ്ണീര് തോരുമോ?

പ്രൊഫ. എം. വൈ. യോഹന്നാൻ

: Publisher :

ഫീലിയോ ബുക്ക്സ്

കോലഞ്ചേരി - 682 311

# കണ്ണീര് തോരുമോ?


**പ്രൊഫ. എം. വൈ. യോഹന്നാൻ**

*മുൻ പ്രിൻസിപ്പൽ,*

*സെന്റ്. പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി.*

●

*മേച്ചങ്കര, കടയിരുപ്പ് പി.ഒ.,*

*കോലഞ്ചേരി - 682 311, കേരളം.*

*ഫോൺ: (0484) 2689489, 2689889*

E - mail : prof_yohannan@hotmail.com

Website : www.crfgospel.org


●


Publisher :

***ഫീലിയോ ബുക്ക്സ്***

*കോലഞ്ചേരി - 682 311*

●

DTP

PAUL A. ABY, KALAMASSERY

●

COVER DESIGN

SWAMINATHAN, COMPUTER PARK

●

PRINTED AT

MERIN GRAPHICS, EDAPPALLY TOLL, KOCHI - 682 024

●

## ആമുഖം

ആധുനിക മനുഷ്യനെ വെല്ലുവിളിക്കുന്ന ആപത്തുകൾ ഏവ എന്ന് വിശകലനം ചെയ്തുകൊണ്ട് ദൈവഭക്തനായ ജനറൽ വില്യം ബ്രൂസ് പറഞ്ഞു.

പരിശുദ്ധാത്മാവില്ലാത്ത ഭക്തി,
ക്രിസ്തു ഇല്ലാത്ത ക്രിസ്ത്യാനിത്വം,
മാനസാന്തരമില്ലാത്ത പാപക്ഷമ,
വീണ്ടും ജനനമില്ലാത്ത രക്ഷ,
ദൈവമില്ലാത്ത രാഷ്ട്രം,
നരകമില്ലാതെ സ്വർഗ്ഗം.

ഇവയാണ് ഇന്ന് നാം നേരിടുന്ന വെല്ലുവിളികൾ.

വേറൊരു മഹദ്വചനം പറയുന്നത് ഇതിനോടു സദൃശമാണ്.

പരിശുദ്ധാത്മാവില്ലാത്ത മതം, Religion without the Holy Spirit
ക്രിസ്തു ഇല്ലാത്ത ക്രിസ്ത്യാനിത്വം, Christianity without Christ
അനുതാപമില്ലാത്ത പാപക്ഷമ, Forgiveness without repentance
വീണ്ടും ജനനമില്ലാത്ത രക്ഷ, Salvation without Regeneration
ദൈവമില്ലാത്ത രാഷ്ട്രം, Politics without God
നരകമില്ലാതെ സ്വർഗ്ഗം, Heaven without Hell
സാത്താനില്ലാതെ ദൈവം, God without Satan

ഇന്ന് ക്രിസ്തുവും ക്രിസത്യാനിത്വവും മനുഷ്യഹൃദയത്തിൽ നിന്നകന്നുപോയിട്ട് നിർജ്ജീവമായ ചില ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും മാത്രം തൃപ്തിപ്പെട്ട് ക്രിസ്ത്യാനികൾ എന്ന് പേരുള്ളവർ പോലും ജീവിക്കുകയാണ്. ക്രിസ്തു ഒരു യാഥാർത്ഥ്യമായും സാക്ഷാത്തായ അനുഭവമായും പലർക്കും ലഭിക്കുന്നില്ല; ലഭിയ്ക്കണമെന്ന് ആഗ്രഹിക്കുന്നുമില്ല.

വളരെ കൗതുകകരമായ ഒരു സംഭവകഥ കേട്ടിട്ടുണ്ട്.

ഒരു വൃദ്ധയായ സ്ത്രീ കുറെ ദിവസങ്ങളായി പട്ടിണിയിലായിരുന്നു. അവൾ ക്രിസ്തു വിശ്വാസിയാകയാൽ പ്രാർത്ഥിച്ചു. “കർത്താവേ, എനിക്ക് അപ്പം തരണേ”. രണ്ടു കുട്ടികൾ ആ പ്രാർത്ഥനകേട്ടുകൊണ്ട് പുറത്തു നിന്നിരുന്നു. അവർ ഓടിച്ചെന്ന് ഒരു കടയിൽ ചെന്ന് ഒരു റൊട്ടി വാങ്ങിക്കൊണ്ടുവന്നു. അവർ മേൽപ്പുരമേൽ കയറി ചിമ്മിനിയിൽ കൂടി ആ റൊട്ടി താഴേക്ക് ഇട്ടു. ആ വൃദ്ധസ്ത്രീ ആനന്ദ പാരവശ്യത്തോടെ ആ റൊട്ടി എടുത്ത് ദൈവത്തെ സ്തുതിച്ചുകൊണ്ട് തിന്നു.

ഉടനെ കുട്ടികൾ വാതിൽക്കൽ മുട്ടി. ആ സ്ത്രീ വാതിൽ തുറന്നു. എന്തിനാണ് ഉച്ചത്തിൽ ദൈവത്തെ സ്തുതിച്ചത് എന്ന് കുട്ടികൾ ചോദിച്ചു.

"ഞാൻ അപ്പത്തിന് വേണ്ടി പ്രാർത്ഥിച്ചപ്പോൾ ദൈവം എന്റെ പ്രാർത്ഥന കേട്ട്, എനിക്ക് അപ്പം മുകളിൽ നിന്നിട്ടുതന്നു" വൃദ്ധ പറഞ്ഞു.

അവർ പൊട്ടിച്ചിരിച്ചുകൊണ്ട് പറഞ്ഞു: "നിങ്ങൾ പ്രാർത്ഥിക്കുന്നത് ഞങ്ങൾ കേട്ടു, ഞങ്ങളാണ് റൊട്ടി വാങ്ങിക്കൊണ്ടുവന്നിട്ടുതന്നത്, ദൈവമല്ല."

ഉടനെ ആ സ്ത്രീ പറഞ്ഞു: "ദൈവം തന്നതാണ് എന്നെനിക്ക് സംശയമില്ല. കൊണ്ടുവന്നത് സാത്താനായിരിക്കാം." (The Devil may have delivered it, but God still sent it) ആ കുട്ടികൾ ലജ്ജിതരായി എന്ന് പറയേണ്ടതില്ലല്ലോ.

ക്രിസ്തുവിനെ ഒരു യാഥാർത്ഥ്യമായി അനുഭവിക്കുവാനാണ് ക്രിസ്തു അത്ഭുതങ്ങൾ ചെയ്തത്. ഓരോ അത്ഭുതപ്രവൃത്തിയും ക്രിസ്തു സ്വന്തം ആവശ്യത്തിന് വേണ്ടി ചെയ്തതല്ല, ഹൃദയം തകർന്ന് ഉള്ളുരുകി വലഞ്ഞു കഴിയുന്നവരുടെ ഏങ്ങലടികൾ കേട്ട് മനസ്സലിഞ്ഞ് ചെയ്തവയാണ്. അങ്ങനെ ക്രിസ്തു അനേകരുടെ കണ്ണുനീര് ഒപ്പിത്തോർത്തിക്കൊണ്ടിരിക്കുന്നു. ആ അനുഭവങ്ങളുടെ ലഘുവിവരണമാണ് ഈ പുസ്തകത്തിലെ മുഖ്യവിഷയം.

ഇത് വായിക്കുന്ന എന്റെ മാന്യ സഹോദരങ്ങൾ സ്വന്തം സ്വന്തം ജീവിതത്തിലെ വീർപ്പുമുട്ടിക്കുന്ന പ്രശ്നങ്ങൾ ക്രിസ്തുവിനോട് പറഞ്ഞ്, ഹൃദയം പകർന്ന് കരഞ്ഞ് ആശ്വാസം പ്രാപി

ക്കണം എന്ന ഏക ഉദ്ദേശത്തോടെയാണ് ഈ പുസ്തകം ഞാൻ രചിച്ചത്. സജീവമായ ആ അനുഭവം ഏവർക്കും ഉണ്ടാകട്ടെ എന്ന് ഞാൻ വിനീതമായി ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

എന്റെ മറ്റു ഗ്രന്ഥങ്ങൾക്കുതന്ന ആവേശോജ്ജ്വലമായ സ്വീകരണവും അംഗീകാരവും ഈ ഗ്രന്ഥത്തിനും ഉണ്ടാകും എന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

നിങ്ങളുടെ സ്വന്തം,

**എം.വൈ. യോഹന്നാൻ**

കടയിരുപ്പ്

30-10-2009

## ഒന്ന്

"ഞങ്ങൾ കേൾപ്പിച്ചത് ആര് വിശ്വസിച്ചിരിക്കുന്നു. യഹോവയുടെ ഭുജം ആർക്ക് വെളിപ്പെട്ടിരിക്കുന്നു."

യെശ. 53:1

"കർത്താവേ, ഞങ്ങൾ കേൾപ്പിച്ചത് ആര് വിശ്വസിച്ചിരിക്കുന്നു. കർത്താവിന്റെ ഭുജം ആർക്ക് വെളിപ്പെട്ടിരിക്കുന്നു എന്ന് യെശയ്യാ പ്രവാചകൻ പറഞ്ഞ വചനം നിവൃത്തിയാകുവാൻ ഇടവന്നു."

യോഹ 12:38

കർത്താവിന്റെ ഭുജം ആർക്ക് വെളിപ്പെട്ടിരിക്കുന്നു.

കർത്താവിന്റെ ഭുജം ചെയ്ത കാര്യങ്ങൾ ചിലതെല്ലാം 'യഹോവയുടെ ഭുജങ്ങൾ' എന്ന ഗ്രന്ഥത്തിൽ നാം ചിന്തിച്ചല്ലോ.

| | | | |
|---|---|---|---|
| ഒന്ന് | : Saving Hands | - | രക്ഷിക്കുന്ന ഭുജങ്ങൾ |
| രണ്ട് | : Lifting Hands | - | ഉദ്ധരിക്കുന്ന ഭുജങ്ങൾ |
| മൂന്ന് | : Washing Hands | - | കഴുകുന്ന കൈകൾ |
| നാല് | : Cleansing Hands | - | വിശുദ്ധീകരിക്കുന്ന കൈകൾ |
| അഞ്ച് | : Healing Hands | - | സൗഖ്യമാക്കുന്ന ഭുജങ്ങൾ |
| ആറ് | : Guiding Hands | - | വഴി നടത്തുന്ന ഭുജങ്ങൾ |
| ഏഴ് | : Writing Hands | - | എഴുതുന്ന ഭുജങ്ങൾ |
| എട്ട് | : Moulding Hands | - | മെനയുന്ന ഭുജങ്ങൾ |
| ഒൻപത് | : Knocking Hands | - | മുട്ടുന്ന കൈകൾ<br>(മുട്ടി വിളിക്കുന്ന കൈകൾ) |
| പത്ത് | : Pleading Hands | - | യഹോവയുടെ ഭുജങ്ങൾ<br>വാദിക്കുന്നു, കെഞ്ചി യാചിച്ചു<br>കൊണ്ട് നിൽക്കുന്ന കൈകൾ. |
| പതിനൊന്ന് | : Affirming Hands | - | ഉറപ്പിക്കുന്ന കൈകൾ |
| പന്ത്രണ്ട് | : Liberating Hands | - | മോചിപ്പിക്കുന്ന, സ്വാതന്ത്ര്യം<br>നൽകുന്ന, ബന്ധനം<br>അഴിക്കുന്ന, കൈകൾ |
| പതിമൂന്ന് | : Encouraging Hands | - | പ്രോത്സാഹിപ്പിക്കുന്ന കരങ്ങൾ<br>പ്രോത്സാഹനം തരുന്ന കരങ്ങൾ |
| പതിനാല് | : Creating Hands | - | സൃഷ്ടിക്കുന്ന കരങ്ങൾ |
| പതിനഞ്ച് | : Bleeding Hands | - | രക്തം ഒഴുക്കുന്ന കൈകൾ<br>മുറിവേറ്റ കൈകൾ |
| പതിനാറ് | : Resurrecting Hands | - | ഉയർത്തെഴുന്നൽപ്പിക്കുന്ന ഭുജങ്ങൾ |
| പതിനേഴ് | : Blessing hands | - | അനുഗ്രഹിക്കുന്ന കരങ്ങൾ. |

Resurrecting hands -നെ കുറിച്ച് ചിന്തിക്കാം.

കഴിഞ്ഞ അദ്ധ്യായങ്ങളിലൊക്കെയും വചനം വായിച്ച് പല അനുഭവങ്ങളും നിങ്ങൾക്ക് ലഭിച്ചു എന്ന് കരുതട്ടെ.

രക്ഷിക്കുന്ന ഭുജങ്ങളുടെ രക്ഷ അനുഭവിക്കാൻ കഴിഞ്ഞു.

സൗഖ്യമാകുന്ന ഭുജങ്ങളിൽ നിന്ന് സൗഖ്യം പ്രാപിക്കാൻ കഴിഞ്ഞു.

ദൈവം വഴി നടത്തുന്നതായ പല കാര്യങ്ങളും അനുഭവമായി.

ശുദ്ധീകരിക്കുന്ന കരങ്ങളെ അനുഭവിക്കാൻ കഴിഞ്ഞു.

പക്ഷേ, എന്റെ ഇപ്പോഴത്തെ അനുഭവം എങ്ങിനെയാണ് എന്ന് ചിന്തിക്കുക. എന്റെ ആത്മാവിന്റെ അവസ്ഥ ഇപ്പോൾ എന്താണ്? ആത്മാവ് മരിച്ചിരിക്കുകയാണോ? അതോ ആത്മാവിൽ ജീവനുണ്ടോ?

എന്താണ് ആത്മാവിന്റെ ജീവൻ. "പുത്രനുള്ളവന് ജീവനുണ്ട്." യേശുക്രിസ്തു അകത്തുണ്ടെങ്കിൽ ആത്മാവിൽ ജീവനുണ്ട്. യേശുക്രിസ്തു അകത്തുണ്ടോ എന്ന് എങ്ങനെ അറിയാം? ആത്മാവിന് ജീവനുണ്ടോ എന്ന് എങ്ങനെ അറിയാം?

ക്രിസ്തു ഉണ്ടെങ്കിൽ അവിടെ പാപം ഇല്ല. എന്റെ ഉള്ളിൽ പാപം ഉണ്ടോ? ഉണ്ടല്ലോ! പല പല പാപങ്ങൾ ഉണ്ടല്ലോ, എന്റെ ഇപ്പോഴത്തെ ഈ അവസ്ഥയിൽ ഞാൻ കടന്നുപോയാൽ ഞാൻ ദൈവരാജ്യത്തിൽ എത്തുകയില്ലല്ലോ. ഇതാണ് സത്യം. "നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും." യോഹ 8:32

സാധാരണ മനുഷ്യർക്കുള്ളതുപോലത്തെ നീരസങ്ങളുണ്ട്. സാധാരണ മനുഷ്യർക്ക് ഉണ്ടാകാവുന്നതു പോലെയുള്ള അശുദ്ധ വികാരങ്ങളുണ്ട്. പല മുറുകെ പറ്റുന്ന പാപങ്ങളുണ്ട്. കോപമുണ്ട്.

മുമ്പ് ഞാൻ ചില തീരുമാനങ്ങൾ എടുത്തെങ്കിലും കർത്താവേ ചിലതെല്ലാം ഞാൻ തെറ്റിച്ചു കളഞ്ഞു. തീരുമാനത്തിൽ ലംഘനം വന്നു. പക്ഷേ, ഞാൻ വേണ്ടതുപോലെ ദൈവസന്നിധിയിൽ ഇരുന്ന് പ്രാർത്ഥിച്ച്, അനുതപിച്ച് കഴുകിക്കളഞ്ഞില്ല.

പക്ഷേ, എന്റെ ഹൃദയത്തിൽ ഇപ്പോഴും അതിന്റെ കരിനിഴലുകൾ ഉണ്ട്. എന്റെ കർത്താവേ, ഈ സ്ഥിതിയിൽ ഞാൻ കടന്നുപോയാൽ ഞാൻ വിശുദ്ധന്മാർക്കുവേണ്ടി ഒരുക്കിയിരിക്കുന്ന രാജ്യത്തിൽ എത്തുകയില്ലല്ലോ. ഇങ്ങനെ നാം തിരിച്ചറിയുന്നതാണ് സത്യം അറിയുക എന്ന് പറയുന്നത്.

> "സത്യം നാം അറിയുകയും, സത്യം നമ്മെ സ്വതന്ത്രരാക്കുകയും ചെയ്യും."
>
> യോഹ. 8:32

ആത്മാവ് മരിച്ചിരിക്കുന്നു. നാം പലവട്ടം കേട്ടിട്ടുള്ളതാണ്. അറിയാവുന്നതാണ്. എങ്ങിനെയാണ് ആത്മാവ് മരിക്കുന്നത്? പാപത്തിന്റെ ശമ്പളം മരണമാണ്. പാപം നമ്മിൽ വന്നാൽ ആത്മാവ് മരിക്കും, സംശയമില്ല. അത് ദൈവത്തിന്റെ വചനമല്ലേ, വചനത്തിന് മാറ്റമില്ല.

എത്രകാലം ദൈവത്തിന്റെ വചനം പറഞ്ഞ ആളെന്ന് പറഞ്ഞാലും പ്രയോജനമില്ല. ഒരു കാലത്ത് വളരെ മുൻപന്തിയിൽ ഉണ്ടായിരുന്ന ചിലരിന്ന് അഡ്രസ്സ് പോലും ഇല്ല. എവിടെ വചനം പറയുന്നുണ്ടോ അവിടെ ആർത്തി പൂണ്ട് ഓടിച്ചെന്നിരുന്ന ചില ആളുകൾ ഒരു സമയമായപ്പോൾ അവരുടെ ആത്മീയമായ നില

വാരം തകർന്ന് നശിച്ച് പോയിട്ട് വചനം കേൾക്കാൻ ഒട്ടും താത്പര്യം ഇല്ലാത്തവരായിത്തീർന്നുപോയി.

അത്രമാത്രം ജനഹൃദയങ്ങളിൽ ആഴത്തിൽ തിരുവചനത്തിന്റെ ശക്തി പകരാൻ കർത്താവ് ഉപയോഗിച്ചിരുന്ന ചില മനുഷ്യർ പിന്നീട് ആത്മാവിന്റെ ജീവൻ നഷ്ടപ്പെട്ടു. പ്രസംഗമുണ്ട്, പക്ഷേ, ജീവൻ നഷ്ടപ്പെട്ടു. വേലയുണ്ട്, ചൈതന്യം നഷ്ടപ്പെട്ടു. അക്ഷരമുണ്ട്, ആത്മാവില്ല.

ആത്മാവ് മരിച്ചതിനുശേഷവും പ്രസംഗം നടക്കാം. ആത്മാവ് മരിച്ചതിനുശേഷവും ശുശ്രൂഷ നടത്താം. എത്ര വചനം പ്രസംഗിച്ച ആളാണെങ്കിലും ആത്മാവ് മരിച്ച് പോകാം. പാപം വന്നാൽ ആത്മാവ് മരിക്കും.

അന്യഭാഷ പറയുന്ന ആളായിരിക്കും, ദർശനം പറയുന്ന ആളായിരിക്കും, വലിയ വലിയ ശുശ്രൂഷകൾ ചെയ്യുന്ന ആളായിരിക്കും, രോഗശാന്തി വരമുള്ള ആളായിരിക്കും. പക്ഷേ, പാപം വന്നാൽ എല്ലാം മരിച്ചുപോകും. ഇതൊരു വലിയ സത്യമാണ്.

പ്രാർത്ഥനകൾ ചൊല്ലിക്കൊണ്ടിരിക്കും, സമസ്ക്കാരങ്ങൾചൊല്ലിക്കൊണ്ടിരിക്കും, ശുശ്രൂഷകൾ നടത്തിക്കൊണ്ടിരിക്കും, ബൈബിൾ ക്ലാസ് നടത്തിക്കൊണ്ടിരിക്കും, എല്ലാം ഉണ്ടായിരിക്കും.

ആദാം പാപം ചെയ്തപ്പോൾ ആത്മാവ് മരിച്ചു. "തിന്നുന്ന നാളിൽ നീ മരിക്കും". ദൈവത്തിന്റെ വചനത്തിന് മാറ്റമില്ലല്ലോ? 'തിന്നുന്ന നാളിൽ' എന്നാണ്. എപ്പോൾ നന്മതിന്മകളുടെ അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നോ, അന്ന് ആദാമിന്റെ ആത്മാവ് മരിച്ചു. അന്ന് ഏദൻതോട്ടത്തിൽ നിന്ന് ഇറങ്ങേണ്ടിവരികയും ചെയ്തു. ദൈവസാന്നിദ്ധ്യം നഷ്ടപ്പെട്ടു.

എന്നാൽ പിന്നേയും ആദാമിന്റെ ശരീരത്തിൽ തൊള്ളായി രത്തി മുപ്പതു വർഷം പ്രാണൻ നിലനിന്നു. ശരീരത്തിൽ ജീവൻ നിലനിന്നു. ശരീരത്തിൽ ജീവൻ നിലനിൽക്കും. പക്ഷെ, ആത്മാവ് മരിച്ചിരിക്കും.

ഓർക്കുക. ആത്മാവ് മരിച്ചതിനുശേഷവും ശരീരം ജീവിച്ചിരി ക്കും. ആദാം തൊള്ളായിരത്തി മുപ്പതു വയസ്സുവരെ ജീവിച്ചിരുന്ന ല്ലോ. ദൈവീകമായ ബന്ധം നഷ്ടപ്പെട്ട അവസ്ഥയുണ്ട്. ശരണം കണ്ടിച്ചുപോകുന്ന അവസ്ഥയുണ്ട്. ദൈവകൃപയുടെ ശരണത്തിൽ നിന്ന് വിട്ടുപോകുന്ന അവസ്ഥയുണ്ട്.

“ശരണത്താലെ നിൻകൃപ,” എന്ന് നാം പാടുന്നുണ്ടല്ലോ. കർത്താവിന്റെ ശരണത്തിൽ നിന്ന് വിട്ടുപോകുന്ന അവസ്ഥയുണ്ട്. അതാണ് ആത്മാവ് മരിക്കുക എന്നു പറയുന്നത്. ശരണം വിട്ടുപോ കുന്ന അവസ്ഥ, ശരണം കണ്ടിച്ചു പോകുന്ന അവസ്ഥ, ശരണം മുറിഞ്ഞു പോകുന്ന അവസ്ഥ, ദൈവീക സംസർഗം നഷ്ടപ്പെട്ടു പോകുന്ന അവസ്ഥയെക്കുറിച്ച് പൂർവ്വീക പുണ്യപിതാക്കന്മാർക്ക റിയാമായിരുന്നു.

കുട്ടികൾ പട്ടം പറപ്പിക്കുകയാണ്. പട്ടം പറപ്പിക്കുമ്പോൾ അത് അങ്ങ് ദൂരെ ദൂരെ മുകളിലാണ്. ചിലപ്പോൾ നോക്കെത്താ ദൂര ത്തായിരിക്കും. എന്നാലും കയ്യിലൊരു വലിവുണ്ട് ചരടിന്റെ വലി വ്. അത് ബന്ധമാണ്.

എപ്പോഴെങ്കിലും ആ ചരട് മുറിഞ്ഞുപൊയാലോ? ബന്ധം പോയി, ചരട് വേണമെങ്കിൽ കയ്യിലിരിക്കും. പക്ഷേ, പട്ടം അപ്പു റത്ത് കാണില്ല, കാരണം പട്ടം അതിൽ നിന്ന് വിട്ടുപോയി. അനേ കർക്കിങ്ങനെയാണ് ആത്മാവിന്റെ അവസ്ഥ.

പുറമേയുള്ള ഒരു മാനസാന്തരമല്ല, ആഴത്തിൽ, ജീവിതത്തിൽ,

ഹൃദയത്തിന്റെ അന്തരാളത്തിലുള്ളതായ സംശുദ്ധി കൈമുതലാക്കാൻ വിളിക്കപ്പെട്ടവരും തിരഞ്ഞെടുക്കപ്പെട്ടവരുമാണ് നാം ഓരോരുത്തരും. അതൊരു വലിയ പദവിയാണത്. വലിയൊരു സ്ഥാനമാണത്. ദൈവം അത്രയും വലിയത് നമ്മെക്കുറിച്ച് കാണുകയാണ്. അത്രയും വലിയ പ്രതീക്ഷയാണ് ദൈവത്തിന് നമ്മെക്കുറിച്ചുള്ളത്.

സ്തുതി, സ്തുതി എന്ന് പറയുന്നതല്ല ബന്ധം. Praise the Lord, Praise the Lord എന്ന് പറയുന്നതല്ല ബന്ധം, ഹല്ലേലൂയ, ഹല്ലേലൂയ എന്നു പറയുന്നതല്ല ബന്ധം, സ്തോത്രം, സ്തോത്രം എന്നു പറയുന്നതല്ല ബന്ധം, ആയിരം ആയിരമായി സ്തോത്രം എന്ന് പാടുന്നതല്ല ആ ബന്ധം. ആ ബന്ധം ആത്മാവിന്റെ ബന്ധമാണ്. അത് വിശുദ്ധിയുടെ സ്നേഹ ബന്ധമാണ്.

പ്രിയസ്നേഹിതാ, നിങ്ങൾ ഇത് കേട്ടില്ല അറിഞ്ഞില്ല എന്ന് വരരുത്. ഈ ബന്ധം നഷ്ടപ്പെട്ടിരിക്കുമ്പോഴാണ് നമ്മുടെ ശരീരത്തിൽ നിന്ന് പ്രാണൻ പോകുന്നതെങ്കിൽ എന്തായിരിക്കും സ്ഥിതി. അതുകൊണ്ടല്ലേ പിതാക്കന്മാർ പറഞ്ഞത്.

“ശരണത്താലേ നിൻ കൃപയിൽ
മരണമടഞ്ഞോരു ദാസരെ നിൻ
ജീവസ്വരമതുണർത്തണമേ
കബറീന്നുദ്യാനത്തിനായ്”

സ്വർഗ്ഗീയ പറുദീസയിലേക്ക് ഉയിർത്തെഴുന്നേൽപ്പിക്കണമേ. ആരെയാണ്? എല്ലാവരെയും അല്ല! “നിൻ കൃപയിൽ ശരണത്താലെ നിദ്രയിലായി നിന്റെ വരവിന് കാത്തീടും മൃതരേ ഉയിർത്തെഴുന്നേൽപ്പിക്കേണമേ” എന്നാണ് പിതാക്കന്മാർ പാടുന്നത്.

“നിന്നിൽ ശരണത്താൽ
നിദ്രയിലായ് നിന്റെ
വരവിന് കാത്തീടും
മൃതരിൽ കനിയണമേ”

“നിൻ ശരണേ മൃതരാം
താത സഹോദരരിൽ
ചൊരിയണമേ മോദ
പ്പനിനീരെൻ നാഥാ”

എന്നാണ് പിതാക്കന്മാർ പ്രാർത്ഥിക്കുന്നത്.

ഇന്നു നാം കടന്നു പോയാൽ ദൈവസന്നിധിയിൽ ചെല്ലുമോ? അത് നിസ്സാര കാര്യമാണോ?

രാത്രിയിൽ ഉറങ്ങുന്നതിന് മുമ്പ് ചിന്തിക്കാറുണ്ടോ? കർത്താവേ, ഈ രാത്രി ഞാൻ ഉറങ്ങാൻ കിടന്നിട്ട് രാവിലെ എഴുന്നേൽക്കുന്നതിനുമുമ്പായി ഈ ഭൂമിയിൽ നിന്ന് ഞാൻ മാറിപ്പോയാൽ, നാളെ ഒരു പക്ഷെ നേരം അസ്തമിക്കുന്നതിനുമുമ്പ് മണ്ണിനടിയിൽ ആകേണ്ടി വന്നാൽ ഞാൻ ദൈവരാജ്യത്തിൽ വരുന്നതിന് തടസ്സമായി എന്നിൽ എന്തെങ്കിലും ബാക്കിയുണ്ടോ? എന്റെ കർത്താവേ നീ അതൊന്ന് കാണിച്ച് തരണേ.

കർത്താവേ, ഞാനത് വേണ്ടതുപോലെ അനുതപിച്ചിട്ട് മുഴുവനായി ഒരു കഴുകൽ പ്രാപിച്ചിട്ട് എനിക്ക് ഉറങ്ങാൻ കൃപ തരണേ. ഒന്നും ബാക്കിയിരിക്കല്ലേ, കർത്താവേ, ഒരു കറയും ബാക്കി ഇരിക്കല്ലേ.

“രാവിലുറങ്ങുമ്പോഴരികിൽ
കാവലെനിക്കാതിരുരക്തം

നിന്നുടെ രൂപത്തിന്നുസദാ
നീ വിടുതൽ തന്നീടണമേ.”

നിങ്ങൾ ഇങ്ങനെ ഹൃദയം തുറന്ന് നിങ്ങളെ തന്നെ കണ്ടിട്ട് നിങ്ങൾക്ക് കിട്ടിയ വചനത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് എനിക്ക് ദൈവരാജ്യത്തിൽ ചെല്ലാനുള്ള യോഗ്യത ഉണ്ടോ എന്ന് ശോധന ചെയ്യൂ.

സത്യം നമുക്ക് മനസ്സിലായിക്കഴിയുമ്പോൾ പിന്നെ പ്രത്യാശയോടെ രക്ഷകനിലേക്ക് നോക്കുകയാണ് വേണ്ടത്.

തീരുമാനിക്കണം: ഈ സെക്കന്റ് വരെ ജീവിച്ചതുപോല അല്ല ഇനി ജീവിക്കാൻ പോകുന്നത്. അങ്ങനെ നാം ദൈവത്തിന്റെ കൃപയ്ക്കുവേണ്ടി യാചിക്കുകയും വന്നുപോയതിനെ ഓർത്ത് അനുതപിക്കുകയും ചെയ്യുമ്പോൾ കർത്താവ് നമ്മുടെ പാപം ക്ഷമിച്ചു തരുന്നു.

ചാൾസ് ഷെൽഡൻ എഴുതിയ “യേശു ആയിരുന്നെങ്കിൽ” (“In His Steps”) എന്ന പുസ്തകം ഞാൻ വായിച്ചപ്പോഴാണ് ഞാൻ ഓർത്തത് : ഞാൻ ഒന്നും ആയില്ലല്ലോ, പലപ്പോഴും ഓർക്കാറുണ്ട്, പക്ഷേ ഇപ്പോൾ ഒന്നുകൂടി ഒന്നുകൂടി, ഞാനങ്ങ് ചുരുങ്ങി. ഞാൻ ഇനി എന്തു മാത്രമാണ് മാറാനുള്ളത് എന്ന് ചിന്തിക്കാനിടയായി.

"W.W.J.D." What Would Jesus Do. യേശുക്രിസ്തു ആയിരുന്നെങ്കിൽ എന്തുചെയ്യുമായിരുന്നു? എന്റെ സ്ഥാനത്ത് യേശുക്രിസ്തു ആയിരുന്നെങ്കിൽ എങ്ങനെയായിരിക്കും ആ രംഗത്ത് നിൽക്കുക, എങ്ങനെയായിരിക്കും സംസാരിക്കുക, എങ്ങനെയായിരിക്കും പെരുമാറുക, എങ്ങനെയായിരിക്കും ഇടപെടുക.

അങ്ങനെ നോക്കുമ്പോഴാണ് ഓരോ കാര്യങ്ങളും നാം തിരു

ത്തുന്നത്. പ്രസ്തുത പുസ്തകത്തിൽ പത്രപ്രവർത്തനം നടത്തുന്നവരുടെ കാര്യം പറഞ്ഞിട്ടുണ്ട്. ബിസിനസ്സ് നടത്തുന്നവരുടെ കാര്യം പറഞ്ഞിട്ടുണ്ട്. നാട്ടിൽ ഉണ്ടായ കൊള്ളയും, കൊലപാതകങ്ങളും ഒന്നും പത്രത്തിൽ പരസ്യപ്പെടുത്തില്ല എന്ന് തീരുമാനിച്ചു.

യേശു ആയിരുന്നെങ്കിൽ ഈ ബലാത്സംഗങ്ങളുടെ കഥയും മറ്റും പരസ്യപ്പെടുത്തുമോ? ഇല്ല. യേശു ആയിരുന്നെങ്കിൽ കവർച്ചയുടെ കാര്യങ്ങൾ പരസ്യപ്പെടുത്തുമോ? ഇല്ല നാട്ടിലുള്ള അനീതികൾ, അഴിമതികൾ, മുഖം നോക്കാതെ പറയും. ആരുടേയും മുഖം നോക്കാതെ പറയും.

Normen എന്ന ഒരു കഥാപാത്രം ഉണ്ട് ആ ഗ്രന്ഥത്തിൽ. അദ്ദേഹം പത്രപ്രവർത്തനത്തിന്റെ ശൈലിതന്നെ മാറ്റി. പത്രം ചില വാകുന്നില്ല. ആളുകൾക്ക് പത്രം വേണ്ട. കാർട്ടൂൺ പടങ്ങളില്ല. സിനിമാ പരസ്യങ്ങളില്ല. വൃത്തികെട്ട പടങ്ങളില്ല. അതെല്ലാം വേണ്ട എന്നു വച്ചു. അപ്പോൾപ്പിന്നെ ആരും പത്രം വാങ്ങിക്കില്ല. പത്രത്തിന്റെ ചെലവ് കുറഞ്ഞു. പത്രം നടത്താൻ പ്രയാസമായി.

അതുകൊണ്ട് വന്നു കൂടിയത് ആ പ്രവർത്തനങ്ങളിലെല്ലാം വലിയ വലിയ പ്രതിസന്ധി. ഇതെങ്ങനെ മുന്നോട്ടുകൊണ്ടുപോകും? പക്ഷേ, പയ്യെപ്പയ്യെ സമൂഹത്തിൽ മാറ്റം വന്നു.

What Would Jesus Do. യേശു ആയിരുന്നെങ്കിൽ എന്തുചെയ്യുമായിരുന്നു. എന്റെ സ്ഥാനത്ത് യേശു ആയിരുന്നെങ്കിൽ എന്തു ചെയ്യുമായിരുന്നു.

നമ്മുടെ ഈ കോപം മാറുമായിരുന്നു. യേശു ആയിരുന്നെങ്കിൽ, യേശു നിങ്ങളുടെ വീട്ടിൽ നിങ്ങളുടെ മുറിയിൽ നിൽക്കുന്നുണ്ടായിരുന്നു എങ്കിൽ, നിങ്ങൾ ഇന്ന് കോപിച്ചതുപോലെ

കോപിക്കുമായിരുന്നോ? ഒന്നുചിന്തിച്ചു നോക്കൂ.

യേശു നിങ്ങളുടെ ആ മുറിയിൽ ഉണ്ടായിരുന്നെങ്കിൽ, നിങ്ങൾ പെരുമാറിയതുപോലെ പെരുമാറുമായിരുന്നോ? യേശു നിങ്ങളുടെ ഓഫീസിൽ ഉണ്ടായിരുന്നെങ്കിൽ നിങ്ങൾ ആ ഉഴപ്പിയതുപോലെ ഉഴപ്പുമായിരുന്നോ? ചിന്തിച്ചു നോക്കൂ.

യേശു ആ മുറിയിൽ ഉണ്ടായിരുന്നെങ്കിൽ ഭർത്താവിനോട് പരിഭവത്തോടെ, മുഖം വീർപ്പിച്ച് നിൽക്കുമായിരുന്നോ?

ഇങ്ങനെ പരിശോധിക്കുമ്പോഴാണ് ആത്മാവ് മരിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കുന്നത്.

മറ്റുള്ളവരിലേക്ക് നോക്കുമ്പോൾ, വിശിഷ്യാ സുവിശേഷകരിലേക്ക് നോക്കുമ്പോൾ, എനിക്ക് കുഴപ്പമൊന്നുമില്ല എന്നു തോന്നും. അവരെക്കാളൊക്കെ ഭേദമായിട്ട് തന്നെയാണ് ഞാൻ ജീവിക്കുന്നത് എന്ന് തോന്നും. പക്ഷെ, അങ്ങനെ ചിന്തിച്ച് ഒരു സംതൃപ്തി നേടരുത്.

പ്രസ്തുത, ക്രിസ്തുവിലേക്ക് നോക്കുമ്പോൾ എനിക്ക് ഒട്ടേറെ മാറാനുണ്ട് എന്ന് നമുക്ക് മനസ്സിലാകും.

ക്രിസ്തീയ ജീവിതം വളരെ വിലയേറിയതാണ്. വളരെ പ്രയാസവുമാണ്.

അത് ഒന്ന് മാനസാന്തരപ്പെട്ടു, അല്ലെങ്കിൽ ഒന്ന് സുവിശേഷം പ്രസംഗിച്ചു, സാക്ഷ്യം പറഞ്ഞു, ജീവിതത്തിൽ കുറച്ചൊക്കെ മാറ്റം വന്നു എന്നൊന്നും ചിന്തിച്ച് അലംഭാവത്തോടെ ജീവിക്കരുത്.

ജീവിതത്തിൽ എന്തുമാത്രം സൂത്രങ്ങളുണ്ട്, എന്തുമാത്രം കൗശലങ്ങളുണ്ട്. എന്തുമാത്രം വ്യാജഭാവങ്ങളുണ്ട്, എന്തുമാത്രം കാപട്യ

ങ്ങളുണ്ട്, എന്ന് മനസ്സിലാകും.

മറ്റുള്ളവരുടെ മുമ്പിൽ വിളങ്ങാനുള്ള ആഗ്രഹം എത്രയുണ്ട്? മറ്റുള്ളവരുടെ മുമ്പിൽ അംഗീകാരം കിട്ടാനുള്ള ആഗ്രഹം എത്രയുണ്ട്? ഇതൊക്കെ പാപം ആണെന്ന് മനസ്സിലാക്കുമ്പോഴാണ്. ആത്മാവ് മരിച്ചിരിക്കുന്നു എന്ന് ഗ്രഹിക്കുന്നത്.

മരിച്ച ആത്മാവിന് വേണ്ടത് ജീവനാണ്. മരിച്ചുകിടക്കുന്ന ശവശരീരത്തിൽ കുറെ മരുന്ന് ഇൻജക്റ്റ് ചെയ്താൽ വല്ല ഫലവും ഉണ്ടോ? ഇല്ലല്ലോ. ടോണിക്ക് വായിലേക്ക് ഒഴിച്ചുകൊടുത്താൽ വല്ല പ്രയോജനവും ഉണ്ടോ? ഒരു പ്രയോജനവും ഇല്ല. നല്ല പോഷകാംശമുള്ള ഭക്ഷണം കൊടുത്താൽ പ്രയോജനമുണ്ടോ? ഒരു പ്രയോജനവും ഇല്ല.

മരിച്ച ആത്മാവിന് ആദ്യം വേണ്ടത് ജീവനാണ്. ജീവൻ കിട്ടണം. "അവർക്ക് ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ട് ഉണ്ടാകുവാനുമത്രേ ഞാൻ വന്നിരിക്കുന്നത്." നമുക്ക് ജീവൻ തരാനാണ് ക്രിസ്തു ജീവൻ വെടിഞ്ഞത്.

യായീറോസിന്റെ മകളെ ഉയിർപ്പിച്ച സംഭവം യേശുക്രിസ്തു മരിച്ചവരെ ഉയിർപ്പിക്കുന്ന ആദ്യസന്ദർഭമാണ്.

> "അപ്പനെയും അമ്മയെയും തന്നോടും കൂടി ഉള്ളവരെയും കൂട്ടിക്കൊണ്ട് കുട്ടി കിടക്കുന്ന ഇടത്തു ചെന്ന് കുട്ടിയുടെ കൈയ്ക്ക് പിടിച്ചു: ബാലേ, എഴുന്നേൽക്ക എന്ന് നിന്നോട് കല്പ്പിക്കുന്നു എന്ന അർത്ഥത്തോടെ 'തലീഥ കൂമി' എന്ന് അവളോട് പറഞ്ഞു.
>
> മർക്കൊസ് 5.40–41

യായിറോസിന്റെ മകൾ മരിച്ചു കിടക്കുകയാണ്. യേശുക്രിസ്തു

ആ മുറിയിലേക്ക് കടന്നുചെല്ലുമ്പോൾ വലിയ ആരവാരം വലിയ നിലവിളി.

മരണവീട്ടിൽ കരയാനായിട്ടുതന്നെ ഒരു കൂട്ടം ആളുകളുണ്ട്. മരിച്ച ആളെക്കുറിച്ച് എണ്ണിപ്പെറുക്കി കരഞ്ഞുകൊണ്ടിരിക്കും. അതൊരു തൊഴിലുപോലെയാണ്. ആ കുഞ്ഞിന്റെ സ്വന്തപ്പെട്ടവർ ഉള്ളിൽ തട്ടി വേദനിച്ച് കരയുകയാണ്.

യേശു കടന്നുചെന്നപ്പോൾ പലതരത്തിലുള്ള ആളുകളവിടെയുണ്ട്. ചില ആളുകൾ യേശുവിനെക്കുറിച്ച് പറയുന്നു. യേശു സഭയ്ക്ക് എതിരാണ്. യെറുശലേം ദേവാലയത്തിന് എതിരാണ്. മഹാപുരോഹിതന്മാർക്ക് എതിരാണ്. നാട് കലക്കുന്നവനാണ്. കുറെപ്പേരെക്കൂട്ടി ഒരു ഗ്രൂപ്പുണ്ടാക്കി യഹൂദസഭയ്ക്കും യറുശലേം ദേവാലയത്തിനും ഒരു ഭീഷണിയാണ്.

വേറെ ചില ആളുകൾക്ക് ചിന്ത, യേശുക്രിസ്തുവിനെ വിളിക്കാൻ പോയെങ്കിലും കാര്യം നടന്നില്ലല്ലോ. യേശുക്രിസ്തുവിനെ വിളിക്കാൻ യായീറോസ്, പോയതാണ്. രോഗം മൂർച്ഛിച്ചു തുടങ്ങുമ്പോൾത്തന്നെ കുട്ടിയുടെ അപ്പൻ കുട്ടിയുടെ അടുക്കൽ ഇരിക്കുന്നതിന് പകരം യേശുവിനെ വിളിക്കാൻ പോയതാണ് ഇത്രയും വിശ്വാസത്തോടെ പോയിട്ടും യേശു വിചാരിച്ചിട്ട് കാര്യം നടന്നില്ലല്ലോ അങ്ങനെ ഒരു പുച്ഛവും പരിഹാസവും ചിലരുടെ ഉള്ളിലുണ്ട്.

മറ്റുചിലർക്ക് യേശുവിനെക്കുറിച്ച് ഒരു മതിപ്പുണ്ട്, ബഹുമാനവുമുണ്ട്. യേശുവന്നതുകൊണ്ട് എന്തെങ്കിലും അത്ഭുതം ഇവിടെ നടക്കും എന്ന് ചിന്തിക്കുന്നവരാണവർ.

എല്ലാകാലത്തും എല്ലാ സദസ്സിലുമുണ്ട് അങ്ങനെ പലതരത്തിലുള്ള ചിന്താഗതിയുള്ളവർ.

സംശയാലുക്കളുണ്ട്, നിരീക്ഷകരുണ്ട്. എന്താണ് നടക്കുന്നത് എന്ന് കാണാൻ വരുന്നവരുണ്ട്. എന്തെങ്കിലും കുറ്റം കണ്ടുപിടിക്കാൻവന്ന് നോക്കിയിരിക്കുന്നവരുണ്ട്.

ഈ ആളുകളുടെ ഇടയ്ക്ക് വന്നപ്പോൾ യേശു പറഞ്ഞു "നിങ്ങളുടെ ആരവാരവും കരച്ചിലും എന്തിന്? കുട്ടി മരിച്ചിട്ടില്ല ഉറങ്ങുകയാണ്".

അവരിൽ ചിലർ മുഖത്തോടു മുഖം നോക്കി യേശുവിന് ഇത്രപോലും തിരിച്ചറിയാനുള്ള കഴിവില്ല. വലിയ ഗുരുവാണെന്നാണ് പറയുന്നത്! പ്രവാചകനാണ് എന്നൊക്കെയാണ്! യേശുവിന് ഒന്നും അറിയാൻ പാടില്ലല്ലോ, കുട്ടി മരിച്ചു കിടക്കുന്നു. കുട്ടിയെ നോക്കിയിട്ട് ഉറങ്ങുകയാണെന്ന് പറയുന്നു! എന്തൊരു വിഡ്ഢിത്തം! ചിലര് പുച്ഛത്തോടുകൂടിയാണ് അത് കേട്ടത്. ചിലർ പരിഹസിച്ചു. മർക്കോസ്. 5:39

യേശു അതൊന്നും ഗൗനിച്ചില്ല. ആളുകൾ പരിഹസിക്കുന്നതും വിമർശിക്കുന്നതും നോക്കിയാൽ ശുശ്രൂഷ നിവർത്തിക്കാൻ പറ്റുമോ?

കർത്താവിന്റെ വേല ചെയ്യാനാണെങ്കിൽ ആളുകൾ എന്തു പറയുന്നു എന്ന് നോക്കാതെ മുന്നോട്ട് പോകണം. മഹാകവി ജി. ശങ്കരക്കുറുപ്പ് പണ്ട് പാടിയതുപോലെ

"ആയിരം മണിയുടെ നാവടക്കീടാം
ഒറ്റവായിലെ നാവ്
ആർക്കാനു മടക്കാൻ കഴിയുമോ"

മനുഷ്യന്റെ നാവടക്കാൻ ആർക്കെങ്കിലും കഴിയുമോ? ആളുകൾ പറയുന്നത് കേട്ടിട്ട് നമുക്ക് നിൽക്കാൻ പറ്റില്ല, ഒരു മഹദ്വച

നമുണ്ടല്ലോ:

പട്ടികൾ കുരയ്ക്കട്ടെ; യാത്രക്കാർ മുന്നോട്ടു പോകട്ടെ, "Let the dogs bark, travellers may go"

പട്ടികൾ കുരച്ചുകൊണ്ടിരിക്കും. അത് കണ്ട് യാത്രക്കാർ പേടിച്ച് നിൽക്കണ്ട. പറമ്പിൽ നിന്ന് പട്ടി കുരച്ചുകൊണ്ടിരിക്കട്ടെ, യാത്രക്കാർ മുന്നോട്ടുപോകാൻ മടിക്കേണ്ട.

കർത്താവ് നേരെ ഈ കുട്ടിയുടെ അടുക്കലേക്ക് ചെന്നു. കർത്താവ് പറഞ്ഞു: വേറെ ആരും വേണ്ട ഈ മുറിയിൽ, അപ്പനും അമ്മയും നിൽക്കട്ടെ, ബാക്കിയുള്ളവർ പോകട്ടെ.

പത്രോസും യാക്കോബും യോഹന്നാനും ഉണ്ട്. കർത്താവും ഉണ്ട്. കുട്ടിയുടെ അപ്പനും അമ്മയും ഉണ്ട്. ശവശരീരം അവിടെ കിടപ്പുണ്ട്. കർത്താവ് ചെന്ന് മരിച്ചുകിടക്കുന്ന കുട്ടിയുടെ കയ്യിൽ പിടിച്ചിട്ട് “ബാലേ എഴുന്നേൽക്ക” എന്ന് ഞാൻ നിന്നോട് കല്പ്പിക്കുന്നു – “തലീഥാ കൂമി”

ശരീരത്തിൽ നിന്ന് പാതാളത്തിലേക്ക് പോയ ആത്മാവിനെ സൃഷ്ടാവിന്റെ സ്വരം പാതാളത്തിന്റെ ആഴങ്ങളിൽ നിന്ന് ഉദ്ധരിച്ച് കൊണ്ടുവന്നു.

കുട്ടി കണ്ണുതുറന്നു. യേശുക്രിസ്തു കുഞ്ഞിന്റെ കയ്യിൽ പിടിച്ച് അപ്പന്റെയും അമ്മയുടെയും കയ്യിലേക്ക് കൊടുത്തു. അവൾക്ക് എന്തെങ്കിലും ഭക്ഷിക്കാൻ കൊടുക്കൂ, എന്ന് കർത്താവ് പറഞ്ഞു.

ഉയർത്തെഴുന്നേൽപ്പിച്ച സംഭവം മരിച്ചുപോയ ആത്മാവ് വചനം കേട്ട് ഉയർത്തെഴുന്നേൽക്കുന്നതിന്റെ പ്രതീകമാണ്. മരിച്ചുപോയ

ആത്മാവ് ഉയർത്തെഴുന്നേൽക്കും. പാപം മൂലം മരിച്ചുപോയ ആത്മാവ് ഉയർത്തെഴുന്നേൽക്കുവാൻ യേശുക്രിസ്തുവിന്റെ ശബ്ദം കേൾക്കണം. യേശുക്രിസ്തുവിന്റെ വചനം കേൾക്കണം.

"സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും, പിതാവിൽ നിന്ന് പുറപ്പെട്ട് പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തരം സംസാരിച്ചവനുമായി ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായുടെ" വചനം.

നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തരം സംസാരിച്ചവനാണ് ജീവനുള്ള വിശുദ്ധ റൂഹാ. പരിശുദ്ധാത്മാവ് , സകലത്തേയും ജീവിപ്പിക്കുന്ന കർത്താവാണ്, പിതാവിൽ നിന്ന് പുറപ്പെട്ടവനാണ്, പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനാണ്. പ്രവാചകന്മാരിൽ കൂടെയും ശ്ലീഹന്മാരിൽ കൂടെയും സംസാരിച്ചവനാണ്.

കഴിഞ്ഞ 2000 വർഷമായി കർത്താവായ യേശുക്രിസ്തു തനിക്കുവേണ്ടി വിട്ടുകൊടുക്കപ്പെട്ട തന്റെ വിശുദ്ധന്മാരുടെ നാവിൽക്കൂടി സംസാരിച്ചുകൊണ്ടിരിക്കുന്നു. അനേകമനേകം മരിച്ചുപോയ ആത്മാക്കളാണ് ജീവൻ പ്രാപിച്ചത്!

ദൈവമക്കളെ, ഇതാണ് ദൈവത്തിന്റെ 'പരിശുദ്ധാത്മാവിന്റെ വ്യാപാരം, 'പരിശുദ്ധാത്മാവിന്റെ ശക്തി'.

മൃതിപ്പെട്ടുപോയ ആത്മാവ് ജീവൻ പ്രാപിക്കാൻ ക്രിസ്തുവിന്റെ സ്വരം കേൾക്കണം.

> "മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കയും, കേൾക്കുന്നവർ ജീവിക്കയും ചെയ്യുന്ന നാഴിക വരു

ന്നു. ഇപ്പോൾ വന്നുമിരിക്കുന്നു”

യോഹ 5:25

മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കുകയും കേൾക്കുന്നവർ ജീവിക്കുകയും ചെയ്യുന്ന നാഴിക ഇപ്പോൾത്തന്നെ വന്നിരിക്കുന്നു. ഇനി വരാൻ പോകുന്നു. മരിച്ചവരുടെ ഉയിർത്തെഴുന്നേൽപ്പ് ഇനി കർത്താവിന്റെ രണ്ടാമത്തെവരവിൽ നടക്കും.

ഇപ്പോൾ വന്നുമിരിക്കുന്നു. ഇപ്പോൾ തന്നെ ആത്മാവിൽ ജീവൻ പ്രാപിക്കാം.

ജീവൻ പ്രാപിക്കാൻ നാം പല നാളേക്ക് മാറ്റിവയ്ക്കണ്ട. ഇപ്പോൾത്തന്നെ, വേണമെങ്കിൽ, ജീവൻ പ്രാപിക്കം.

ഭയങ്കരമായ ഇരുട്ടുള്ള ഒരു മുറി. മുറിക്കകത്ത് മുഴുവൻ കൂരിരുട്ടാണ്.

വാതിൽ തുറന്നു കടന്നു ചെന്നപ്പോഴ് പാമ്പ് ഓടുന്നു, നരച്ചീറ് വവ്വാല് മുതലായവയെല്ലാം പറന്നകലുന്നു. ചീവിടുകൾ ശബ്ദിക്കുന്നു. അവിടെ ടോർച്ച് തെളിച്ചപ്പോൾ തേളും മറ്റു ജീവികളും ഇരുട്ടിലേക്ക് ഒളിച്ചിരിക്കാനായി മാറുന്നു.

അവിടെ ഒരു വിളക്ക് കത്തിച്ചുവച്ചു.

പലരുടെ ഹൃദയത്തിന്റെ അവസ്ഥയാണിത്. ഭയങ്കര പിശാചുകളൊക്കെ ഇറങ്ങിപ്പോയി, എങ്കിലും പൂർത്തിയായില്ല.

മുറി ഇനി നല്ലതുപോലെ അടിക്കണം. വെളിച്ചത്തിലിരുന്ന് നോക്കി നല്ല പോലെ തൂത്ത്, മാറാലകൾ, വിരുത്താമ്പലുകൾ മുതലായവ മാറ്റണം. അവിടവിടെ പൊടിപടലങ്ങൾ പിടിച്ചിരിപ്പുണ്ട്.

എല്ലാം നല്ലതുപോലെ അടിച്ച് തൂത്ത് വൃത്തിയാക്കി കഴുകണം. മുറിയൊന്ന് വൈറ്റ് വാഷ് ചെയ്ത് വൃത്തിയാക്കണം. എന്നിട്ടേ ഇതിൽ വസിക്കാൻ പറ്റൂ.

ക്രിസ്തുവിന്റെ വചനമാകുന്ന ദീപം കത്തിച്ചു തരുന്നു. ആ വെളിച്ചത്തിൽ ഇരുന്നുകൊണ്ട് നാം സ്വയം പരിശോധിക്കണം.

അടിച്ച് തൂത്ത് മൂലയിൽ ചേർത്തിട്ടു. വാരിക്കളഞ്ഞില്ല. എല്ലാം പിന്നെയും പടർന്ന് പിടിച്ചിരിക്കുന്നു.

തൂത്ത് മൂലയ്ക്കിട്ടാൽ പോര; തൂത്ത് വാരി വെളിയിൽ കള യണം.

ചിലരങ്ങനെയാണ്. അനുതപിക്കും, പാപങ്ങൾ കണ്ടുപിടി ക്കും, അതെല്ലാം ഏറ്റുപറയും, പക്ഷേ ഉപേക്ഷിക്കുന്നില്ല. പിന്നെയും വരുന്നു.

ഓരോ പ്രാവശ്യവും വചനം കേൾക്കുമ്പോൾ കിട്ടുന്ന വചനം വച്ചുകൊണ്ട് നിങ്ങളെ തന്നെ ശോധന ചെയ്യണം.

സമർപ്പണവും തീരുമാനവും എടുക്കണം. പാപങ്ങളെല്ലാം എന്നേക്കുമായി ഉപേക്ഷിക്കണം.

കൂട്ടായ്മയ്ക്ക് തുടർന്ന് വന്നുകൊണ്ടിരിക്കണം, വചനം കേട്ടുകൊണ്ടിരിക്കണം. ബൈബിൾ വായിച്ചുകൊണ്ടിരിക്ക ണം. അനുഗ്രഹിക്കപ്പെട്ട പുസ്തകങ്ങൾ വായിച്ചുകൊണ്ടി രിക്കണം. അങ്ങനെ നിരന്തരം കർത്താവിനോടുള്ള ബന്ധ ത്തിൽ നിൽക്കണം.

ആത്മാവിന്റെ ജീവൻ നിങ്ങൾക്ക് പ്രധാന വിഷയമാണോ? ആത്മാവിന്റെ ജീവനിൽ ക്രിസ്തുവിനോട് ചേർന്ന് ജീവിക്കുന്നത്

നിങ്ങളുടെ മുഖ്യപരിഗണനയായോ?

കഴിഞ്ഞതെല്ലാം യേശുക്രിസ്തു പൊറുത്തുതരും. നിങ്ങൾ സംശയിക്കേണ്ട; എല്ലാം ക്ഷമിച്ച് തരും. കൊലപാതകങ്ങൾ, ഗർഭ ച്ഛിദ്രങ്ങൾ, മോഷണങ്ങൾ, കവർച്ചകൾ, പലരുടെയും ഉള്ള് നിങ്ങൾ മുറിപ്പെടുത്തിയത്, പല കുടുംബങ്ങൾ നിങ്ങൾ മൂലം തകർന്നത് എല്ലാമെല്ലാം ക്ഷമിച്ചു തരുന്ന സ്നേഹവാനായ യേശു ജീവിക്കുന്നു.

ദൈവപൈതലേ, നിന്റെ ജീവിതത്തിൽ വന്നുപോയതെല്ലാം ക്ഷമിച്ചു തരാൻ യേശുക്രിസ്തുവിന് കഴിയും; യേശുക്രിസ്തു വിന് മനസ്സാണ്, ഇനി എന്ത് എന്ന് മാത്രമേ കർത്താവ് ചോദി ക്കുന്നുള്ളൂ.

വചനം ജീവനാണ്. വചനം ശക്തിയാണ്. വചനം ആത്മാവാ ണ്. വചനം ക്രിസ്തുവിന്റെ സ്വരമാണ്. വചനം ദൈവത്തിന്റെ പരിശുദ്ധാത്മാവാണ്. വചനം ജീവന്റെ ജീവനാണ്. വചനം ജീവന്റെ ആത്മാവാണ്. വചനം ജീവിപ്പിക്കുന്ന ആത്മാവാണ്. വച നമാണ് നിങ്ങൾ വായിച്ചുകൊണ്ടിരിക്കുന്നത്.

ഈ വചനത്തിന്റെ മുന്നിൽ നിങ്ങൾ ഇപ്പോൾ താഴുമോ? നിങ്ങളുടെ ഹൃദയം നിങ്ങൾ താഴ്ത്തുമോ? നിങ്ങൾ ഒരു പുതിയ തീരുമാനം എടുക്കുമോ?

കർത്താവേ, എനിക്ക് ഈ നിമിഷം വരെ ജീവിച്ചതു പോലെയല്ല ഒരു പുതിയ മനുഷ്യനായി ജീവിക്കണം.

നിങ്ങൾക്ക് ദൈവത്തോട് പറയാം. ദൈവകരങ്ങളിലേക്ക് നിങ്ങളെ ഏല്പിക്കാം. ദൈവകരങ്ങളിൽ നിങ്ങളെത്തന്നെ ഭരമേ ല്പിച്ചു കൊണ്ട് ഇപ്പോൾ നിങ്ങൾക്ക് വീണ്ടും തീരുമാനങ്ങൾ

പുതുക്കാം.

കരുണയുള്ള കർത്താവേ, ഈ മനോഹരമായ സമയത്തിനായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ഞങ്ങൾ നിന്നെ സ്തോത്രം ചെയ്യുന്നു. അവിടുത്തെ ജീവദായകമായ തിരുവചനങ്ങൾക്കായി കർത്താവേ ഞങ്ങൾ നിന്നെ സ്തോത്രം ചെയ്യുന്നു. ഈ വചനം വായിച്ച നിന്റെ ഈ മക്കളെ എല്ലാവരെയും തഴുകണമേ.

പാപത്തിന്റെ ബന്ധനത്തിൽ കുടുങ്ങി കിടക്കുന്നവരെ വിടുവിക്കണമെ. ഒരു പുതിയ ജീവിതത്തിനുള്ള ആഗ്രഹം എല്ലാവർക്കും നൽകണമെ; അവിടുത്തെ പരിശുദ്ധാത്മാവിനെ ഓരോരുത്തരുടേയും മേൽ ഊതണമേ, അവിടുത്തെ തൃക്കരം ഓരോരുത്തരുടെയും ശിരസ്സിൽ വെയ്ക്കണമെ.

## രണ്ട്

## ഉയിർപ്പിക്കുന്ന ഭുജങ്ങൾ

"പിറ്റേന്നാൾ അവൻ നയീൻ എന്ന പട്ടണത്തിലേക്ക് പോകുമ്പോൾ അവന്റെ ശിഷ്യന്മാരും വളരെ പുരുഷാരവും കൂടെ പോയി. അവർ പട്ടണത്തിന്റെ വാതിലോട് അടുത്തപ്പോൾ മരിച്ചുപോയ ഒരുത്തനെ പുറത്ത് കൊണ്ടുവരുന്നു. അവൻ അമ്മയ്ക്ക് ഏകജാതനായ മകൻ, അവളോ വിധവ ആയിരുന്നു. പട്ടണത്തിലെ ഒരു വലിയ പുരുഷാരവും അവളോട് കൂടെ ഉണ്ടായിരുന്നു. അവളെ കണ്ടിട്ട് കർത്താവ് മനസ്സലിഞ്ഞ് അവളോട് കരയേണ്ടാ എന്നു പറഞ്ഞു; അവൻ അടുത്തുചെന്ന് മഞ്ചം തൊട്ടു. ചുമക്കുന്നവർ നിന്നു. ബാല്യക്കാരാ എഴുന്നേല്ക്ക എന്നു ഞാൻ നിന്നോട് പറയുന്നു എന്ന് അവൻ പറഞ്ഞു. മരിച്ചവൻ എഴുന്നേറ്റിരുന്നു സംസാരിപ്പാൻ തുടങ്ങി, അവൻ അവനെ അമ്മയ്ക്ക് ഏൽപ്പിച്ചു

> കൊടുത്തു. എല്ലാവർക്കും ഭയം പിടിച്ചു; ഒരു വലിയ പ്രവാചകൻ നമ്മുടെ ഇടയിൽ എഴുന്നേററിരിക്കുന്നു; ദൈവം തന്റെ ജനത്തെ സന്ദർശിച്ചിരിക്കുന്നു എന്ന് പറഞ്ഞു ദൈവത്തെ മഹത്വീകരിച്ചു. അവനെക്കുറിച്ചുള്ള ഈ ശ്രുതി യഹൂദ്യയിലൊക്കെയും ചുറ്റുമുള്ള നാടെങ്ങും പരന്നു"
>
> ലൂക്കൊസ് 7:11–17.

ഒരു ബാല്യക്കാരനെ കർത്താവ് ഉയിർത്തെഴുന്നേല്പിച്ച സംഭവമാണ് ഇവിടെ വിവരിച്ചിരിക്കുന്നത്.

ദൈവത്തിന്റെ ഉയിർത്തെഴുന്നേല്പിക്കുന്ന ഭുജങ്ങൾ, Resurrecting Hands.

കഴിഞ്ഞ അദ്ധ്യായങ്ങളിലായി നാം പുനരുത്ഥാനത്തെക്കുറിച്ച് ചിന്തിച്ച് വരികയായിരുന്നു.

ക്രിസ്തു ഉയിർപ്പിക്കുന്നു. ഇന്ന് ആത്മാവിൽ മരിച്ച് കിടക്കുന്നവരെ ഉയിർപ്പിക്കും. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിൽ വിശുദ്ധന്മാരെ ഉയർത്തെഴുന്നേല്പ്പിക്കും.

> "മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കുകയും കേൾക്കുന്നവർ ജീവിക്കുകയും ചെയ്യുന്ന നാഴിക വരുന്നു, ഇപ്പോൾ വന്നുമിരിക്കുന്നു."
>
> യോഹ. 5:25

ഞാൻ മാനസാന്തരപ്പെട്ട ആദ്യകാലത്ത്, ആത്മാവിൽ മരണം എന്ന് പറയുന്നത് എനിക്ക് മനസ്സിലാവുകയില്ലായിരുന്നു. മാനസാന്തരം കിട്ടിയിട്ടും മനസ്സിലായില്ല.

കൂട്ടായ്മയിലുള്ള ദൈവമക്കൾ ശക്തമായി ആ കാര്യങ്ങൾ പറയുമ്പോൾ ആത്മാവിലെ മരണത്തെക്കുറിച്ച് ഞാൻ ഒന്നും മന സ്സിലാകാതെ ഇരിക്കുമായിരുന്നു. അത് മറ്റാരെയോ ബാധിക്കുന്ന കാര്യമാണ്; എന്നെ ബാധിക്കുന്ന കാര്യമല്ല എന്നാണ് ഞാൻ ചിന്തി ച്ചിരുന്നത്.

"ജീവനുള്ളവൻ എന്ന് നിനക്ക് പേരുണ്ടെങ്കിലും നീ മരിച്ചവ നാകുന്നു. ഉണർന്നു കൊൾക. ചാവാറായ ശേഷിപ്പുകളെ ശക്തീ കരിക്കുക" വെളിപ്പാട്. 3:1–2 എന്ന വേദവാക്യം എനിക്കറിയാമാ യിരുന്നു.

ആ ചെറിയ പ്രായത്തിലും, ഞാൻ വേദപുസ്തകം വായി ക്കുമായിരുന്നു. വേദവാക്യങ്ങൾ ചിലതെല്ലാം കാണാതെ പഠി ക്കുകയും ചെയ്യുമായിരുന്നു. പക്ഷേ അതിന്റെ ആന്തരീകമായ ആശയത്തിന്റെ ഗഹനതയിലേക്ക് ഇറങ്ങാൻ കഴിഞ്ഞിരുന്നില്ല.

ജീവിതത്തിൽ പ്രകടമായ പാപം ഒന്നുമില്ലല്ലോ എന്ന സംതൃ പ്തിയായിരുന്നു എനിക്ക്. രണ്ടു നേരം നമസ്ക്കാരമുണ്ട്. നോമ്പു ണ്ട്, കൃത്യമായ പള്ളിയാരാധന, നല്ല ചിട്ടപ്പെട്ട ജീവിതം, ഓർമ്മ വച്ച കാലം മുതൽ അങ്ങിനെയായിരുന്നു.

പഴയ കാലത്തെ സുറിയാനി ക്രിസ്ത്യാനികളുടെ വീടുകളി ലെല്ലാം അങ്ങിനെയായിരുന്നല്ലേ? ഒരു ചിട്ടയുള്ള ജീവിതം, നോമ്പ്, നമസ്ക്കാരം എന്നുവേണ്ട അങ്ങിനെ എല്ലാ കാര്യങ്ങളിലും ഒരു നിഷ്ഠയും ചിട്ടയും പാലിക്കുന്ന ജീവിതം.

പ്രകടമായ പാപത്തിനൊന്നും പോയിട്ടില്ല. മറ്റുള്ളവരുടെ കാര്യത്തിലൊന്നും ഇടപെടില്ല. അവനവന്റെ കാര്യം മാത്രം നോക്കി, കുറച്ച് കഷ്ടപ്പെട്ടാണെങ്കിലും, യാതനകളും, വേദന കളും, ദുരിതങ്ങളും ഒക്കെ സഹിച്ചു വലഞ്ഞു ജീവിച്ചു വന്ന

ഒരു കാലം.

പഠിച്ചുകൊണ്ടിരുന്നപ്പോൾ പഠിക്കുന്നു. അല്ല കൃഷി ചെയ്യുമ്പോൾ കൃഷി ചെയ്യുന്നു. ഇങ്ങനെയൊക്കെയുള്ള കാര്യങ്ങളിൽ മാത്രം ഒതുങ്ങി നിന്നിരുന്നതുകൊണ്ട് വേറൊരു അപകടമില്ലല്ലോ. കുഴപ്പമില്ലല്ലോ, എന്നുള്ള ധാരണയായിരുന്നു എനിക്കുണ്ടായിരുന്നത്.

തന്നെയുമല്ല മാനസാന്തരപ്പെടുന്നതിനു മുമ്പും പള്ളിയിലെ ശുശ്രൂഷകൾക്ക് ഞാൻ കൂടുമായിരുന്നു. സുറിയാനി പഠിച്ചു. ഗീതങ്ങൾ സുറിയാനിയിൽ എട്ടു രാഗങ്ങളിൽ പാടാൻ പഠിച്ചു. അതിനെല്ലാം ഞാൻ തത്പരനായിരുന്നു. സാധാരണ ഗതിയിൽ മറ്റുള്ളവരുടെ നോട്ടത്തിൽ വലിയ കുഴപ്പമില്ലാത്ത ഒരു മനുഷ്യൻ എന്നു വിചാരിക്കത്തക്ക ഒരു ജീവിതമായിരുന്നതുകൊണ്ട് ഏറെക്കുറെ എനിക്കു ഒരു സംതൃപ്തിയായിരുന്നു എന്നെക്കുറിച്ച് തന്നെ.

പക്ഷേ അത് ഒരു മാരകമായ അവസ്ഥയാണ് എന്ന് ഞാൻ തിരിച്ചറിഞ്ഞു. അത് മാനസാന്തരപ്പെട്ടതിന് ശേഷമാണ്; പിന്നെ തുടരെ വചനം കേട്ടപ്പോഴാണ്.

അതുകൊണ്ടാണ് ഞാൻ സാധാരണ ഇന്നു ആഗ്രഹിക്കുന്നതും പറയുന്നതും. മുടങ്ങാതെ വചനം കേൾക്കണം കേട്ടതു തന്നെയാണെങ്കിലും പിന്നേയും കേൾക്കണം. മുടങ്ങാതെ കൂട്ടായ്മയിൽ വരണം.

ചിലപ്പോൾ നമുക്ക് ഒരു മടുപ്പ് തോന്നും. കാരണം ഇത് ഇന്നലെ കേട്ടതല്ലേ. ഇന്നലെ പറഞ്ഞ ആളല്ലേ ഇന്നും പറയുന്നത്. ഒരു പുതുമയില്ലല്ലോ എന്നു നമുക്കു തോന്നും.

പക്ഷേ നിരന്തരം വചനം ശ്രവിക്കുമ്പോൾ ആന്തരീകമായ ഒരു സംസ്ക്കാരം നമുക്ക് കിട്ടിക്കൊണ്ടിരിക്കും. അകത്തൊരു

പ്രത്യേക വെളിവ് നമുക്ക് കിട്ടിക്കൊണ്ടിരിക്കും.

കേൾക്കുന്ന വചനത്തിന്റെ വാക്കുകളും അക്ഷരങ്ങളുമല്ല നേരെ മറിച്ച് വചന ശുശ്രൂഷയിൽ വ്യാപരിക്കുന്ന ആത്മാവിന്റെ കൃപയും, ശക്തിയും, പ്രകാശവുമാണ് നമുക്ക് ലഭിക്കുന്നത്. ആത്മാവിന്റെ പ്രകാശം നമുക്ക് കിട്ടിക്കൊണ്ടിരിക്കും ആത്മാവിന്റെ ചൂട് നമുക്ക് ലഭിച്ചുകൊണ്ടിരിക്കും.

ആ ചൂട് ചില സമയത്ത് നമ്മുടെ ഉള്ളിൽ തീ ആയിട്ട് തുടങ്ങും. എന്നും തീ ആയിട്ട് കത്തണമെന്നില്ല. ചൂട് പിടിക്കുകയേ ഉള്ളൂ. ഹൃദയത്തിൽ ചൂട് പിടിക്കുക, ധ്യാനത്തിൽ തീ കത്തി എന്നൊക്കെ പറയുന്ന ഒരനുഭവം!

ചൂട് പിടിക്കുക എന്നത് ചിലപ്പോൾ ചിലരിൽ തീ ആയി കത്തും. അങ്ങനെ തീയായി ചിലരിൽ കത്തുന്ന സമയത്ത് വേറെ ചിലരിൽ തീ ആയി കത്തണമെന്നില്ല. ചിലർക്ക് ചൂട് പിടിക്കുന്ന സമയത്ത് മറ്റു ചിലർക്ക് ചൂട് പിടിക്കണമെന്നില്ല.

പക്ഷേ എപ്പോഴാണ് എനിക്ക് ചൂട് പിടിക്കുക എന്ന് എനിക്ക് അറിയാൻ പാടില്ലല്ലോ അതുകൊണ്ട് നാം മുടങ്ങാതെ ഈ തിരുവചനശുശ്രൂഷകൾക്ക് വരണം.

പരിശുദ്ധാത്മാവിന്റെ, ജീവന്റെ വചനമുള്ളിടത്ത് ആരെല്ലാം തടഞ്ഞാലും നാം വരിക. കൂടാതെ നമുക്ക് ആരോടെല്ലാം താല്പര്യമുണ്ടോ, സ്നേഹമുണ്ടോ അവരെയെല്ലാം ക്ഷണിച്ച് നിർബ്ബന്ധിച്ച് കൂട്ടിക്കൊണ്ട് വരിക. കാരണം അവരും രക്ഷപ്പെടട്ടെ. അവരിലും ഈ ചൂട് പിടിച്ച് അവർക്കും കുടുംബങ്ങളിൽ സമാധാനം ഉണ്ടാകട്ടെ. ആത്യന്തിക ഫലം അതാണല്ലോ കുടുംബസമാധാനം.

വചന ശുശ്രൂഷകളിൽ നാം ആരും കാണാതെയും നാം ആരും

നേരിട്ട് മനസ്സിലാക്കാതെയും ഒരു അത്ഭുതശക്തി നമ്മുടെ മേൽ നിഴലിട്ടു കൊണ്ടിരിക്കുകയാണ്. ഒരു അതിശയകരമായ ശക്തി! അത് ക്രിസ്തുവിന്റെ പരമശക്തിയാണ്.

ആ പരമശക്തിയുടെ കീഴിൽ ഇരിക്കുമ്പോൾ ദുരാത്മാക്കൾക്ക് അവിടെ നിൽക്കാൻ ഒക്കുകയില്ല. ആ ചൂടിൽ ദുഷ്ടാത്മാക്കൾക്ക് വാഴുവാൻ പറ്റുകയില്ല. തീയുടെ ചൂട് അടിക്കുന്നിടത്ത് ഉറുമ്പു കൾക്ക് വരാൻ പറ്റില്ലല്ലോ. ചൂട് കുറഞ്ഞ് കുറഞ്ഞ് പോകുന്നേട ത്തൊക്കെയും ഉറുമ്പ് വരും. ചൂട് ശക്തിയായിട്ട് ഉള്ളിടത്തേക്ക് ഉറുമ്പ് വരികയില്ല.

തീക്കനൽ ഉള്ളേടത്ത് ഉറുമ്പിന് അടുക്കാൻ കഴിയുകയില്ല. ക്രിസ്തുവിന്റെ ചൂട് നമ്മുടെ ഉള്ളിൽ ഉണ്ടെങ്കിൽ ദുഷ്ടാത്മാ ക്കൾ നമ്മോട് അടുക്കുകയില്ല. "സർവ്വലോകവും ദുഷ്ടന്റെ അധീ നതയിൽ കിടക്കുന്നു." ഈ ലോകം മുഴുവൻ ദുഷ്ടനായ പൈശാ ചികൻ വാഴുകയാണ്.

പൈശാചിക ശക്തി ലോകത്തെ മുഴുവൻ ഹിംസിച്ചുകൊ ണ്ടിരിക്കുകയാണ്, നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. കുടുംബങ്ങളെ നശിപ്പിക്കുന്നു, ഭിന്നതകൾ ഉണ്ടാക്കുന്നു. ആവലാതികൾ ഉണ്ടാ ക്കുന്നു. അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാക്കുന്നു, രോഗങ്ങൾ ഉണ്ടാ ക്കുന്നു. പിണക്കങ്ങൾ ഉണ്ടാക്കുന്നു. കലഹങ്ങൾ ഉണ്ടാക്കുന്നു. കടങ്ങൾ ഉണ്ടാക്കുന്നു. വലിയ നഷ്ടങ്ങൾ വരുത്തുന്നു. വലിയ വലിയ കഷ്ടതകൾ വരുത്തുന്നു. തീർത്താൽ തീരാത്ത വിധത്തി ലുള്ള വലിയ കെടുതികളും വലിയ ആപത്തുകളും വരുത്തുന്നു. അംഗഭംഗങ്ങൾ ഉണ്ടാക്കുന്നു. പരാജയങ്ങൾ വരുത്തുന്നു. പരീക്ഷകളിൽ തോൽവിയുണ്ടാക്കുന്നു.

എത്രയോ യുവാക്കന്മാരുടെ ജീവിതമാണ് തകരുന്നത്. മക്ക ളെക്കുറിച്ചുള്ള ആവലാതിയാണ് പലരെയും വലയ്ക്കുന്നത്.

മക്കളെക്കുറിച്ചുള്ള സങ്കടം. ഒന്നുകിൽ മോളെ കുറിച്ച്, അല്ലെങ്കിൽ മോനെക്കുറിച്ച് അല്ലെങ്കിൽ മരുമകനെകുറിച്ച്, അല്ലെങ്കിൽ മരുമകളെക്കുറിച്ച്.

പഠിക്കുന്നില്ല, ജീവിതം ഉഴപ്പുന്നു. അല്പം പോലും ഒരു ചുമതലാബോധമില്ല, ദുഷിച്ച ശീലങ്ങൾക്ക് അടിമപ്പെട്ട് പോകുന്നു. മദ്യപാനം അല്ലെങ്കിൽ കഞ്ചാവ്, പുകവലി, അഴുക്കുചിത്രങ്ങൾ, മ്ലേച്ഛമായ കൂട്ടുകെട്ടുകൾ.

നിങ്ങൾ ന്യൂസ് കണ്ടുകൊള്ളൂ. ഒരു നിശ്ചിത സമയം മാത്രം. ഒരു വിദ്യാർത്ഥി അവന്റെ സമയത്തിന്റെ സിംഹഭാഗം, വല്ല വെറിക്കൂത്തും സിനിമയും ബ്ലൂ ഫിലിമുകളും ഒക്കെയായി കളയാൻ പാടില്ല. ഇങ്ങനെയുള്ള അനേകമനേകം ദുഷ്കൃത്യങ്ങളിൽ പെട്ട് യുവതലമുറ നശിച്ചുകൊണ്ടിരിക്കുകയാണ്. കുടുംബങ്ങൾ മുടിഞ്ഞുകൊണ്ടിരിക്കുകയാണ്. മാതാപിതാക്കൾ അസ്വസ്ഥരായിക്കൊണ്ടിരിക്കുകയാണ്.

ഭർത്താവിനെ ഓർത്ത് വിലപിക്കുന്ന ഭാര്യമാർ, ഭർത്താവിന്റെ ദുസ്സ്വഭാവം, ഭർത്താവിന്റെ ചുമതലാ ബോധമില്ലായ്മ, കാര്യപ്പിടിപ്പോടു കൂടി ഒന്നും ചെയ്യുന്നില്ല. മുഴുവൻ നശിപ്പിക്കുകയാണ്. സ്വത്ത് ഉള്ളത് മുഴുവൻ കുടിച്ച് മുടിക്കുകയാണ്. അല്ലെങ്കിൽ എല്ലാം ധാരാളിത്തമായി ചിലവഴിച്ച് കളയുകയാണ്. ഒരു ചുമതലാ ബോധവുമില്ല എന്നിങ്ങനെ എത്രയോ കെടുതികൾ.

മക്കൾ വളരുന്നു. അവരുടെ പഠിത്തം, അവരുടെ വിവാഹം, അതൊന്നും ചിന്താവിഷയമല്ല. അത് നടക്കട്ടെ, നടക്കാതിരിക്കട്ടെ. അദ്ദേഹത്തിനത് വിഷയമല്ല. പാവം ഭാര്യ, വലയുകയാണ്, എന്താണതിന് പരിഹാരം?

ഇങ്ങനെ ജീവിതത്തിൽ തകർന്ന് നശിച്ചുകൊണ്ടിരിക്കുന്ന

സമൂഹത്തിൽ ജീവിക്കുമ്പോൾ നമ്മിൽ ചൂട് പിടിച്ചുകൊണ്ടിരുന്നാൽ ദുരാത്മാക്കൾ നമ്മിൽ നിന്ന് മാറി നിൽക്കും. ദുഷ്ടാത്മാക്കൾ നമ്മെ തൊടാതെ മാറി നിൽക്കും. ചൂട് പിടിച്ച് നിൽക്കണം. ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ചൂട് നമ്മിൽ ഉണ്ടായിരിക്കണം.

നിത്യജീവൻ നഷ്ടപ്പെടാൻ പാടില്ല. എന്റെ ആത്മാവ് മരിച്ച് കിടക്കാൻ പാടില്ല. മരിച്ച ആത്മാവിന് ജീവൻ വേണം. നമുക്ക് വീടുണ്ട്, പക്ഷേ ആത്മാവ് മരിച്ചുകിടന്നാൽ നമുക്ക് എന്തുപ്രയോജനം? മക്കളുണ്ട്. ആത്മാവ് മരിച്ചിരിക്കുന്നു എങ്കിൽ എന്ത് പ്രയോജനം?

നമുക്ക് ജോലിയുണ്ട്, നല്ല വിദ്യാഭ്യാസമുണ്ട്. ആത്മാവ് മരിച്ചിരിക്കുന്നു എങ്കിൽ എന്ത് പ്രയോജനം? നമുക്ക് ശമ്പളമുണ്ട്, അതല്ലെങ്കിൽ നല്ല ആരോഗ്യമുണ്ട്, നല്ല സൗന്ദര്യമുണ്ട്, നല്ല ബന്ധുബലമുണ്ട്, നല്ല ചാർച്ചക്കാരുണ്ട് പക്ഷേ ആത്മാവ് മരിച്ചിരിക്കുന്നു എങ്കിൽ?

ഇന്നു ഞാൻ കടന്നുപോയാൽ എവിടെ? കാര്യം ഗൗരവമാണ്. ഇന്നു ഞാൻ കടന്നുപോയാൽ സ്വർഗ്ഗരാജ്യത്തിലെത്തുമോ?

പലപ്പോഴും ഈ യാഥാർത്ഥ്യം നാം ചിന്തിക്കാറില്ല. ഇതൊരു വലിയ പരമ സത്യമാണ്. ഇന്ന് ഈ ഭൂമിയിൽ നിന്ന് ഞാൻ കടന്നുപോയാൽ ഞാൻ എവിടെ? ചിന്തിച്ചിട്ടുണ്ടോ?

ഇന്ന് രാത്രി എന്റെ കർത്താവേ, അവിടുന്ന് രണ്ടാമത് വരുന്നെങ്കിൽ, ഞാൻ സ്വീകരിക്കപ്പെടുന്നവരോടൊപ്പം കാണുമോ?

എപ്പോഴും ഈ ഒരു ചിന്ത നമ്മുടെ ഹൃദയത്തിൽ ഉണ്ടായിരിക്കണം . ആ ചിന്ത ഉണ്ടെങ്കിൽ അഴുക്കിലേക്ക് പോകാൻ സാധ്യമല്ല. തെറ്റിലേക്ക് തിരിയാൻ സാധ്യമല്ല. ഒരു ക്രമക്കേടിലേയ്ക്ക്

നീങ്ങാൻ നമുക്ക് സാധ്യമല്ല. വഴക്കടിക്കാൻ നമുക്ക് സാധ്യമല്ല.

താല്ക്കാലികമായ ലാഭത്തിന്നുവേണ്ടി നിത്യസമാധാനം നഷ്ട പ്പെടുത്താൻ നമുക്ക് സാധ്യമല്ല. വെറും ക്ഷണിക സന്തോഷത്തിനു വേണ്ടി നിത്യ സൗഭാഗ്യം കളഞ്ഞു കുളിക്കാൻ നമുക്ക് തോന്നു കയില്ല. കാരണമെന്ത്? നിത്യജീവനാണ് ലക്ഷ്യം.

ആത്മാവ് മരിച്ചിരിക്കുന്നു. "മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കുകയും കേൾക്കുന്നവർ ജീവിക്കുകയും ചെയ്യുന്ന നാഴിക വരുന്നു. ഇപ്പോൾ വന്നുമിരിക്കുന്നു."

വിധവയായ ഒരു സ്ത്രീക്ക് ഒരേ ഒരു മകൻ, അവനാണ് മരി ച്ചുപോയത്. അതിനു മുമ്പ് ഏതോ ഒരു സമയത്ത് ഭർത്താവ് മരിച്ച് ഭർത്താവിന്റെ ശവശരീരം സെമിത്തേരിയിലേക്ക് കൊണ്ടുപോയ പ്പോൾ ഏങ്ങലടിച്ച് കരഞ്ഞുകൊണ്ട് ആ ശവസംസ്ക്കാര യാത്ര യിൽ ഈ മോൻ അവളുടെ കയ്യിൽ പിടിക്കാനുണ്ടായിരുന്നു. മോന്റെ കയ്യിൽ പിടിച്ചുകൊണ്ടാണ് അന്ന് പോയത്.

ഇന്ന് അവന്റെ ശവശരീരം ആണ് കൊണ്ടുപോകുന്നത്. ആ സ്ത്രീയുടെ ഹൃദയം വെന്തുനീറുകയാണ്. കാരണം, ഭർത്താവോ പോയി. പിന്നെ ഒരു പ്രതീക്ഷയുള്ളത് ഈ മോനിലാണ്. ആ മോനും തീർന്നു. അവനേയും സംസ്ക്കരിക്കാൻ പോവുകയാണ്.

ഒരിക്കൽ ഭർത്താവിന്റെ ശവശരീരം കൊണ്ടുപോയ അതേ വഴിയിൽ കൂടി ഇപ്പോൾ മകന്റെ ശവമഞ്ചം ചുമന്നുകൊണ്ട് ആളു കൾ പോകുന്നു. ആ ശവസംസ്ക്കാര യാത്രയിൽ ഈ പാവം വിധവ ഏങ്ങലടിച്ചുകൊണ്ട് പുറകേ പോകുന്നു.

ഈ ശവസംസ്ക്കാര യാത്ര അങ്ങോട്ട് പോകുമ്പോൾ വേറൊരു കൂട്ടം ഇങ്ങോട്ട് വരുന്നു. ഇങ്ങോട്ടു വരുന്നവരുടെ മുഖമെല്ലാം പ്രസന്നമാണ്. നിറഞ്ഞ ശാന്തി അവരുടെ മുഖത്ത്

കാണാം. അവരുടെ മുമ്പേ യേശു നടന്നുവരുന്നുണ്ട്.

യേശുവും കൂടെയുള്ളവരും ഒരു വലിയ അത്ഭുതം കഴിഞ്ഞിട്ടാണ് വരുന്നത്.

ഒരു ശതാധിപന്റെ ദീനം പിടിച്ച് മരിപ്പാറായ ഒരു ദാസന് സൗഖ്യം നൽകിയതിന് ശേഷമാണ് യേശു വരുന്നത്. ജനങ്ങൾ ആവേശഭരിതരായിരിക്കുകയാണ്. ജനസമൂഹം നല്ല സന്തോഷത്തോടെയാണ് യേശുവിന്റെ പിറകേ വരുന്നത്.

നാട്ടിലെ ഒരു മേലുദ്യോഗസ്ഥന്റെ, പട്ടാള കമാൻഡറുടെ ദാസൻ മരിക്കാറായി കിടക്കുകയായിരുന്നു. ശതാധിപൻ യേശുവിന്റെ അടുക്കൽ ആളയച്ച് പറയിച്ചു.

“നീ എന്റെ പുരയ്ക്കകത്ത് വരുവാൻ ഞാൻ പോരാത്തവനാണ്. നിന്റെ അടുക്കൽ വരുവാനും ഞാൻ യോഗ്യനെന്ന് എനിക്ക് തോന്നിയിട്ടില്ല. കർത്താവേ, അവിടുന്ന് ഒരു വാക്ക് കല്പിച്ചാൽ എന്റെ ബാല്യക്കാരന് സൗഖ്യം വരും”

കർത്താവ് ഇങ്ങനെ മാത്രമേ പറഞ്ഞുള്ളൂ. “യിസ്രായേൽ കൂടെ ഇങ്ങനെയുള്ള വിശ്വാസം ഞാൻ കണ്ടിട്ടില്ല എന്ന് ഞാൻ നിങ്ങളോട് പറയുന്നു”

ഈ ശതാധിപനോട് കർത്താവ് അപ്പോൾ ഒന്നും പറയുന്നില്ല. പക്ഷേ ശതാധിപൻ പറഞ്ഞയിച്ചിരുന്നവൻ തിരികെ വീട്ടിൽ ചെന്നപ്പോൾ , ദാസൻ സൗഖ്യമായി കിടക്കുന്നു. എന്തൊരതിശയം!

നാടിളകുകയാണ്. നാട്ടിലാകെ വലിയ സന്തോഷം. ആ സന്തോഷത്തിന്റെ പ്രസരിപ്പിൽ ആളുകൾ എല്ലാം യേശുവിനെ കാണാൻ വന്നുകൊണ്ടിരിക്കുകയാണ്.

യേശുവിന്റെ കൂടെ പോകുന്നവർക്ക്, എന്നും പ്രസന്നതയാ

ണ്. ജോലി കിട്ടിയില്ലെങ്കിലും പ്രസന്നതയാണ്. രോഗം വന്നാലും പ്രസന്നതയാണ്. ചികിത്സ ഫലപ്പെട്ടില്ലെങ്കിലും പ്രസന്നതയാണ്. ബിസിനസ്സ് തകർച്ചയാണെങ്കിലും പ്രസന്നതയാണ്. കാരണം അത്യുന്നതൻ കൂടെയുണ്ട്.

സഹോദരങ്ങളെ, ജീവനുള്ള ദൈവം, അറിയാതെ ഒന്നും സംഭവിക്കുകയില്ല. ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം നന്മയ്ക്കാക്കാൻ യേശുവിന് കഴിയും എന്നുള്ള ഉറപ്പ് ക്രിസ്തുവിനോട് കൂടെയുള്ളവർക്ക് ഉണ്ട്.

പ്രസന്നതയുള്ള ആ സമൂഹത്തെ ഇപ്പോൾ നേരിടുന്നത് വിലപിക്കുന്ന ഒരു സമൂഹമാണ്. എല്ലാവരുടെയും മുഖം മ്ലാനം. എല്ലാവരും വാടിയിരിക്കുന്നു. എല്ലാവരും കണ്ണുനീരൊപ്പുന്നു.

എല്ലാവരുടെയും ഉള്ളിൽ സഹതാപം ഉണ്ട്. ലോകത്തിന്റെ ഒരു സ്വഭാവം അതാണ്. ഏതെങ്കിലും കാര്യത്തിൽ നമുക്കൊരു ക്ഷീണം സംഭവിച്ചാൽ ആളുകൾക്ക് നമ്മോട് സഹതാപം ഉണ്ട്. പക്ഷേ എവിടെയെങ്കിലും നമുക്ക് പയ്യെ ഒരു ഉയർച്ച വന്നാലോ എല്ലാവർക്കും അസൂയ ആയിരിക്കും.

ഇവിടെ ഈ പാവപ്പെട്ട സ്ത്രീയോട് എല്ലാവർക്കും ഒരു സഹതാപം. കൂടെയുള്ള ആളുകൾ എല്ലാം കരയുകയാണ്. കരയുന്ന സമൂഹം അങ്ങോട്ട്; ചിരിക്കുന്ന സമൂഹം ഇങ്ങോട്ട്, രണ്ടും കൂടി സന്ധിച്ചു.

ഈ രണ്ട് സമൂഹത്തിൽ ഏതെങ്കിലും ഒന്നിലാണ് നാം ഓരോരുത്തരും.

ഒന്നുകിൽ കരയുന്ന സമൂഹത്തിൽ അല്ലെങ്കിൽ ചിരിക്കുന്ന സമൂഹത്തിൽ. പുറമെ ചിരിക്കുമ്പോഴും ഉള്ള് കരയുന്നുണ്ടാകും. ഉള്ളിൽ നീറുന്ന പ്രശ്നങ്ങൾ കാണും. നാം അതിനെ മറക്കാൻ

ചിലപ്പോൾ ചിരിക്കും. ചിലപ്പോൾ നാം ആ കരച്ചിൽ ഉള്ളിൽ ഒതുക്കും.

സ്നേഹിതരെ, നിങ്ങൾ കരയുന്ന സമൂഹമാണെങ്കിൽ, നിങ്ങളെ ചിരിക്കുന്നവരാക്കാൻ യേശു എതിരെ വരുന്നുണ്ട്.

ഇതൊരു പരമ സത്യമാണ്. എവിടെ ദുഃഖമുണ്ടോ, യേശു അവിടെ വരുന്നെങ്കിൽ ദുഃഖം മാറും, അവിടെ സന്തോഷം ഉണ്ടാകും.

നിങ്ങളുടെ ജീവിതത്തിൽ ഒട്ടേറെ ദു:ഖ വിഷയങ്ങളില്ലേ? എന്തെല്ലാം മ്ലാനതകൾ ഉണ്ട്. ചിലപ്പോൾ നിങ്ങൾക്ക് 'ഇനി എന്റെ ഈ മ്ലാനതകളുണ്ടോ മാറാൻ പോകുന്നു' എന്ന് തോന്നും.

ഞാൻ അങ്ങിനയൊക്കെ ചിന്തിച്ചിട്ടുള്ള കാലങ്ങൾ ഉണ്ട്. ഈ ജീവിതമുണ്ടോ ഇനി മാറാൻ പോകുന്നു. ഇതുണ്ടോ ഇനി ശരി യാകാൻ പോകുന്നു. എനിക്കുണ്ടോ ഒരു തലയെടുപ്പ് കിട്ടാൻ പോകുന്നു. എനിക്കുണ്ടോ ഇനി മുന്നോട്ടൊരു ഗതി കിട്ടാൻ പോകു ന്നു എന്നൊക്കെ ഞാനോർത്തിട്ടുണ്ട്. അപകർഷതാബോധം എന്റെ ഹൃദയത്തിൽ തളംകെട്ടിയിരുന്നു.

നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾ ഇന്ന് മ്ലാനവദരാണെങ്കിൽ, നിങ്ങളുടെ വിഷാദം മാറ്റാൻ അത്ഭുതങ്ങളുടെ ഉടയവന് കഴിയും. അവനിൽ ആശ്രയിക്കുക.

യേശു നേരെ വരുന്നു. യേശുവിന്റെ സന്തോഷത്തിൽ പങ്കാ ളികളായ ഒരു കൂട്ടം ആളുകളും കൂടെ വരുന്നു.

ഈ പാവം സ്ത്രീ, നടക്കുമ്പോൾ എത്തിച്ചെല്ലുന്നില്ല. ശവ മഞ്ചം ചുമന്ന്കൊണ്ട് പോകുന്നവർ വേഗം പോവുകയാണ്. ഇവൾ നടപ്പ് നല്ല വേഗത്തിൽ ആക്കുമ്പോൾ കിതച്ച് പോകുന്നു.

പാവം ഇടയ്ക്കിടക്ക് കണ്ണുനീരൊപ്പും. ഇടയ്ക്ക് ആ ശവമഞ്ച ത്തിലേക്ക് നോക്കും. പിന്നെ തലതാഴ്ത്തി, പാവം പോവുകയാണ്. ആ സ്ത്രീയോട് ചേർന്ന് അയൽക്കാർ ആരൊക്കെയോ ഉണ്ട്. ഒരു കൂട്ടം ആളുകൾ, കരയുന്ന ഒരു കൂട്ടം കൂടെയുണ്ട്. കരയുന്ന ഒരു സമൂഹം.

ഒരു കൂട്ടം ആളുകൾ അവിടുന്ന് ഇങ്ങോട്ട് വരുന്നത് യരുശലേം നഗരത്തിലേക്കാണ്, വേറൊരു കൂട്ടം ആളുകൾ അങ്ങോട്ട് പോകു ന്നത് സെമിത്തേരിയിലേക്കാണ്. ഒരു കൂട്ടം ആളുകൾ നഗരത്തി ലേക്ക് പോകുന്നവരാണ്. വേറൊരു കൂട്ടം ആളുകൾ സെമിത്തേരി യിലേക്ക് പോകുന്നവരാണ്.

നാം സ്വർഗ്ഗീയ നഗരത്തിലേക്ക് യാത്ര ചെയ്യുന്നവരാകണം. സ്വർഗ്ഗീയ നഗരത്തിലേക്ക് യാത്ര ചെയ്യുന്നവരാണെങ്കിൽ യേശു വിന്റെ കൂടെ യാത്ര ചെയ്യും. ദുഃഖത്തിലും, ഭാരത്തിലും ആകു ലതയിലും, നിരാശയിലും പരിഭ്രാന്തിയിലും നാം ഇന്ന് മുന്നോട്ട് പോയ്ക്കൊണ്ടിരിക്കുമ്പോൾ മുഖം വാടിയിരിക്കും. ഹൃദയം മ്ലാനമായിരിക്കും. അകം നീറിക്കൊണ്ടിരിക്കും. പ്രശ്നങ്ങളുടെ മുന്നിൽ നാം വലഞ്ഞുകൊണ്ടിരിക്കും, ആവശ്യ ഭാരങ്ങളുടെ മുന്നിൽ നാം അഴലാർന്നുകൊണ്ടിരിക്കും.

ആവശ്യങ്ങളേയും പ്രതിസന്ധികളെയും അഭിമുഖീകരി ക്കാൻ നമുക്ക് കഴിവില്ല. പലതരത്തിൽ നമ്മുടെ മനസ്സ് വ്യാകുല മായിരിക്കുന്നു. നമ്മുടെ ഹൃദയം പരിഭ്രാന്തമായിരിക്കുന്നു. ഭീതി നമ്മെ വലയം ചെയ്യുന്നു.

നിരാശയുടെ കേന്ദ്രത്തിലേക്കാണ് നമ്മുടെ പലരുടേയും യാത്ര. മരണത്തിന്റെ മുഖത്തേക്കാണ് നമ്മുടെ യാത്ര. ശവശരീര ങ്ങൾ കിടക്കുന്നിടത്തേക്കാണ് നമ്മുടെ യാത്ര. ദുഃഖിതർ കൂടുന്നേ ടത്തേക്കാണ് നമ്മുടെ യാത്ര. എന്നാൽ ഇപ്പോൾ യേശുവിന്റെ കൂടെ

നമുക്ക് കൂടാം. നഗരത്തിലേക്ക് പോകുന്നവരുടെ കൂട്ടത്തിൽ നമുക്ക് കൂടാം, സ്വർഗ്ഗീയനഗരത്തിലേക്ക് യാത്ര ചെയ്യുന്നവരുടെ കൂടെ നമുക്ക് കൂടാം, അവനോട് ചേർന്ന് നമുക്ക് നടക്കാൻ സാധിക്കുമ്പോൾ നമ്മുടെ ജീവിതമാകെ മാറും. നമ്മുടെ ജീവിതത്തിന്റെ കാഴ്ചപ്പാടുകൾ മാറും, നമുക്ക് സമാധാനം ലഭിക്കും.

പറയൂ: "കർത്താവേ ഇത്രയും കാലം എന്റെ ഭാരങ്ങളിൽ മാത്രം താങ്ങിയും എന്റെ വിഷാദങ്ങളിൽ മാത്രം ഒതുങ്ങിയും എന്റെ സ്വന്തം ജീവിതത്തിന്റെ ആകുലങ്ങൾ മാത്രം പേറിയും ഞാൻ കഴിഞ്ഞു. ദുഃഖത്തിന്റെ ഊഷരഭൂമിയിലേക്ക് പോയ്ക്കൊണ്ടിരിക്കുന്ന ഞാൻ, തിരിഞ്ഞ് നാഥാ നിന്റെ സന്തോഷ സമൂഹത്തിലേക്ക് ചേർന്ന്, ഒരു പുതിയ യാത്ര തുടങ്ങാൻ പോവുകയാണ്."

മരിച്ചുപോയ ഒരുത്തനെ പുറത്ത് കൊണ്ടുവരുന്നു. അവൻ അമ്മയ്ക്ക് ഏകജാതനായ മകൻ. അവളോ വിധവയായിരുന്നു. പട്ടണത്തിലെ ഒരു വലിയ പുരുഷാരം അവളോട് കൂടെ ഉണ്ടായിരുന്നു. അവളെ കണ്ടിട്ട് കർത്താവ് മനസ്സലിഞ്ഞു.

കരയുന്നവരെ കണ്ടാൽ യേശുനാഥന് മനസ്സലിയും, ദുഃഖിക്കുന്നവരെ കണ്ടാൽ യേശു കൂടെ ദു:ഖിക്കും.

യേശു മനസ്സലിഞ്ഞു. നിങ്ങൾക്ക് പറയാം: "കർത്താവേ, നീ ഇപ്പോൾ എന്നെ നോക്കി മനസ്സലിയുന്നുണ്ട്. കാരണം ഞാൻ കരയുന്ന ഒരാളാണ്, ഉള്ള് കരഞ്ഞാണ് ഞാനിരിക്കുന്നത്. എന്റെ പ്രശ്നം ആർക്കും അറിഞ്ഞുകൂടാ. കർത്താവേ, എന്റെ പ്രശ്നം എന്റെ കൂട്ടായ്മയിലുള്ള ദൈവമക്കൾക്ക് ആർക്കും അറിഞ്ഞുകൂടാ. എന്റെ പ്രശ്നത്തിന്റെ ഗൗരവം ആരോട് പറഞ്ഞാലും അവർക്ക് മനസ്സിലാവുകയില്ല. പറഞ്ഞാൽ കേൾക്കാൻ പോലും പലർക്കും മനസ്സില്ല."

സ്നേഹിതാ, ഇപ്പോൾ നിങ്ങളുടെ ഹൃദയത്തിന്റെ വിഷാദഭാവം എന്തും ആയിക്കൊള്ളട്ടെ, എന്ത് കൊടിയ യാതനാ വിഷയവും ആയിക്കൊള്ളട്ടെ.

യേശു നിങ്ങളെ കാണുന്നുണ്ട്. അവൻ  നിങ്ങളുടെ വേദന കാണുന്നുണ്ട്.  അവൻ മനസ്സലിവുള്ള ദൈവമാണ്. സർവ്വാശ്വാസവും നൽകുന്ന ദൈവമാണ്.

കൊരിന്ത്യ ലേഖനത്തിൽ അപ്പൊസ്തലനായ പൗലോസ് പറയും: "മനസ്സലിവുള്ള പിതാവും, സർവ്വാശ്വാസവും നൽകുന്ന ദൈവവും" എന്ന്.

നിങ്ങൾ ചിന്തിക്കുന്നുണ്ടോ? ദൈവം ആർദ്രതയുള്ളവനാണെങ്കിൽ എന്റെ ഭർത്താവെന്താ നേരത്തേ മരിച്ചുപോയത്? ദൈവം ആർദ്രതയുള്ളവനാണെങ്കിൽ എന്റെ മോനെന്താ  നേരത്തെ മരിച്ചുപോയത്? ദൈവം ആർദ്രതയുള്ളവനാണെങ്കിൽ എന്റെ ഭാര്യ എന്താ എന്നെ വിട്ടുപോയത്?  എനിക്ക് എന്താ ഇത്രയും വലിയ നഷ്ടം വന്നത്?

ഞാൻ കഴിവുള്ള ഉപകാരം എല്ലാം ചെയ്ത മനുഷ്യനല്ലേ, എനിക്കെന്താണ് ഈ വലിയ കെടുതി വന്നത്?  എനിക്കെന്താണ് ഒരു കരേറ്റം കിട്ടാത്തത്? എനിക്കെന്താണ് ഒരു അഭിവൃദ്ധി ഇല്ലാത്തത്? ദൈവം മനസ്സലിവുള്ളവനാണെങ്കിൽ എനിക്ക് എന്താ ഇങ്ങനെ കലഹമുള്ള ഒരു കുടുംബത്തിലേക്ക് വരേണ്ടി വന്നത്?

ഇങ്ങനെയൊന്നും ചിന്തിച്ചില്ലെങ്കിലും മനസ്സിൽ നിങ്ങൾക്ക് നിരാശകളുണ്ട്. നിങ്ങൾ അസംതൃപ്തരാണ്. പലതിലും നിങ്ങളുടെ മനസ്സിൽ സംതൃപ്തിയില്ല. നിങ്ങൾക്ക് കിട്ടിയിരിക്കുന്ന കാര്യങ്ങളിൽ പലതിലും നിങ്ങൾക്ക് ഉള്ളിൽ ഒരു സംതൃപ്തിയില്ല.

ദൈവം എന്നോട് കരുണ ചെയ്തില്ലല്ലോ? ദൈവം എന്റെ

പ്രാർത്ഥന കേട്ടില്ലല്ലോ? എല്ലാവരുടെയും പ്രാർത്ഥന കർത്താവ് കേൾക്കുന്നു എന്നു പറയുന്നു. എന്റെ പ്രാർത്ഥന കർത്താവ് കേട്ടില്ലല്ലോ, ഇങ്ങനെ ചില പരിഭവങ്ങളോ, പരാതികളോ, ഹൃദയത്തിൽ ചില നിരാശകളോ ഒക്കെ ഉണ്ട്.

അവളെ കണ്ടിട്ട് കർത്താവ് മനസ്സലിഞ്ഞു. അവളോട് "കരയേണ്ട" എന്ന് പറഞ്ഞു.

യായീറോസിന്റെ മകളെ ഉയർത്തെഴുന്നേല്പ്പിക്കാൻ കർത്താവ് പോകുമ്പോൾ, അപ്പനോട് യേശു പറഞ്ഞത് അതുതന്നെയാണ്, 'കരയേണ്ട'.

കരച്ചിൽ എവിടെയുണ്ടോ അവിടെ ചെന്ന് യേശു കരമുയർത്തി പറയുന്ന ഒരു വാക്ക് 'കരയേണ്ട' എന്നാണ്. കരയുന്നവർ ആരുണ്ടോ, അവരെ നോക്കി മനസ്സലിവോടെ യേശു പറയുന്ന വാക്ക് "കരയേണ്ട" എന്നാണ്.

വേദപുസ്തകത്തിൽ നിങ്ങൾ ആവർത്തിച്ച് കാണുന്ന ഒരു വാക്കുണ്ട്."കരയേണ്ട, കരയേണ്ട" എന്ന്.

വേദപുസ്തകത്തിൽ ആവർത്തിച്ചു പറയുന്ന മറ്റൊരു വാക്കുണ്ട്. 'എന്തിന് കരയുന്നു' എന്ന്. വേദപുസ്തകത്തിൽ ആവർത്തിച്ച് പറയുന്ന മറ്റൊരു വാക്കുണ്ട്. "ഭയപ്പെടേണ്ട' എന്ന്.

വേദപുസ്തകത്തിൽ ആവർത്തിച്ച് പറയുന്ന മറ്റൊരു വാക്കുണ്ട് 'നിങ്ങൾക്ക് സമാധാനം' എന്ന്.

എന്റെ സഹോദരങ്ങളേ, ഇതെല്ലാം തിരുവചനത്തിലെ പേജുകളിൽ മാത്രം ഒതുങ്ങി നിന്നാൽ മതിയോ? നമ്മുടെ ഹൃദയത്തിലേക്കത് ഏറ്റ് വാങ്ങണ്ടേ?

കർത്താവേ, നിന്റെ ഈ വാക്കുകൾ എനിക്ക് സജീവമായ

അനുഭവമായി തീരണമേ. എന്റെ ജീവിതത്തിൽ ഇത് വ്യക്തമായ ചില അനുഭവങ്ങൾ തരണമേ. എന്റെ ദൈനംദിന ജീവിതത്തിൽ ഇത് അനുഭവമാക്കിക്കൊണ്ട് എനിക്ക് മുന്നോട്ട് പോകുവാൻ കൃപ തരണേ.

നിങ്ങൾക്ക് ജീവിതത്തിൽ തെറ്റുകൾ വന്നു; ശരിയാണ്. പല പാകപ്പിഴകൾ വന്നു സത്യമാണ്. പലതരത്തിൽ നിങ്ങൾ ജീവനുള്ള ദൈവത്തിന്റെ സ്നേഹം നിറഞ്ഞ ഹൃദയത്തെ നൊമ്പരപ്പെടുത്തി.

എങ്കിലും പ്രിയപ്പെട്ടവരെ, നിങ്ങൾ നിരാശപ്പെടേണ്ട, തളരേണ്ട. നിങ്ങളുടെ വേദന കാണാനും നിങ്ങൾക്ക് ആശ്വാസം തരാനും യേശുക്രിസ്തു ജീവിക്കുന്നുണ്ട്. നിങ്ങൾക്ക് സമാധാനം തരാൻ യേശു ജീവിക്കുന്നുണ്ട്. നിങ്ങളുട കരച്ചിൽ മാറ്റുവാൻ യേശു ജീവിക്കുന്നുണ്ട്. നിങ്ങളുടെ കണ്ണുനീര് തോർത്തിത്തരുവാൻ യേശു ജീവിക്കുന്നുണ്ട്.

'കരയേണ്ട' എന്നു പറഞ്ഞ് അവൻ അടുത്തു ചെന്നു. മഞ്ചം തൊട്ടു. ചുമക്കുന്നവർ നിന്നു.

സ്ത്രീയോട് "കരയേണ്ട" എന്ന് പറഞ്ഞു. അവൾക്ക് ഒന്നും മനസ്സിലായില്ല. എല്ലാവരും ആശ്വസിപ്പിക്കുന്നുണ്ട്. കരയല്ലേ, കരയല്ലേ എന്ന് എല്ലാവരും പറയുന്നുണ്ട്. അങ്ങിനെ തന്നെയാണ് യേശുവും പറയുന്നത് എന്നേ അവൾ ചിന്തിച്ചുള്ളൂ.

ആശ്വസിപ്പിക്കാൻ പലരും വരുന്നുണ്ട്. മരിച്ച വീട്ടിൽ വന്ന് പലരും ആശ്വാസവാക്കുകൾ പറയില്ലേ? അതുപോലെ അന്നു തന്നെ എത്രയോ പേർ പറഞ്ഞതാണ് ആശ്വാസവാക്ക്. അതുപോലെ ഒരാൾ, ഈ യേശു, ആശ്വാസവാക്ക് പറഞ്ഞു എന്നേ അവൾക്കറിയാവൂ.

യേശു അന്ന് ആദ്യമായി  നയീൻ പട്ടണത്തിലേക്ക് ചെല്ലുകയാണ്. യേശുവിനെ അവൾക്ക് പരിചയമില്ല. യേശുവിനെ കുറിച്ച് കേട്ടിട്ടുണ്ട്. പക്ഷേ ആ യേശുവാണ് ഇത് എന്നവൾക്ക്  അറിഞ്ഞുകൂടാ.

യേശു അത് പറഞ്ഞിട്ട് ചെന്നു മഞ്ചത്തെ തൊട്ടു. യേശു കരയേണ്ട എന്ന് പറയുക മാത്രമല്ല, വേണ്ടത് വേണ്ടസമയത്ത് പ്രവർത്തിക്കുന്നവനാണ്.

യേശു മഞ്ചം തൊട്ടു. ചുമക്കുന്നവർ നിന്നു. തൊടുക മാത്രമല്ല യേശുവിന്റെ വചനം പുറപ്പെടുന്നു.

“ബാല്യക്കാരാ, എഴുന്നേൽക്ക”. യേശുവിന്റെ വചനത്തിന്റെ ശക്തി!

രണ്ടായിരത്തിലേറെ വർഷം മുമ്പ് നയീൻ പട്ടണത്തിന്റെ തെരുവോരത്ത് ബാല്യക്കാരാ എന്നുവിളിച്ച അതേ സ്വരമാണ്, സ്നേഹിതാ ഇപ്പോൾ നിന്റെ ഹൃദയത്തിൽ മുഴങ്ങുന്നത്.

ബാല്യക്കാരാ എഴുന്നേല്ക്ക, യുവാവേ എഴുന്നേൽക്ക, പ്രിയപ്പെട്ടവളെ എഴുന്നേല്ക്ക, ദുഃഖത്തോടിരിക്കുന്നവളേ എഴുന്നേല്ക്ക, നിരാശയോടിരിക്കുന്നവളേ എഴുന്നേൽക്ക, ആകുലമനസ്കയായി വാടിയ മുഖത്തോടെ ഹൃദയം മ്ലാനമായിരിക്കുന്നവളേ എഴുന്നേല്ക്ക.

‘ബാല്യക്കാരാ എഴുന്നേല്ക്ക’ എന്ന് ഞാൻ നിന്നോട് പറയുന്നു എന്ന് അവൻ പറഞ്ഞു. മരിച്ചവൻ എഴുന്നേറ്റിരുന്ന് സംസാരിപ്പാൻ തുടങ്ങി.

എഴുന്നേൽക്കുക മാത്രമല്ല അവൻ സംസാരിപ്പാൻ തുടങ്ങി. എന്തൊരത്ഭുതം!  ചുമക്കുന്നവർ നിന്നു,  ഇത്രയും നേരം ചുമന്നു

കൊണ്ടു നിന്ന മഞ്ചം ആടുന്നു. അതിനകത്തു കിടന്ന ശവശരീരം എഴുന്നേല്ക്കുന്നു. മഞ്ചം പയ്യെ ചെരിയുന്നു. ചായുന്നു.

അവർ ഉടനെ മഞ്ചം താഴെ ഇറക്കി വച്ചു. ബാല്യക്കാരൻ എഴുന്നേറ്റു എന്നു മാത്രമല്ല, അവൻ സംസാരിച്ചു. എന്തായിരിക്കും സംസാരിച്ചത്? അതിവിടെ പരിശുദ്ധാത്മാവ് രേഖപ്പെടുത്തിയിട്ടില്ല.

ഉറക്കം തെളിഞ്ഞു വരുന്നതു പോലെ അവൻ എഴുന്നേറ്റു. അവൻ മരിച്ചു എന്നത് അവൻ അറിഞ്ഞിരുന്നോ? ആർക്കറിയാം.

Resussitation കൊടുക്കുമ്പോൾ, ചില ശവശരീരങ്ങൾ ഉയിർത്തെഴുന്നേറ്റിട്ടുണ്ട്. അത് വൈദ്യശാസ്ത്രത്തിലെ ഒരു വലിയ അത്ഭുതമാണ്.

എല്ലാ ശവശരീരങ്ങളും ഉയിർത്തെഴുന്നേല്ക്കുകയില്ല. ചിലത് മാത്രം.

ഒരു ഹൃദ്രോഗവിദഗ്ധനായ Dr. Mourice Rowlings ആദ്യമായി Resussitation നടത്തിയ ഒരു സംഭവം അദ്ദേഹത്തിന്റെ പുസ്തകത്തിൽ വിവരിച്ചിട്ടുണ്ട്.

അദ്ദേഹത്തിന്റെ പുസ്തകത്തിന്റെ പേര് "Beyond Death’s Door”, മരണവാതിലിനപ്പുറം എന്നാണ്.

ഒരു രോഗിയെ പ്രത്യേക യന്ത്രസജ്ജീകരണമുള്ള Corronary Unit ൽ കൊണ്ടുവന്നിട്ട് ഏറ്റവും അത്യാധുനികങ്ങളായ സജ്ജീകരണങ്ങൾ ഉപയോഗിച്ച് കൃത്രിമ ശ്വാസോച്ഛ്വാസം കൊടുത്തു.

കുറച്ച് നേരം കഴിഞ്ഞപ്പോൾ, ആ രോഗി കണ്ണു തുറന്നു. ആ രോഗി പെട്ടെന്ന് ഉച്ചത്തിൽ കരഞ്ഞു.

“അയ്യോ എന്നെ അങ്ങോട്ട് വിടല്ലേ. അയ്യോ ഇനി അങ്ങോട്ട് വിടല്ലേ. അയ്യോ എനിക്ക് വയ്യ അത് കാണാൻ വയ്യ. അയ്യോ എന്നെ അങ്ങോട്ട് വിടല്ലേ.”

ഞാൻ നരകം കണ്ടിട്ട് വരികയാണ്. നരകത്തിന്റെ ഭീകരത ഞാൻ കണ്ടു. അയ്യോ ഞാൻ കടന്ന് ചെന്നപ്പോൾ അവിടെ രണ്ടു വശത്തും ദീനരോദനങ്ങൾ, ഭയങ്കരമായ കരച്ചിലുകൾ, ഇരുണ്ട ഇടനാഴി, മുകളിലെ മച്ചു പോലുള്ള ഭാഗം മുഴുവനും ഇരുളാണ്. രണ്ടു വശത്തു നിന്നും വലിയ കരച്ചിൽ കേൾക്കാം.

കൂടുതൽ കട്ടി കൂരിരുട്ടിലേക്ക് എന്നെ കൊണ്ടുപോയി. അയ്യോ, ഞാൻ നരകത്തിൽ എത്തി എന്നെനിക്ക് മനസ്സിലായി. എന്റെ ജീവിതം തീർന്നല്ലോ, ഇനി ആശയ്ക്ക് വകയില്ലല്ലോ എന്ന് മനസ്സിലായി.

ഞാൻ കേട്ട കാലത്ത് വചനം കൈക്കൊണ്ടില്ലല്ലോ എന്നോർത്ത് ഞാൻ ദുഃഖിച്ചു. അയ്യോ ഞാൻ നരകത്തിലായിപ്പോ യല്ലോ എന്നോർത്തു എനിക്ക് ഇനി ഒരു ആയുസ്സുണ്ടോ തീർന്ന ല്ലോ എന്നോർത്തു. അയ്യോ എനിക്ക് ആയുസ്സു കിട്ടിയിരുന്നെങ്കിൽ ഇനിയുള്ള കാലം തീർത്തും ഒരു പുതിയ മനുഷ്യനായി ജീവി ക്കാമായിരുന്നു എന്ന് ഞാൻ ഓർത്തു.

ജീവൻ തിരിച്ചു കിട്ടിയ മനുഷ്യൻ വിവരിക്കാൻ തുടങ്ങി. അപ്പോൾ തന്നെ അത് റെക്കോർഡ് ചെയ്തുവച്ചു.

ഡോ. മോറിസ് റൗലിംഗ്സ് പറഞ്ഞു: ഇതുപോലെ അനേകം രോഗികൾ മരിച്ചുപോയവർ, കൃത്രിമശ്വാസോച്ഛ്വാസം കൊടുത്ത് ഉയർത്തെഴുന്നേറ്റതിന് ശേഷം പറയുന്നത് കേട്ടാണ് ഒരു ‘മരണാ നന്തര ജീവിതം’ ഉണ്ടെന്ന് ഞാൻ അറിഞ്ഞത്. ഞാൻ അതൊന്നും വിശ്വസിച്ചിരുന്നില്ല. എനിക്ക് ഈ ബൈബിളിൽ വിശ്വാസം ഉണ്ടാ

യിരുന്നില്ല.

പക്ഷേ ഞാൻ ബൈബിൾ വിശ്വസിക്കാൻ കാരണം, Resussitation കൊടുത്ത ചില ശവശരീരങ്ങൾ ഉയിർത്തെഴുന്നേറ്റ് മരിച്ചതിനുശേഷമുള്ള അവസ്ഥ വിവരിച്ചത് കേട്ടതാണ്. അങ്ങിനെ ഞാൻ ഒരു ദൈവവിശ്വാസിയായിത്തീർന്നു.

ഉയർത്തഴുന്നേറ്റ് വന്ന ഈ ബാല്യക്കാരനും എന്തെല്ലാമോ പറഞ്ഞു കാണും. പാവം ചെറുപ്പക്കാരൻ എന്തു പറഞ്ഞു എന്ന് നമുക്ക് അറിയാൻ പാടില്ല.

അമ്മ അമ്പരപ്പോടെ നോക്കി നിൽക്കുകയാണ്. എന്തൊരത്ഭുതം! കരയേണ്ട എന്നു പറഞ്ഞ ഈ അത്ഭുത പുരുഷൻ അവിടെ ശാന്തനായി, സൗമ്യനായി നിൽക്കുന്നു. സ്നേഹം വഴിഞ്ഞൊഴുകുന്ന ഭാവത്തോടെ വിശുദ്ധിയുടെ തേജസ്സ് മുറ്റുന്ന മുഖത്തോടെ കർത്താവായ യേശു നിൽക്കുന്നു.

അമ്മ യേശുവിന് നേരെ കൈക്കൂപ്പിക്കൊണ്ട് യേശുവിന്റെ കാൽക്കൽ വീണു കാണും. യേശുവിന്റെ കാൽക്കൽ വീണ് യേശുവിന് മഹത്വം കരേറ്റിക്കൊണ്ട് ദൈവത്തിന് സ്തുതി, സ്തോത്രം അർപ്പിച്ചു കാണും.

മരിച്ചവൻ എഴുന്നേറ്റിരുന്ന് സംസാരിപ്പാൻ തുടങ്ങി. യേശു അവനെ അമ്മയ്ക്ക് ഏൽപ്പിച്ചുകൊടുത്തു.

ദൈവപൈതലേ, നിങ്ങൾക്ക് നഷ്ടപ്പെട്ടത് ചിലത് ഇന്ന് യേശു തിരികെ തരികയാണ്. നിങ്ങളുടെ കൈയ്യിലേക്ക് എടുത്ത് തരികയാണ്.

എന്തെല്ലാമാണ് നിങ്ങൾക്ക് ചോദിക്കാനുള്ളത്? നഷ്ടപ്പെട്ട സമാധാനം തരണമേ. നഷ്ടപ്പെട്ട വിശുദ്ധി തരണമേ. നഷ്ടപ്പെട്ട

സ്നേഹം തരണമേ. നഷ്ടപ്പെട്ട ഐക്യം തരണമേ. നഷ്ടപ്പെട്ട ആരോഗ്യം തരണമേ. നഷ്ടപ്പെട്ട ശുശ്രൂഷ തരണമേ.

കർത്താവേ, പൈസ നഷ്ടപ്പെട്ടു. കടം വന്നു കയറി, ഒരു പോംവഴി തരണമേ.

നഷ്ടപ്പെട്ട പരീക്ഷയുടെ ജയം മടക്കിത്തരണമേ. നഷ്ടപ്പെട്ട തൊഴില് മടക്കിത്തരണമേ. നഷ്ടപ്പെട്ട ദൈവാശ്രയം മടക്കിത്തരണമേ. നഷ്ടപ്പെട്ട സമർപ്പണം മടക്കിത്തരണമേ. നഷ്ടപ്പെട്ട ഐക്യവും ശാന്തിയും തിരിച്ചുതരേണമേ.

നഷ്ടപ്പെട്ടത് മടക്കിത്തരുന്ന നിത്യനായ ദൈവമേ, നഷ്ടപ്പെട്ടതെല്ലാം തിരികെ തരാമെന്ന് പറയുന്ന സ്നേഹനിധിയായ യേശുവേ, എനിക്ക് നഷ്ടപ്പെട്ടതായ സ്വർഗ്ഗം മടക്കിത്തരുവാൻ നീ ക്രൂശിൽ മരിച്ചല്ലോ. അതു ഞാൻ വിശ്വസിക്കുന്നു.

നരകത്തിന്റെ അവകാശിയായ എനിക്ക് നഷ്ടപ്പെട്ട സ്വർഗ്ഗം മടക്കിത്തരാൻ ഗോഗുൽത്തായിൽ നരകത്തിന്റെ തീവ്രവേദന അവിടുന്ന് അനുഭവിച്ചല്ലോ. ഞാൻ വിശ്വസിക്കുന്നു.

എനിക്കു വേണ്ടി കുറ്റമില്ലാത്ത രക്തം ചിന്തിയവനേ ഞാൻ നിന്റെ തിരുരക്തത്തിൽ ശരണപ്പെടുന്നു. ഇതാ ഞാൻ വരുന്നു. എനിക്ക് നഷ്ടപ്പെട്ടവയെല്ലാം മടക്കിത്തരുവാൻ നീ ഇന്ന് ജീവിക്കുന്നതിനാൽ നിനക്ക് സ്തുതി.

ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്ന ദൈവമേ, ഉയർത്തഴുന്നേറ്റ് ജീവിക്കുന്ന യേശുവേ, ഇപ്പോൾ എന്റെ മരിച്ച ആത്മാവിന് നഷ്ടപ്പെട്ട ജീവൻ മടക്കിത്തരണമേ. മരിച്ച എന്റെ ആത്മാവിന് നഷ്ടപ്പെട്ട ചൈതന്യം മടക്കിത്തരണമേ, എന്റെ മേൽ ജീവശ്വാസം ഊതണമേ.

എന്റെ മേൽ പരിശുദ്ധാത്മാവിന്റെ ശക്തി ഊതണമേ. എന്റെ നാഥാ ഇനി മേൽ പാപമില്ലാത്ത പുതുജീവൻ നയിക്കുമെന്ന് ഞാൻ നിന്നോട് വാക്ക് പറയുന്നു. എന്റെ മേൽ  ഊതണമേ.

നമുക്ക് സമർപ്പിക്കാം. നമുക്ക് പ്രാർത്ഥിക്കാം. നമ്മുടെ പ്രിയന്റെ കരങ്ങളിലേക്ക് നമ്മെ ഏല്പ്പിക്കാം. പുതിയ പ്രതിഷ്ഠ കൾ ഉരുത്തിരിഞ്ഞ് വരട്ടെ, പുതിയ സമർപ്പണങ്ങൾ തെളിഞ്ഞ് വരട്ടെ. പുതിയ തീരുമാനങ്ങൾ ജീവനുള്ള ക്രിസ്തുവിന്റെ സന്നി ധിയിലേക്ക് പറന്ന് ചെല്ലട്ടെ.

യേശുവിന്റെ പാദത്തിലേക്ക് വീണുകൊണ്ട് യേശുവിനോട് വാക്കു പറയുവിൻ. യേശുവേ, ഇന്നു മുതൽ നാഥാ ഞാനൊരു പുതിയ സൃഷ്ടിയായി ജീവിക്കും. യേശുവിന് വാക്ക് കൊടുത്തു കൊണ്ട്, നഷ്ടങ്ങളെല്ലാം മടക്കിത്തരുന്ന ക്രിസ്തുവിന്റെ അത്ഭു തശക്തിയുറ്റ കരങ്ങളിലേക്ക് ഭാവി ഏല്പ്പിച്ച് കൊടുത്തുകൊണ്ട് യേശുവിനോട് പറയുവിൻ.

“യേശുവേ ഇന്നുമുതൽ ഞാനൊരു പുതിയ സൃഷ്ടി”

## മൂന്ന്

“നമ്മുടെ സ്നേഹിതനായ ലാസർ നിദ്ര കൊള്ളുന്നു എങ്കിലും ഞാൻ അവനെ ഉണർത്തുവാൻ പോകുന്നു എന്ന് അവരോടു പറഞ്ഞു. ശിഷ്യന്മാർ അവനോട്: കർത്താവേ, അവൻ നിദ്രകൊള്ളുന്നു എങ്കിൽ അവനു സൗഖ്യം വരും എന്നു പറഞ്ഞു. യേശുവോ അവന്റെ മരണത്തെക്കുറിച്ചായിരുന്നു പറഞ്ഞത്; ഉറക്കം എന്ന് നിദ്രയെക്കുറിച്ച് പറഞ്ഞു എന്ന് അവർക്കു തോന്നിപ്പോയി”

യോഹ. 11:11-14

യഹോവയുടെ ഭുജങ്ങൾ, ഉയർപ്പിക്കുന്ന കരങ്ങളാണ്. ആത്മാവിൽ മരിച്ചിരിക്കുന്നവരെ ഉയർപ്പിക്കും. മരിച്ചുപോയ ആത്മാക്കളെ ഉയർപ്പിക്കും. ഈ ശരീരം ജീവനോടിരിക്കുമ്പോൾ ആത്മാവ് മരിച്ച അവസ്ഥയിൽ ഇരിക്കുന്നു. മരിച്ച ആത്മാവിനെ യേശു ഉയർപ്പിക്കും.

എന്നാൽ ശരീരം വിട്ട് ഈ ഭൂമിയിൽ നിന്ന് മാറ്റപ്പെടുമ്പോൾ കർത്താവായ യേശുവിന്റെ രണ്ടാമത്തെ വരവിൽ, ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവരായ വിശുദ്ധന്മാരെ ഉയർപ്പിക്കും. രണ്ടാമത്തെ പുനരുത്ഥാനത്തിൽ ദുഷ്ടന്മാരെ ഉയർപ്പിക്കും.

യേശുക്രിസ്തു പരസ്യ ശുശ്രൂഷയുടെ കാലത്ത് യായിറോസിന്റെ മകളെ ഉയർപ്പിച്ചു. വിധവയുടെ മകനെ ഉയർപ്പിച്ചു. യായിറോസിന്റെ മകൾ കുട്ടിയായിരുന്നു. വിധവയുടെ മകൻ യുവാവായിരുന്നു. ലാസറിനെ ഉയർപ്പിച്ചു. ലാസർ പ്രായപൂർത്തിയായ ഒരാളായിരുന്നു.

ക്രിസ്തു എക്കാലത്തും മരിച്ചവരെ ഉയർപ്പിക്കുന്നവനാണ്.

യോഹന്നാന്റെ സുവിശേഷത്തിൽ 'ജീവൻ' 'വെളിച്ചം' എന്നുള്ള പദങ്ങൾ ആവർത്തിച്ച് കാണാവുന്ന ഒരു പദമാണ്.

യോഹന്നാന്റെ സുവിശേഷത്തിൽ ക്രിസ്തു തന്നെക്കുറിച്ച് തന്നെ പറയുന്നു: "ഞാൻ ജീവനാകുന്നു" "ഞാൻ സമൃദ്ധിയായി ജീവൻ തരുന്നു."

ക്രിസ്തു തന്നെക്കുറിച്ച് പറയുന്നു: "ഞാൻ ലോകത്തിന്റെ വെളിച്ചം" ആകുന്നു.

"ഞാൻ പുനരുത്ഥാനവും ജീവനുമാകുന്നു." യോഹ. 11:25

"ഞാൻ വഴിയും, സത്യവും ജീവനുമാകുന്നു." യോഹ. 14:6

ഞാൻ ദാഹം മാറ്റുന്ന "ഞാൻ ജീവജല ഉറവ" ആകുന്നു. എന്നും പറയുന്നുണ്ട്.

യോഹന്നാന്റെ സുവിശേഷത്തിൽ ആവർത്തിച്ച് പറയുന്നു: "ഞാൻ നല്ല ഇടയനാകുന്നു" നല്ല ഇടയൻ ആടുകൾക്ക് വേണ്ടി

തന്റെ ജീവനെ കൊടുക്കുന്നു.”

ആടുകളുടെ ഇടയനും ഉടമസ്ഥനുമല്ലാത്ത കൂലിക്കാരൻ ചെന്നായ വരുന്നത് കാണുമ്പോൾ ആടുകളെ വിട്ട് ഓടിക്കളയുന്നു. ഞാനോ നല്ല ഇടയനാകുന്നു.

സി.എസ്. ലൂയിസ് എന്ന പറയുന്ന വലിയ ഒരു പണ്ഡിതൻ ഉണ്ടായിരുന്നു. ഒരു കാലത്ത് അദ്ദേഹം നിരീശ്വരനായിരുന്നു.

ദൈവം ഇല്ല എന്ന് പഠിപ്പിച്ചിരുന്ന ആളായിരുന്നു. അദ്ദേഹം യേശുക്രിസ്തുവിനെക്കുറിച്ച് കേട്ടു. ബൈബിൾ വായിക്കുകമാത്രമല്ല യേശുവിനെക്കുറിച്ചുള്ള അനേകം ഗ്രന്ഥങ്ങൾ വായിച്ചു.

വളരെ പ്രസിദ്ധനായ, മഹാജ്ഞാനിയായ ആ തത്വചിന്തകൻ വായിച്ച് വായിച്ച് വന്നപ്പോൾ ഒരു നിഗമനത്തിലെത്തിച്ചേർന്നു.

ഒന്നുകിൽ യേശു ഒരു ഭ്രാന്തനാണ് അല്ലെങ്കിൽ വാസ്തവത്തിൽ ദൈവം തന്നെയാണ്.

ലോകചരിത്രത്തിൽ അവതരിച്ചിട്ടുള്ള സകലമാന മനുഷ്യരിലും സുബോധമുള്ള, ഏറ്റവും തെളിഞ്ഞ ബുദ്ധിയുള്ള, ഒരു അമാനുഷിക പ്രതിഭയാണ് ക്രിസ്തു.

ലോകത്തിന്റെ ചരിത്രത്തിൽ അവതരിച്ചിട്ടുള്ള എല്ലാ മനുഷ്യരിലും വിശ്വസിക്കാൻ കൊള്ളാവുന്ന ഒരു അപൂർവ്വ വ്യക്തിയാണ് യേശുക്രിസ്തു.

യേശുക്രിസ്തു ജീവനാണ്. നിങ്ങൾക്ക് രക്ഷപ്പെടണമെങ്കിൽ, ജീവനായ ക്രിസ്തു നിങ്ങളുടെ ഹൃദയത്തിൽ വന്ന് പിറക്കണം.

മരിച്ചവരെ ഉയർപ്പിക്കുന്ന ക്രിസ്തു നിങ്ങളുടെ മരിച്ച ആത്മാവിനെ ഉയർപ്പിക്കണം. പാപം മൂലം ആത്മാവ് മരിക്കും. എന്നിൽ

പാപം വരുന്നുണ്ടോ എന്ന് നാം നിരന്തരം നമ്മെത്തന്നെ ശോധന ചെയ്തുകൊണ്ടിരിക്കണം.

എനിക്ക് യേശുവിന്റെ സ്വഭാവം ആയിട്ടില്ല. ഇന്ന കാര്യത്തിലൊരു പാപം വന്നു എന്നു പറയത്തക്കവണ്ണം ഭാഗ്യവശാൽ ഇപ്പോൾ ഒരു പാപവും വരുന്നില്ല.

പക്ഷെ, എന്റെ സ്വഭാവം യേശുവിന്റെ സ്വഭാവം ആയില്ലല്ലോ, സെന്റ് പോളിന്റെ സ്വഭാവം ആയില്ലല്ലോ, വിശുദ്ധന്മാരുടെ സ്വഭാവം ആയില്ലല്ലോ എന്ന് നാം തിരിച്ചറിയുന്നതാണ് ഏറ്റവും നല്ല ആത്മീയ സുബോധം.

ആ കുരിശിൽ ചിന്തിയ തിരുരക്തം നമ്മെ പൊതിഞ്ഞാൽ ലംഘനങ്ങൾ ക്ഷമിച്ചുകിട്ടും. പാപസ്വഭാവം മറച്ചുകിട്ടും.

ലാസറിന് തിരിഞ്ഞു നോക്കിയാൽ അഭിമാനിക്കാൻ ഒന്നുമില്ല. ആ കുടുംബത്തിനും അഭിമാനിക്കാൻ ഒന്നുമില്ല. പാരമ്പര്യം നോക്കിയാലോ ഒരു ശപിക്കപ്പെട്ട കുടുംബം. തകർന്നു പോയ കുടുംബം, നാട്ടിൽ ആർക്കും ഒരു മാനമില്ലാത്ത കുടുംബം.

> ''അവൻ ബേഥാന്യയിൽ കുഷ്ഠരോഗിയായ ശിമോന്റെ വീട്ടിൽ പന്തിയിൽ ഇരിക്കുമ്പോൾ.........."
>
> മർക്കൊ 14:3

ബേഥാന്യയിലെ ആ വീടിന്റെ അഡ്രസ്സ് "കുഷ്ഠരോഗിയായ ശിമോന്റെ വീട്" എന്നാണ്.

അന്ന് കുഷ്ഠരോഗി എന്നുപറഞ്ഞാൽ ആരും അടുക്കുകയില്ല. തൊടുകയില്ല, അവൻ തനിയെ പറഞ്ഞുകൊണ്ട് നടക്കണം. "അശുദ്ധൻ" "അശുദ്ധൻ" എന്ന്. ആ വീട്ടിലേക്ക് ആരും കേറിച്ചെല്ലില്ല. ആരുംതിരിഞ്ഞു നോക്കാത്ത വീട്.

ശിമോന് മൂന്ന് മക്കളുണ്ടായിരുന്നു. മാർത്ത, മറിയ, ലാസർ. ശീമോൻ മരിച്ചുപോയി. പക്ഷെ ആ ഭവനം ആർക്കും വേണ്ടാത്ത ഭവനം ആയിരുന്നു.

കുഷ്ഠരോഗമോ, മറ്റുരോഗങ്ങളോ ഒന്നുമില്ലെങ്കിലും ആർക്കും വേണ്ടാത്ത വ്യക്തിത്വമുള്ള ആളുകളുണ്ട്. ആർക്കും അടുക്കാൻ വയ്യാത്ത ചില ദുഃസ്വഭാവങ്ങൾ, ആർക്കും മിണ്ടാൻ പോലും പറ്റാത്തതായ ചില പ്രകൃതങ്ങൾ. സ്വഭാവത്തിന്റെ ചില മാലിന്യങ്ങളും വൈകല്യങ്ങളും!

ആർക്കും വേണ്ടാത്തവരെ വേണമെന്ന് പറഞ്ഞ് കടന്നുവരുന്ന ഒരു യേശുവുണ്ട്. യേശു ആ വീട്ടിലേക്ക് ചെന്നു. അതാണ് ലൂക്കൊസിന്റെ സുവിശേഷം പത്താം അദ്ധ്യായത്തിൽ നാം കാണുന്നത്.

എല്ലാവരും പകയ്ക്കുകയും, വെറുക്കുകയും ഒറ്റപ്പെടുത്തുകയും പരിഹസിക്കുകയും തുച്ഛീകരിക്കുകയും ചെയ്യുന്നവരെ ആദരിക്കുന്ന ഒരു ദൈവമുണ്ട്. ബേഥാന്യയിലെ ലാസറിന്റെ ഭവനത്തിലേക്ക് യേശു കടന്നു ചെന്നു.

> "പിന്നെ അവർ യാത്ര പോകയിൽ അവർ ഒരു ഗ്രാമത്തിലെത്തി. മാർത്ത എന്നു പറയുന്ന ഒരു സ്ത്രീ അവനെ വീട്ടിൽ കൈക്കൊണ്ടു"
>
> ലൂക്കൊ. 10:38

ഇന്നും ഇത് സംഭവിക്കുന്നുണ്ട്. നിങ്ങളുടെ സമീപത്തുകൂടി യേശു കടന്നുപോകുന്നുണ്ട്. വേണമെങ്കിൽ നിങ്ങൾക്ക് യേശുവിനെ കൈക്കൊള്ളാം. രണ്ടായിരത്തിലേറെ വർഷം മുമ്പ് ബേഥാന്യയിലെ ആ ചെറുഭവനത്തിന്റെ മുമ്പിൽ കൂടി കടന്നുപോയ യേശുവിനെ മാർത്ത കൈക്കൊണ്ടതു പോലെ, നിങ്ങൾക്ക് വേണമെങ്കിൽ ഇപ്പോൾ യേശുവിനെ നിങ്ങളുടെ ഹൃദയത്തിലേക്ക് കൈക്കൊള്ളാം.

നിങ്ങളുടെ ഹൃദയമാകുന്ന വീട്ടിലേക്ക് നിങ്ങൾക്ക് യേശുവിനെ സ്വീകരിക്കാം. തകർന്നുപോയ, ആർക്കും വേണ്ടാത്ത നിങ്ങളുടെ ഹൃദയത്തിലേക്ക്, യേശുവിനെ കൈക്കൊള്ളാം. പലരും വെറുക്കുന്ന സ്വഭാവമുള്ള നിങ്ങളുടെ ഹൃദയത്തിലേക്ക് യേശുവിനെ കൈക്കൊള്ളാം.

# നാല്

“നമ്മുടെ സ്നേഹിതനായ ലാസർ നിദ്രകൊള്ളുന്നു; എങ്കിലും ഞാവനെ ഉണർത്തുവാൻ പോകുന്നു. എന്ന് അവരോട് പറഞ്ഞു.”

യോഹ. 11:11

യേശു വന്ന് പലപ്പോഴും പാർത്തിരുന്ന ഭവനത്തിൽ ഒരിക്കൽ ഒരത്യാഹിതം ഉണ്ടായി. ലാസർ മരിച്ചു. ശവസംസ്ക്കാരം കഴിഞ്ഞ് നാലുദിവസമായപ്പോൾ മാത്രമാണ് യേശു വന്നത്. സഹോദരി മാർ യേശുവിനെ ആളുവിട്ട് അറിയിച്ചിരുന്നു. “നിനക്ക് പ്രിയനായ വൻ ദീനമായി കിടക്കുന്നു.”

പക്ഷെ, യേശു പോയില്ല.

എന്നാൽ മരിച്ച് നാലുദിവസം കഴിഞ്ഞപ്പോഴാണ് യേശു വന്ന ത്. വൈകിപ്പോയത് യേശു ഉപേക്ഷിച്ചതുകൊണ്ടല്ല. "Delays are not denials"

ബേഥാന്യയിലേക്ക് ക്രിസ്തു പോയത് മരിച്ച ലാസറിനെ ഉയർപ്പിക്കാനാണ്. നൂറ്റാണ്ടുകൾ നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും ആ അത്ഭുത പ്രവൃത്തി തുടർന്നുകൊണ്ടേയിരിക്കുന്നു.

"ഞാൻ അവനെ ഉണർത്തുവാൻ പോകുന്നു" എന്ന് യേശു പറഞ്ഞപ്പോൾ ലാസറിനെ ശാരീരികമായി ഉയർത്തെഴുന്നേൽപ്പിക്കാൻ പോകുന്നു എന്ന അർത്ഥത്തിൽ തന്നെയാണ് പറഞ്ഞത്. പക്ഷെ വളരെ വ്യാപകമായ അർത്ഥമാണ് ആ വാകൃത്തിനുള്ളത്.

യേശു ആത്മാവിൽ മരിച്ചു കിടക്കുന്നവരെ ഉയർത്തെഴുന്നേൽപ്പിച്ചു കൊണ്ടിരിക്കുകയാണ്. അനേകർ ഉയർത്തെഴുന്നേറ്റ് വരികയാണ്. ചൈതന്യം നഷ്ടപ്പെട്ടിരിക്കുന്നവർ നിരാശ മാറി പ്രത്യാശ പ്രാപിച്ചുവരികയാണ്.

ജീവിതം തകർന്നു പോയവർ ജീവിതത്തിൽ നവോന്മേഷം പ്രാപിച്ച് വരികയാണ്. എത്രയെത്ര കുടുംബങ്ങളാണ് ഉണർന്നു വരുന്നത്. എത്രയെത്ര മനുഷ്യ ജീവിതങ്ങളാണ് ഐശ്വര്യം പ്രാപിക്കുന്നത്. നിരാശപ്പെട്ടുപോയ ജീവിതങ്ങളിൽ പുതിയ പ്രത്യാശയുടെ നറുനാമ്പുകൾ വിരിഞ്ഞ് വരുന്നത്.

ചിന്തിച്ചു നോക്കൂ: എന്റെ ആത്മാവിന്റെ അവസ്ഥ എന്താണ്? എന്റെ ആത്മാവിൽ എന്തെങ്കിലും കറ പറ്റിയോ? പുറമേ കാണുന്നതായ തെറ്റുകൾ പക്ഷെ പറ്റിയില്ലെങ്കിലും അകമേ ആത്മാവിൽ എന്തെങ്കിലും അനർത്ഥങ്ങൾ സംഭവിച്ചുവോ?

എന്നെ എങ്ങിനെയെങ്കിലും നശിപ്പിക്കാൻ നോക്കുന്ന പൈശാചികൻ എവിടെയെങ്കിലും എന്നെ വന്ന് തൊടുവാൻ ഇടയായോ? എന്റെ മേൽ ഉണ്ടായിരുന്ന ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ തീ മതിൽ, എവിടെയെങ്കിലും നഷ്ടപ്പെട്ടുപോയോ?

ദൈവം തമ്പുരാൻ എനിക്ക് ചുറ്റും കെട്ടിയിരുന്നതായ സംര ക്ഷണത്തിന്റെ വേലി പൊളിഞ്ഞ് പോകത്തക്കവണ്ണം എന്തെങ്കിലും എന്നിൽ സംഭവിച്ചുവോ? സാത്താൻ എന്റെ അകത്തേക്ക് കട ന്നുവന്നുവോ?

എന്റെ ആത്മാവിന്റെ അവസ്ഥ എന്താണ്? പാപം എന്നിൽ വന്നുവോ?

പരിശുദ്ധാത്മാവിനെ ഒരിക്കൽ പ്രാപിച്ചിട്ട് നാം പിന്നെയും പാപത്തിലേക്ക് തിരിയുക എന്നുള്ളത് ഒരു കാരണവശാലും സംഭ വിക്കരുത്.

> "സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചശേഷം നാം മനഃ പൂർവ്വം പാപം ചെയ്താൽ പാപങ്ങൾക്ക്വേണ്ടി ഇനി ഒരു യാഗവും ശേഷിക്കാതെ ന്യായവിധി ക്കായി ഭയങ്കരമായൊരു പ്രതീക്ഷയും എതിരികളെ ദഹിപ്പിപ്പാനുള്ള ക്രോധാഗ്നിയുമേയുള്ളൂ. ജീവ നുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നത് ഭയങ്കരം"
>
> എബ്രായർ 10:26–31

സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചു, എന്നിട്ട് വീണ്ടും, മനഃ പൂർവ്വം അറിഞ്ഞുകൊണ്ട് തന്നെ പാപം ചെയ്തു. പാപമാണെന്ന റിഞ്ഞിട്ട് പാപം ചെയ്യുന്നു.

പരിശുദ്ധാത്മാവ് പാപബോധം തന്നു. പരിശുദ്ധാത്മാവ് തെറ്റ് കാണിച്ച് തന്നു. പക്ഷെ പിന്നെയും തെറ്റ് ചെയ്യുന്നു.

അവരോട് ദൈവത്തിന്റെ അരുളപ്പാട് എന്താണെന്ന് ശ്രദ്ധിക്കൂ:

> "മോശയുടെ ന്യായപ്രമാണം അനുസരിക്കാത്ത വന്നു കരുണകൂടാതെ രണ്ട് മൂന്ന് സാക്ഷികളുടെ

> വാമൊഴികേട്ട് മരണശിക്ഷ കല്പിക്കുന്നുവല്ലോ. ദൈവപുത്രനെ ചവുട്ടിക്കളകയും തന്നെ വിശുദ്ധീകരിച്ച നിയമരക്തത്തെ മലിനം എന്ന് നിരൂപിക്കയും കൃപയുടെ ആത്മാവിനെ നിന്ദിക്കയും ചെയ്തവൻ എത്ര കഠിനമേറിയ ശിക്ഷക്ക് പാത്രമാകും എന്ന് വിചാരിപ്പിൻ."
>
> എബ്രാ. 10:28,29.

സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചശേഷം മനഃപൂർവ്വം പാപം ചെയ്യുമ്പോൾ ദൈവപുത്രനെ ചവിട്ടിക്കളയുകയും. തന്നെ വിശുദ്ധീകരിച്ച നിയമരക്തത്തെ മലിനമെന്ന് നിരൂപിക്കുകയും ചെയ്യുകയാണ്.

> "ഒരിക്കൽ പ്രകാശനം ലഭിച്ചിട്ട് സ്വർഗ്ഗീയ ദാനം ആസ്വദിക്കുകയും, പരിശുദ്ധാത്മാവിനെ പ്രാപിക്കയും, ദൈവത്തിന്റെ നല്ല വചനവും വരുവാനുള്ള ലോകത്തിന്റെ ശക്തിയും ആസ്വദിക്കയും ചെയ്തവർ പിന്മാറിപ്പോയാൽ തങ്ങൾക്ക് തന്നെ ദൈവപുത്രനെ വീണ്ടും ക്രൂശിക്കുന്നവരും അവന്നു ലോകാപവാദം വരുത്തുന്നവരും ആക കൊണ്ട് അവരെ പിന്നെയും മാനസാന്തരത്തിലേക്ക് പുതുക്കുവാൻ കഴിവുള്ളതല്ല."
>
> എബ്രാ. 6:4–6

അറിഞ്ഞുകൊണ്ട് തെറ്റിലേക്ക് പോകരുത്. അപ്പൊസ്തലനായ പത്രോസിന്റെ അരികത്ത് ശമര്യയിലെ ആഭിചാരകനായ ശീമോൻ വന്നകാര്യം അപ്പോസ്തല പ്രവൃത്തികൾ 8–ാം അദ്ധ്യായത്തിൽ നാം വായിക്കുന്നുണ്ട്. 8:14–24

പത്രോസ് പറയുന്നു: "നീ കയ്പ്പുള്ള പകയിലും അനീതിയുടെ ബന്ധനത്തിലും അകപ്പെട്ടിരിക്കുന്നു എന്ന് ഞാൻ കാണുന്നു. നീ വഷളത്തം വിട്ട് മാനസാന്തരപ്പെട്ട് കർത്താവിനോട് പ്രാർത്ഥിക്ക, പക്ഷേ നിന്റെ ഹൃദയത്തിലെ നിരൂപണം ക്ഷമിച്ച് കിട്ടുമായിരിക്കും."

ഒരിക്കൽ പിന്മാറിപ്പോയാൽ തങ്ങൾക്ക് തന്നെ ദൈവപുത്രനെ വീണ്ടും ക്രൂശിക്കുന്നവരും അവന് ലോകാപവാദം വരുത്തുന്നവരും ആകകൊണ്ട് അവരെ പിന്നെയും മാനസാന്തരത്തിലേക്ക് പുതുക്കുവാൻ കഴിയുന്നതല്ല.

> "പലപ്പോഴും പെയ്ത മഴ കുടിച്ചിട്ട് ഭൂമി കൃഷി ചെയ്യുന്നവർക്ക് ഹിതമായ സസ്യാദികളെ വിളയിക്കുന്നു എങ്കിൽ ദൈവത്തിന്റെ അനുഗ്രഹം പ്രാപിക്കുന്നു.... ചുട്ടുകളക അത്രേ അതിന്റെ അവസാനം"
>
> എബ്രാ. 6:7–8

> "കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്താൽ ലോകത്തിന്റെ മാലിന്യം വിട്ടോടിയവർ അതിൽ വീണ്ടും കുടുങ്ങി തോറ്റുപോയാൽ അവരുടെ ഒടുവിലത്തെ സ്ഥിതി ആദ്യത്തേതിനേക്കാൾ അധികം വഷളായിപ്പോയി. തങ്ങൾക്ക് ഏല്പിച്ച് കിട്ടിയ വിശുദ്ധ കല്പനയെ നീതിയുടെ വഴി അറിഞ്ഞശേഷം വിട്ടുകളയുന്നതിനേക്കാൾ, അത് അറിയാതിരിക്കുന്നത് അവർക്ക് നന്നായിരുന്നു. എന്നാൽ സ്വന്ത ഛർദ്ദിക്ക് തിരിഞ്ഞ നായെന്നും, കുളിച്ചിട്ട് ചെളിയിൽ ഉരുളുവാൻ തിരിഞ്ഞ പന്നിയെന്നും ഉള്ള സത്യമായ പഴഞ്ചൊല്ലുപോലെ അവർക്കു സംഭവിച്ചു.
>
> 2 പത്രോസ് 2:20–22

ഒന്നു പോയ സ്ഥാനത്ത് ആ ഒന്നിന്റെ കൂടെ ഏഴെണ്ണം കൂടി വരുന്നു എന്ന്.

പാപം വന്നാൽ ആത്മാവ് മരിക്കും.

മത്തായിയുടെ സുവിശേഷം പന്ത്രണ്ടാം അദ്ധ്യായത്തിന്റെ നാല്പത്തി അഞ്ചാം വാക്യം പറയുന്നു:

> "അശുദ്ധാത്മാവ് ഒരു മനുഷ്യനെ വിട്ട് പുറപ്പെട്ട ശേഷം നീരില്ലാത്ത സ്ഥലങ്ങളിൽക്കൂടി തണുപ്പ് അന്വേഷിച്ചുകൊണ്ട് സഞ്ചരിക്കുന്നു. കണ്ടെത്തുന്നില്ലതാനും. ഞാൻ പുറപ്പെട്ടുപോന്ന എന്റെ വീട്ടിലേക്ക് മടങ്ങിച്ചെല്ലും. എന്ന് അവൻ പറയുന്നു, ഉടനെ വന്നു. അതു ഒഴിഞ്ഞതും അടിച്ചുവാരി അലങ്കരിച്ചതുമായി കാണുന്നു. പിന്നെ അവൻ പുറപ്പെട്ടു, തന്നിലും ദുഷ്ടതയേറിയ വേറെ ഏഴാത്മാക്കളെക്കൂടി കൂട്ടിക്കൊണ്ടുവരുന്നു. അവരും അവിടെ കയറി പാർക്കുന്നു. ആ മനുഷ്യന്റെ പിന്നത്തെ സ്ഥിതി മുമ്പിലത്തേതിലും വല്ലാതെ ആകും..........."
>
> മത്തായി 12:43-45

പാപം വിട്ടപ്പോൾ ഒരു ദുരാത്മാവിനെ ഇറക്കിവിട്ടു. ആ ദുരാത്മാവ് നീരില്ലാത്ത സ്ഥലങ്ങളിലെല്ലാം ചുറ്റി നടന്നു. ഞാൻ വിട്ടുപോന്നിടത്തേക്ക് മടങ്ങിച്ചെല്ലും എന്ന് ഉള്ളം കൊണ്ട് പറഞ്ഞു.

വന്നപ്പോൾ വീട് അടിച്ചുവാരി അലങ്കരിച്ച് കിടക്കുകയാണ്. അവൻ പോയി തന്നിലും ദുഷ്ടതയേറിയ ഏഴ് ദുരാത്മാക്കളെക്കൂടി കൂട്ടിക്കൊണ്ട് വന്നു. ഇപ്പോൾ ഒന്നിന്റെ സ്ഥാനത്ത് എട്ടെണ്ണമായി. അതാണ് ഒരിക്കൽ പ്രകാശനം ലഭിച്ച ദൈവമക്കൾ പിന്നേയും തെറ്റിലേക്ക് പോയാൽ വരുന്ന അനർത്ഥം.

"കുഞ്ഞുങ്ങളെ നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇത് നിങ്ങൾക്ക് എഴുതുന്നു. ഒരുവൻ പാപം ചെയ്തു എങ്കിലോ, നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്ക് പിതാവിന്റെ അടുക്കൽ ഉണ്ട്. അവൻ നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്ത മാകുന്നു"

1 യോഹ. 2:1.

ദൈവത്തിന്റെ കൃപ അനുഭവിച്ചു. കൃപ വ്യാപരിച്ചു. അത്മാവ് ലഭിച്ചു. ആത്മാവിൽ ജീവൻ കിട്ടി. ശരിയായ ഒരു പ്രാർത്ഥനാജീ വിതം തുടങ്ങി. ശരിയായ ഒരു വിശുദ്ധ ജീവിതത്തിന്റെ ആരംഭം കുറിച്ചു.

പക്ഷേ, എവിടെയോ ഇടർച്ച പറ്റി വീണുപോയി, മുന്നോട്ട് ഓടുകയായിരുന്നു, ഉത്സാഹത്തോടെ മുന്നോട്ടോടുകയായിരുന്നു. ഏതോ ഒരു കല്ലിൽ തട്ടി വീണുപോയി. പിശാച് എന്തെല്ലാം ഇടർച്ച ക്കല്ലുകൾ ഇടക്ക് വയ്ക്കുമോ എന്ന് അറിയാൻ പാടില്ല. പാപ ത്തിന്റെ പരിശോധനകൾ, ഇടർച്ചകൾ അവൻ കൊണ്ടുവന്ന് വയ്ക്കും.

ഇടറി വീണ് പോയവർ, വഴുതിവീണുപോയവർ, ശ്രദ്ധയോടെ ഇത് വായിക്കുമോ? നിങ്ങൾക്ക് കർത്താവ് ഈ കൃപയുടെ കാല യളവിൽ ഒരു ചാൻസ് തരികയാണ്. നിങ്ങളെ എഴുന്നേൽപ്പിക്കാൻ കർത്താവ് വരികയാണ്. നിങ്ങൾക്ക് ജീവൻ തരാൻ കർത്താവ് വരികയാണ്.

എന്റെ സ്നേഹിതനായ ലാസർ നിദ്രകൊള്ളുന്നു. ഞാൻ അവനെ ഉണർത്തുവാൻ പോകുന്നു. ഉണർത്തുവാൻ ക്രിസ്തു വരി കയാണ്. ഈ സ്നേഹത്തെ നിങ്ങളൊന്ന് കാണുമോ?

ഇന്ന് നിങ്ങൾ ആ സ്നേഹത്തിനു മുന്നിലൊന്ന് വിനയപ്പെടുമോ? കർത്താവേ ഞാൻ ഇതാ ആത്മാവിൽ മരിച്ചിരിക്കുകയാണ്. എന്ന് നിങ്ങൾ തന്നത്താൻ ഒന്ന് കണ്ടെത്തുമോ? പാപം എന്നെ ബന്ധിച്ചിരിക്കുകയാണ്. പാപം എന്നെ കെണിയിൽ വീഴിച്ചിരിക്കുകയാണ്.

ചില അബദ്ധങ്ങൾ എന്നെ കുടുക്കിലിട്ടിരിക്കുകയാണ്. ചില തെറ്റിദ്ധാരണകൾ എന്നെ കുടുക്കിലിട്ടിരിക്കുകയാണ്, ചില സംശയങ്ങൾ എന്നെ കുടുക്കിലിട്ടിരിക്കുകയാണ്.

എന്റെ കർത്താവേ, ചില ഈർഷ്യകളും, ചില പിണക്കങ്ങളും, എന്റെ ഹൃദയത്തിലുണ്ട്. പിടിവാശികളും നിർബന്ധങ്ങളും അശുദ്ധ വിചാരങ്ങളും എന്നെ കെണിയിലാക്കിയിരിക്കയാണ്.

ചില പ്രേമബന്ധങ്ങൾ എന്നെ കുടുക്കിലിട്ടിരിക്കുകയാണ്, ഇങ്ങനെ അനേകമനേകം പാപങ്ങൾ ജീവിതത്തിലുണ്ട്.

അതുകൊണ്ട് എന്റെ ആത്മാവ് മരിച്ചിരിക്കുകയാണ്. പാപത്തിന്റെ ശമ്പളമായ മരണം എന്നിൽ വാഴുകയാണ്. എന്റെ ആത്മാവ് ബന്ധനത്തിലാണ്.

ബന്ധനങ്ങളഴിക്കാൻ യേശുക്രിസ്തുവിന് മാത്രമേ കഴിയൂ.

ലാസറിന്റെ കല്ലറയുടെ അടുത്തെത്തിയപ്പോൾ മാർത്ത പറഞ്ഞു: കർത്താവേ, നാറ്റംവെച്ചു തുടങ്ങി, നാലുദിവസമായില്ലേ.

യേശു അവളോട് പറഞ്ഞു:

"വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും."

കല്ലറയ്ക്ക് പുറത്ത് നാറ്റമില്ല. അനേകർക്കും പുറമേ പ്രകട

മായ പാപങ്ങളില്ല. വെള്ളതേച്ച ശവക്കല്ലറപോലെ. അകമെ ചതിയും ദുഷ്ടതയും വൈരാഗ്യവും അശുദ്ധിയും നിറഞ്ഞിരിക്കുന്നു. അഹങ്കാരവും സ്വാർത്ഥതയും സ്വയ മഹത്വവും സ്ഥാന മോഹവും ദ്രവ്യാഗ്രഹവും ഉള്ളിൽ മറഞ്ഞിരിക്കുന്നു.

യേശു കല്ലറയ്ക്കുള്ളലേക്ക് തലനീട്ടി വിളിച്ചു.

“ലാസറേ, പുറത്തു വരിക.”

ഒരു ഭക്തൻ പറഞ്ഞിട്ടുണ്ട്, ലാസറിനെ യേശു പേർ ചൊല്ലി വിളിച്ചില്ലായിരുന്നുവെങ്കിൽ, ‘പുറത്തുവരിക’ എന്ന് മാത്രമേ പറഞ്ഞിരുന്നുള്ളുവെങ്കിൽ അവിടെ കിടക്കുന്ന ശവശരീരങ്ങൾ എല്ലാം ഉയിർത്തെഴുന്നേൽക്കുമായിരുന്നു എന്ന്.

മരിച്ച ലാസർ ഉയിർത്തെഴുന്നേറ്റ് പുറത്തുവന്നു.

എങ്ങനെ ശവസംസ്ക്കാരം നടത്തിയിരുന്നോ അതുപോലെയാണ് പുറത്തു വന്നത്. “കാലും കൈയും കെട്ടിയും മുഖം റൂമാൽ കൊണ്ട് മൂടിയും ഇരുന്നു.” “അവന്റെ കെട്ടഴിപ്പിൻ അവൻ പോകട്ടെ” എന്ന് യേശു പറഞ്ഞു.

ലാസറിനെ ഉയിർപ്പിച്ചതുപോലെ ആത്മാവിൽ മരിച്ചുകിടക്കുന്ന ആരെയും ഉയിർപ്പിക്കുവാൻ യേശുവിന് മനസ്സാണ്. ഇത് വായിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ ക്രിസ്തുവിനോട് പറയൂ: നാഥാ, പാപം മൂലം ഞാൻ ആത്മാവിൽ മരിച്ചിരിക്കുന്നു. എന്നെ ജീവിപ്പിക്കണമേ, ഇന്നു മുതൽ ഞാനൊരു പുതിയ സൃഷ്ടിയായി ജീവിച്ചുകൊള്ളാം.

## അഞ്ച്

ധൈര്യപ്പെടുത്തുന്ന കൈകൾ. Encouraging Hands

''യേശു അടുത്തു ചെന്ന് അവരെ തൊട്ടു, എഴുന്നേൽപ്പിൻ, ഭയപ്പെടേണ്ട എന്നു പറഞ്ഞു"

മത്തായി - 17. 7

ധൈര്യഹീനനായി പോകുന്ന മനുഷ്യനെ ധൈര്യശാലിയാക്കുന്ന കൈകൾ! ഭയപ്പെട്ടു വിഷാദിച്ചു, തളർന്നു പോകുന്ന മനുഷ്യനെ പ്രോത്സാഹിപ്പിക്കുന്ന കൈകൾ! നിരാശപ്പെട്ട് അവശതയോടിരിക്കുന്നവനെ ഉത്തേജിപ്പിച്ച് മുന്നോട്ട് നയിക്കുന്ന കൈകൾ.

നിങ്ങളുടെ മോൻ പരീക്ഷയുടെ മാർക്ക് പറയാൻ മടിച്ചു നില്ക്കുകയാണ്.

പരീക്ഷാഫലം വന്നു, മാർക്ക് പറയാൻ പേടി.

എന്താണ് കാരണം? മാർക്ക് കുറഞ്ഞു പോയി. അപ്പനറിഞ്ഞാൽ ദേഷ്യപ്പെടും. അമ്മയറിഞ്ഞാൽ അമ്മയ്ക്ക് വിഷാദമാകും. അമ്മ ഒരു പക്ഷെ തല്ലും, അതല്ലെങ്കിൽ സങ്കടത്തോടെ ഇരുന്ന്, നീ ഏതായാലും ഗുണം പിടിക്കില്ല എന്ന് പ്രാകും. കുട്ടി സങ്കടത്തോടെ നില്ക്കുകയാണ്.

എന്നാൽ കുട്ടിക്ക് തുറന്നു പറയാനുള്ള സ്വാതന്ത്ര്യം നിങ്ങൾ കൊടുക്കണം. ആ കുട്ടി പാവം കഷ്ടപ്പെട്ടു പഠിച്ചു. മാർക്ക് അത്രയേ കിട്ടിയുള്ളു. നിങ്ങൾക്ക് ആ മോനെ ഒന്ന് പ്രോത്സാഹിപ്പിച്ചുകൂടേ.

സാരമില്ല മോനെ, സാരമില്ല മോളെ, അടുത്ത പ്രാവശ്യം കുറച്ച് കൂടി മാർക്ക് കിട്ടും. പ്രോത്സാഹിപ്പിക്കുക.

“യേശു അടുത്തു ചെന്ന് അവരെ തൊട്ടു. ”അവർ തളർന്ന് പോയിരുന്നു. അപ്പോസ്തലനായ പത്രോസും, യാക്കോബും, യോഹന്നാനും.

ഒരു കരിനിഴൽ പോലെ അവരുടെ ജീവിതത്തിൽ നിരാശ വരികയോ, ഒരു തളർച്ച വരികയോ, ചെയ്തു. കാരണം അല്പം മുമ്പ് അവർ കേട്ട ശബ്ദം ഞെട്ടിക്കുന്നതായിരുന്നു.

> “ഇവൻ എന്റെ പ്രിയ പുത്രൻ, ഇവന്നു നിങ്ങൾ ചെവികൊടുപ്പിൻ.”
>
> മത്തായി

മോശയും ഏലിയാവും മഹത്വത്തിൽ പ്രത്യക്ഷപ്പെട്ട് യേശു ക്രിസ്തുവിനോട് സംസാരിക്കുകയായിരുന്നു.

സ്വർഗ്ഗീയ തേജസ്സ് കണ്ടപ്പോൾ പത്രോസ് മതി മറന്ന് പോയി. പത്രോസ് വിളിച്ചു പറഞ്ഞു : “കർത്താവേ, നാം ഇവിടെ ഇരിക്കു

ന്നത് നല്ലത്." ഇവിടെത്തന്നെ ഇരുന്നാൽ മതി. എന്തു സുഖം! ഇതൊരു സ്വർഗ്ഗീയ സദസ്സ് തന്നെ! സ്വർഗ്ഗം ഭൂമിയിൽ ഇറങ്ങിവന്നി രിക്കുന്നു!

ഞങ്ങൾ മൂന്നു കുടിൽ ഉണ്ടാക്കാം - ഒന്ന് നിനക്കും, ഒന്ന് മോശയ്ക്കും, ഒന്ന് ഏലിയാവിനും.

മൂന്നു കുടിൽ! പത്രോസ് പറഞ്ഞത് എന്താണെന്ന് അറിയാതെ പറഞ്ഞതാണെന്ന് ലൂക്കോസ് പറയുന്നു.

ലൂക്കോസ് 9:33

താൻ പറയുന്നത് ഇന്നത് എന്നറിയാതെ പത്രോസ് പറയുക യാണ്.

ഒന്ന് നിനക്കും, ഒന്ന് മോശയ്ക്കും, ഒന്ന് ഏലിയാവിനും, പത്രോസിന് സ്വർഗ്ഗമെന്താണെന്ന് പിടികിട്ടിയില്ല. യേശുവിനു ണ്ടെങ്കിൽ, യേശുവിന്റെ കൂടാരത്തിൽ മോശയുണ്ട്, എലിയാവു ണ്ട്. വേറൊരു കൂടാരം വേണ്ട. യേശുവിനു കൂടാരം ഉണ്ടെങ്കിൽ അവിടെ വിശുദ്ധന്മാർ എല്ലാം ഉണ്ട്.

മണവാളനുണ്ടെങ്കിൽ മണവാളന്റെ മണവാട്ടിയുമുണ്ട്. മണ വറയാണെങ്കിൽ മണവാളനും മണവാട്ടിയും ഉണ്ട്. യേശുക്രി സ്തുവുണ്ടെങ്കിൽ യേശുക്രിസ്തുവിന്റെ വിശുദ്ധന്മാർ അവിടെ ഉണ്ട്. പിന്നെ വിശുദ്ധന്മാർക്ക് വേറൊരു കൂടാരം വേണ്ട. കാര്യം ഗ്രഹിക്കാതെയാണ് പത്രോസ് പറഞ്ഞത്. ഒന്നും ചിന്തിക്കാതെ തിടുക്കത്തിൽ.

തന്നെയുമല്ല, പത്രോസ് യേശുവിന്റെ ഒപ്പം മോശയെയും ഏലിയാവിനെയും കരുതി. ഉടനെ ദൈവത്തിന്റെ ശബ്ദം -

“ഇവനെന്റെ പ്രിയപുത്രൻ, ഇവനു ചെവികൊടുപ്പിൻ.”

ദൈവത്തിന്റെ പ്രിയ പുത്രനിൽ നിന്നും ശ്രദ്ധ മാറ്ററുത്. യേശുവിൽ നിന്നും ശ്രദ്ധ മാററുത്. സ്വർഗ്ഗം നേരിട്ട് ഇടപ്പെട്ടു. പ്രിയ പുത്രനിൽ നിന്നും ശ്രദ്ധ മാറിയാൽ സ്വർഗ്ഗം ഇടപെടും. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെയാണ് നോക്കേണ്ടത്. എബ്രാ 12:2.

വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുക.

നിങ്ങളുടെ ശ്രദ്ധ കേന്ദ്രീകൃതമായിരിക്കേണ്ടത് ക്രിസ്തുവിൽ മാത്രം. മനുഷ്യരിലേക്ക് ശ്രദ്ധ പോകരുത്. പരിശുദ്ധന്മാരെ ആദരിക്കാം. ആരാധിക്കരുത്. രക്ഷകൻ ഒരുവനേ ഉള്ളൂ. രക്ഷകന്മാർ പലരില്ല. ഒരേ ഒരു രക്ഷകൻ മാത്രം.

> “മറ്റൊരുത്തനിലും രക്ഷയില്ല. നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൽ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവുമില്ല”
>
> അപ്പോ. പ്രവൃത്തികൾ. 4:12

> “അവൻ പറയുമ്പോൾ തന്നെ പ്രകാശമുള്ളോരു മേഘം അവരുടെ മേൽ നിഴലിട്ടു. മേഘത്തിൽ നിന്നു : ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിക്കുന്നു, ഇവന്നു ചെവി കൊടുപ്പിൻ എന്നൊരു ശബ്ദവും ഉണ്ടായി. ശിഷ്യന്മാർ അത് കേട്ടിട്ടു എറ്റവും ഭയപ്പെട്ടു കവീണ്ണു വീണു യേശു അടുത്തു ചെന്ന് അവരെ തൊട്ടു : എഴുന്നേല്പ്പിൻ ഭയപ്പെടേണ്ട എന്ന് പറഞ്ഞു.”
>
> മത്തായി - 17 . 5-7

ദൈവശബ്ദം കേട്ടപ്പോൾ ഭയപ്പെട്ടു പോയി.

"അരിഷ്ടനും മനസ്സുതകർന്നവനും എന്റെ വചന ത്തിങ്കൽ വിറയ്ക്കുന്നവനുമായ മനുഷ്യനെ ഞാൻ കടാക്ഷിക്കും."

യെശയ്യാ. 66:2

ദൈവത്തിൽ നിന്നും അനുഗ്രഹം വേണമോ, വചനത്തി ങ്കൽ വിറയ്ക്കണം. ''ഭയപ്പെടേണ്ട,'' അവർ തളർന്നു വീണപ്പോൾ യേശു ക്രിസ്തു ചെന്ന് അവരെ തൊട്ടു. ആ കൈകൾ പ്രോത്സാഹിപ്പിക്കുന്ന കൈകളാണ്. ഭയം മാറ്റുന്ന കൈകളാണ്.

ഞാൻ ചിലപ്പോൾ തളർന്ന് പോയിട്ടുണ്ട്. എന്നാൽ അധിക നേരം തളർന്നിരിക്കാൻ എന്റെ നാഥൻ എന്നെ അനുവദിച്ചിട്ടില്ല. അവൻ വന്ന് എന്നെ തലോടിയിട്ടുണ്ട്. അവൻ വന്ന് എനിക്ക് ധൈര്യം തന്നിട്ടുണ്ട്.

പലപ്പോഴും വാടിപ്പോയപ്പോൾ, പലപ്പോഴും തളർന്നു പോയപ്പോൾ, അവൻ എന്നെ ധൈര്യപ്പെടുത്തുകയും ആശ്വാസം തരുകയും ചെയ്തിട്ടുണ്ട്. അത് കൊണ്ടാണ് ഞാൻ യേശുവിനെ സാക്ഷിക്കുന്നത്.

പലരും തെറ്റിദ്ധരിച്ചിട്ടും, പലരും കളിയാക്കിയിട്ടും ഞാൻ എന്റെ കർത്താവേ, നിന്റെ വേലക്കാരനായി അന്ത്യത്തോളം നില്ക്കുമെന്ന് ഉറപ്പു കൊടുത്തിരിക്കുന്നത് യേശുനാഥൻ എന്നെ ധൈര്യപ്പെടുത്തിയതുകൊണ്ടാണ്. യേശു നിങ്ങളെയും പ്രോത്സാഹിപ്പിക്കും.

ചിന്തിക്കൂ: എന്റെ മനസ്സ് വാടിയിരിക്കുന്നത് ഏത് കാര്യത്തി

ലാണ് ? എന്റെ മുഖം മ്ലാനമായിരിക്കുന്നത് ഏതെല്ലാം കാര്യങ്ങളി ലാണ് ? എന്നെ അലട്ടുന്നത് ഇന്ന് ഏതെല്ലാം പ്രശ്നങ്ങളാണ് ? എന്റെ കുടുംബത്തിൽ ഇന്ന് പ്രയാസമുള്ളത് ഏതെല്ലാം കാര്യങ്ങളി ലാണ് ?

ദൈവമക്കളെ, നിങ്ങളുടെ പ്രശ്നം എന്തു തന്നെയായിരുന്നാ ലും, എത്ര ഗുരുതരമാണെങ്കിലും, നിങ്ങൾ പറയണം. കർത്താവേ, നിന്റെ വചനം ഞാൻ വിശ്വസിക്കുന്നു. തലമുടി നാരു പോലും എണ്ണിയിരിക്കുന്നു എന്നു നീ കല്പിച്ചിട്ടുണ്ട്. തലമുടി നാര് എത്രയെന്ന് എനിക്കറിഞ്ഞുകൂടാ. പക്ഷെ നിനക്ക് എണ്ണമ റിയാമല്ലോ. ഒരെണ്ണം കൊഴിഞ്ഞ് താഴെ വീണാൽ അത് നീ അറി ഞ്ഞിരിക്കും. അതു നിന്റെ വചനമാണ്.

എന്റെ സ്വർഗ്ഗസ്ഥനായ പിതാവ് അറിയാതെ ഒരു തലമുടി ഇഴ പോലും കൊഴിഞ്ഞ് പോവുകയില്ല എന്ന് നിന്റെ തിരുവചനം ഉണ്ട്. എങ്കിൽ കർത്താവേ, നീ അറിയാതെ ജീവിതത്തിൽ ഒന്നും സംഭവി ക്കയില്ല. കർത്താവേ, ഞാനിത് വിശ്വസിക്കുന്നു.

ഓരോ പ്രശ്നത്തിന്റെ കൂടെയും ക്രിസ്തു പ്രവർത്തിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. എല്ലാം നന്മയ്ക്കായി മാറ്റുമെന്ന് ഞാൻ വിശ്വസിക്കുന്നു.

കർത്താവേ, നീ എനിക്ക് അനുകൂലമായിരിക്കാൻ തക്കവണ്ണം പാപം എന്നിൽ വരാതെ തിരുരക്തത്തിന്റെ കോട്ടയ്ക്കകത്ത് എന്നെ കാത്താൽ മതി.

നിങ്ങൾ വിശ്വാസത്തോടെ പറയുമോ? യേശു പ്രോത്സാഹനം തരും.

"യേശു വന്നു, അവരുടെ മേൽ തൊട്ടു, എഴുന്നേല്പ്പിൻ, ഭയപ്പെടേണ്ട" എന്നു പറഞ്ഞു.

എഴുന്നേല്പിക്കുന്ന ക്രിസ്തു! തളർച്ച മാറ്റുന്ന ക്രിസ്തു! ക്ഷീണം മാറ്റുന്ന ക്രിസ്തു! ധൈര്യം പകരുന്ന ക്രിസ്തു!

അവനത്രേ ഇന്ന് ഇപ്പോൾ, നിങ്ങളുടെ അരികത്ത് വന്നിരിക്കുന്നത്. നിങ്ങൾ പറയൂ: “യേശുവേ, ഇന്നു മുതൽ ഞാൻ നിന്റെ വക.”

## ആറ്

അനുഗ്രഹിക്കുന്ന കൈകൾ. Blessing Hands.

"അനന്തരം, അവൻ അവരെ ബേഥാന്യയോളം കൂട്ടിക്കൊണ്ടുപോയി. കൈ ഉയർത്തി അവരെ അനുഗ്രഹിച്ചു."

ലൂക്കൊസ് 24:50

"അവൻ തക്കസമയത്ത് നിങ്ങളെ ഉയർത്തേണ്ടതിന് അവന്റെ ബലമുള്ള കൈക്കീഴ് താണിരിപ്പിൻ"

"ദൈവത്തിന്റെ കൈക്കീഴ് താണിരിപ്പിൻ", എന്ന് പറഞ്ഞാൽ ദൈവത്തിന്റെ പരിശുദ്ധാത്മാവിന് വിധേയപ്പെട്ടിരിക്കുകയെന്നാണ് അർത്ഥം. പരിശുദ്ധാത്മാവിന്റെ വചനത്തിന് കീഴ്പ്പെട്ട് അനുസരിക്കുക.

യേശുക്രിസ്തുവിന്റെ നാമത്തിൽ പ്രാർത്ഥിക്കും. യേശുക്രിസ്തുവിന്റെ നാമത്തിൽ കൂടിവരും. രണ്ടോ മൂന്നോ പേർ എന്റെ

നാമത്തിൽ കൂടിവരുന്നവരുന്നേടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ട് എന്ന് കർത്താവ് പറഞ്ഞു. യേശുവിന്റെ നാമത്തിൽ എന്ന് പറഞ്ഞാൽ ദൈവത്തിന്റെ പരിശുദ്ധാത്മാവിൽ കൂടിവരിക എന്നാണതിന്റെ അർത്ഥം.

യേശുക്രിസ്തുവിന്റെ നാമത്തിൽ പാപമോചനം. യേശുക്രിസ്തുവിന്റെ നാമത്തിൽ രോഗസൗഖ്യം, യേശുക്രിസ്തുവിന്റെ നാമത്തിൽ അത്ഭുതങ്ങൾ, യേശുക്രിസ്തുവിന്റെ നാമത്തിൽ അടയാളങ്ങൾ.

"In the name of Lord Jesus Christ" യേശുക്രിസ്തുവിന്റെ നാമം. പരിശുദ്ധാത്മാവിനെ കാണിക്കുന്നു.

ഒന്നുകൂടെ ലളിതമായി പറഞ്ഞാൽ Care of. നാം ഏതൊരു കാര്യവും യേശുക്രിസ്തുവിന്റെ care of ലാണ് ചെയ്യുന്നത്. പിതാവിന്റെ സന്നിധിയിൽ നാം പ്രാർത്ഥനയ്ക്കായി ചെല്ലുന്നത്, ദൈവത്തിന്റെ വചനശുശ്രൂഷയ്ക്കായിട്ട് എഴുന്നേല്ക്കുന്നത്, എല്ലാം യേശുക്രിസ്തുവിന്റെ കെയർ ഓഫിലാണ്, യേശുക്രിസ്തുവിന്റെ നാമത്തിലാണ്.

> "ഇന്നുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നും അപേക്ഷിച്ചിട്ടില്ല. അപേക്ഷിപ്പിൻ, എന്നാൽ നിങ്ങളുടെ സന്തോഷം പൂർണ്ണമാകുംവണ്ണം നിങ്ങൾക്ക് ലഭിക്കും."
>
> യോഹ 16:24.

എന്റെ നാമത്തിൽ നിങ്ങൾ ഇതുവരെ ഒന്നും അപേക്ഷിച്ചിട്ടില്ല. ആ കെയർ ഓഫിൽ വേണം അപേക്ഷിക്കാൻ. ആർക്കും സ്വന്തം നിലയിൽ ദൈവത്തിന്റെ അടുക്കലേക്ക് ചെല്ലാൻ സാധിക്കില്ല. ലോകത്ത് ഒരു മനുഷ്യനും സാധിക്കുകയില്ല.

ദൈവം അടുത്തുകൂടാത്ത വെളിച്ചമാണ്. അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്ന ദൈവത്തിന്റെ അടുക്കലേക്ക് എങ്ങനെ നാം ചെല്ലും? നാമെല്ലാവരും മനുഷ്യരാണ്. നാം എല്ലാവരും ബലഹീനരാണ്.

എന്നാൽ നമുക്ക് ദൈവത്തിന്റെ സന്നിധിയിലേക്ക് ചെല്ലാം. യേശുക്രിസ്തുവിന്റെ കെയർഓഫിൽ. ദൈവം മനുഷ്യനായി അവതരിച്ചത് അതിനുവേണ്ടിയാണ്. ഒരിക്കലും ദൈവത്തോട് അടുക്കാത്ത മനുഷ്യന്റെ അരികിലേക്ക് ദൈവം അടുക്കുകയാണ്. അതാണ് ക്രിസ്തു.

മനുഷ്യനെപ്പോലെ കർത്താവ് നടന്നു. മനുഷ്യനെപ്പോലെ നിത്യനായ ദൈവം ഭൂമിയിൽ ഭക്ഷണം കഴിച്ചു. സർവ്വശക്തനായ കർത്താവ് യാത്ര ചെയ്തു. കരുണയുള്ള കർത്താവ് മനുഷ്യനെപ്പോലെ സംസാരിച്ചു.

നിത്യനായ ദൈവത്തിന്റെ കൈ എല്ലാം മെനഞ്ഞു. യേശുവിന്റെ കൈ വീര്യം പ്രവർത്തിച്ചു. യേശുക്രിസ്തുവിന്റെ കരം രോഗസൗഖ്യം നൽകി. യേശുക്രിസ്തുവിന്റെ കരം കുഷ്ഠരോഗിക്ക് സൗഖ്യം കൊടുത്തു. യേശുക്രിസ്തുവിന്റെ കരം കണ്ണുകുരുടന് കാഴ്ച കൊടുത്തു. യേശുക്രിസ്തുവിന്റെ കരം ശവമഞ്ചത്തിൽ തൊട്ടപ്പോൾ ശവമഞ്ചത്തിൽ മരിച്ചു കിടന്ന യുവാവ് ഉയർത്തെഴുന്നേറ്റു.

കഫർന്നഹൂമിലെ ചെറുഭവനത്തിലേക്ക് യേശു ചെന്നു. ജ്വരം പിടിച്ചു കിടന്ന വൃദ്ധയായ സ്ത്രീയെ, പത്രോസിന്റെ അമ്മായിയമ്മയെ - യേശുക്രിസ്തുവിന്റെ കരം തൊട്ടു, സൗഖ്യം പ്രാപിച്ചു. ജ്വരം മാറി ഉടനെ എഴുന്നേറ്റ് കർത്താവിന് ശുശ്രൂഷ ചെയ്തു.

യേശുക്രിസ്തുവിന്റെ കരം ഇന്നും പ്രവർത്തിക്കുന്നു. നാം ആ കൈകൾ ഇന്ന് കാണുന്നില്ല. ക്രിസ്തുവിന്റെ മുഖം കാണുന്നില്ല. ആ ആകൃതി കാണുന്നില്ല. ആത്മാവിലാണ് യേശുവിനെ കാണുന്നത്. ആത്മാവിലേ കാണാൻ പറ്റൂ. ആത്മാവിലായാലേ ക്രിസ്തുവിനെ കാണാൻ പറ്റുകയുള്ളൂ.

‘‘ഞാൻ മരിക്കും മുമ്പെ പോയി അവനെ കാണും.’’ ഉല്പ്പത്തി. 45:28 യാക്കോബ് പറയുകയാണ്. യാക്കോബ് യൗസേഫിനെ കാണാൻ പോകുന്ന കാര്യമാണ് പറയുന്നത്. പക്ഷേ അതിന്റെ ആത്മീയമായ അർത്ഥം നാം ചിന്തിക്കേണ്ടതാണ്.

യൗസേഫ് ജീവനോടിരിക്കുന്നു. ഞാൻ മരിക്കും മുമ്പെ പോയി അവനെ കാണും. മരിക്കുന്നതിന് മുമ്പ് എനിക്ക് എന്റെ മകനെപോയി കാണണം. മരിച്ചുവെന്നാണ് ഞാൻ വിചാരിച്ചിരുന്നത്. പക്ഷേ യോസേഫ് മരിച്ചിട്ടില്ല. അവൻ ജീവനോടിരിക്കുന്നു. ഞാൻ മരിക്കുന്നതിനു മുമ്പേ പോയി അവനെ കാണും.

ഈ ഭൂമിയിൽ നാം ജീവിച്ചിരിക്കുമ്പോൾത്തന്നെ കർത്താവായ യേശുവിനെ കാണണം. എങ്ങനെ കാണും? ഞാൻ മനുഷ്യനാണ്. മനുഷ്യനായ ഞാൻ എങ്ങനെ ദൈവത്തെ കാണും. ഞാൻ ജഡീകനാണ്. ജഡീകനായ ഞാൻ എങ്ങനെ ദൈവത്തെ കാണും? ഞാൻ പ്രാകൃതനാണ്. പ്രാകൃതനായ ഞാൻ എങ്ങനെ ദൈവത്തെ കാണും? ഞാൻ മൺമയനാണ്. മൺമയനായ ഞാൻ എങ്ങനെ ദൈവത്തെ കാണും? ദൈവം ആത്മാവാണ്. ആത്മാവായ ദൈവത്തെ ആത്മാവിലേ കാണാൻ പറ്റൂ. ഞാൻ ആത്മാവായി മാറണം എന്ന് പറഞ്ഞാൽ എന്താണ്? ഞാൻ ആത്മീയനായി മാറണം. എന്റെ ജഡമയ പ്രകൃതി എന്നിൽ നിന്ന് കത്തിപ്പോകണം.

എന്റെ കോപം കത്തിപ്പോകണം. . എന്റെ വഴക്ക് കത്തിപ്പോക

ണം. എന്റെ വിഷയാസക്തി, ജഡീകമോഹങ്ങൾ കത്തിപ്പോകണം. എന്റെ ദ്രവ്യാഗ്രഹം കത്തിപ്പോകണം. എന്റെ അസൂയ കത്തിപ്പോകണം. എന്റെ ഹൃദയത്തിലുള്ളതായ സ്വാർത്ഥത കത്തിപ്പോകണം.

തൻകാര്യം മാത്രമേ ചെയ്യൂ, തൻകാര്യം മാത്രമേ നോക്കൂ, തന്നിഷ്ടം മാത്രമേ പ്രവർത്തിക്കൂ എന്നുള്ള എന്റെ സ്വയം- ego കത്തിപ്പോകണം. എന്റെ അഹന്ത കത്തിപ്പോകണം. എന്റെ സൂത്രം, എന്റെ കൗശലം, എന്റെ ഉപായം, എല്ലാം കത്തിപ്പോകണം. എന്റെ പഴയ മനുഷ്യന്റെ പ്രകൃതമെല്ലാം കത്തിപ്പോകണം. പരിശുദ്ധാത്മാവാകുന്ന തീ എന്നിൽ ഇറങ്ങുമ്പോൾ ഇവയെല്ലാം കത്തിപ്പോകും.

പരിശുദ്ധാത്മാവിന്റെ തീ ഈ പ്രാകൃതനായ മനുഷ്യനിൽ ഇറങ്ങി പ്രാകൃതനായവനെ ആത്മീയനാക്കി മാറ്റേണ്ടതാണ്. ഞാൻ വ്യക്തിപരമായി ഇത് അനുഭവിച്ചില്ലെങ്കിൽ എനിക്കാണ് നഷ്ടം.

യഹോവയുടെ കൈ പ്രവർത്തിക്കുന്നു. ദൈവത്തിന്റെ കൈ ഉയർന്നിരിക്കുന്നു. ദൈവത്തിന്റെ കൈ വീര്യം പ്രവർത്തിക്കുന്നു.

The Blessing Hands - അനുഗ്രഹിക്കുന്ന കരങ്ങൾ. അവൻ കരം ഉയർത്തി അവരെ അനുഗ്രഹിച്ചു.

വേദപുസ്തകം വായിക്കുമ്പോൾ പ്രത്യേകിച്ചും ലൂക്കോസിന്റെ സുവിശേഷത്തിൽ വ്യക്തമായി കാണാവുന്ന ഒരു പദമാണ് അനുഗ്രഹിച്ചു എന്നുള്ളത്.

ക്രിസ്തു എന്നും അനുഗ്രഹിക്കുന്നവനാണ്. നാം എന്നും പ്രാർത്ഥിക്കും. "കർത്താവേ, എന്നെ അനുഗ്രഹിക്കണമേ, കർത്താവേ കൃപ ചെയ്ത് എന്നോട് അനുഗ്രഹം ചെയ്യണമേ, കർത്താവേ, ഉത്തരമരുളിച്ചെയ്ത് എന്റെമേൽ അനുഗ്രഹം ചെയ്യ

ണമേ. കർത്താവേ എന്റെ ശുശ്രൂഷകളും നമസ്ക്കാരങ്ങളും കൈക്കൊണ്ട് എന്റെ മേൽ അനുഗ്രഹം ചെയ്യണമേ.” നാമെല്ലാം അങ്ങനെ പ്രാർത്ഥിക്കുന്നവരാണ്. പ്രാർത്ഥിക്കണം. പക്ഷേ എന്താണ് ഈ അനുഗ്രഹം?

അബ്രാഹാമിനെക്കുറിച്ച് നാം പഠിക്കുമ്പോൾ ബൈബിളിലെ ആദ്യത്തെ പതിനൊന്ന് അദ്ധ്യായം വ്യവസ്ഥ കൂടാതെയുള്ള അനുഗ്രഹത്തെക്കുറിച്ച് പറയുന്നു. ഒരു വ്യവസ്ഥയുമില്ല. ദൈവം മനുഷ്യനെ അനുഗ്രഹിക്കുകയാണ്. ഒരു വ്യവസ്ഥയും നോക്കാതെ സൗജന്യമായി ദൈവം അനുഗ്രഹിക്കുന്നു.

എന്നാൽ ഉല്പത്തി പുസ്തകം 12-ാം അദ്ധ്യായം മുതൽ 50-ാം അദ്ധ്യായം വരെ വായിക്കുമ്പോൾ, വ്യവസ്ഥകളിന്മേലുള്ള അനുഗ്രഹമാണ് കാണുന്നത്. അബ്രാഹാമിനെ വ്യവസ്ഥകളോടു കൂടെ അനുഗ്രഹിച്ചു. യിസ്ഹാക്കിനെ വ്യവസ്ഥകളോടും കൂടെ അനുഗ്രഹിച്ചു. യാക്കോബിനെ വ്യവസ്ഥയോടു കൂടെ അനുഗ്രഹിച്ചു. ഈയൊരു കാഴ്ചപ്പാടിൽ ഇനി നിങ്ങൾ വേദപുസ്തകം വായിക്കുകയാണെങ്കിൽ അപ്പോൾ നിങ്ങൾക്ക് കൂടുതൽ കൂടുതൽ ആശയങ്ങൾ മനസ്സിലാകും. ദൈവം ആദ്യം സൗജന്യമായി അനുഗ്രഹിക്കുന്നു. എന്നാൽ പിന്നീട് വ്യവസ്ഥകളോടു കൂടെ അനുഗ്രഹിക്കുകയാണ്.

മനുഷ്യൻ വ്യവസ്ഥ പാലിക്കുമ്പോൾ ദൈവം അനുഗ്രഹം പെരുക്കുന്നു.

ഞാൻ ദൈവത്തിന്റെ ഇച്ഛ നിറവേറ്റും തോറും എനിക്ക് അനുഗ്രഹം കൂടിക്കൂടി വരുന്നു. ഞാൻ ദൈവത്തിന്റെ ആലോചനയ്ക്ക് വഴിപ്പെട്ട് വരുംതോറും ദൈവത്തിന്റെ അനുഗ്രഹം എന്റെമേൽ

വർദ്ധിച്ച് വർദ്ധിച്ച് വരുന്നു. കർത്താവ് കൈ ഉയർത്തി അവരെ അനുഗ്രഹിച്ചു.

ലൂക്കോസിന്റെ സുവിശേഷം ഒന്നാം അദ്ധ്യായത്തിൽ നാം കാണുന്നത് യെരുശലേമിലെ ഒരു ദേവാലയത്തിൽ നിരാശനായി മുഖം വാടി സങ്കടത്തോടെ മൗനിയായി നില്ക്കുന്ന ഒരു പുരോ ഹിതനെയാണ്. സെഖര്യാ പുരോഹിതൻ. പല വിഷയങ്ങളിൽ ആകുലപ്പെട്ട് നില്ക്കുന്ന സെഖര്യാ പുരോഹിതൻ. മക്കൾ ഇല്ലല്ലോ എന്നോർത്ത് വിഷമിച്ച് നില്ക്കുന്ന സെഖര്യാ പുരോഹിതൻ, എന്റെ പ്രാർത്ഥന കേൾക്കുന്നില്ലല്ലോ എന്നോർത്ത് നില്ക്കുന്ന പുരോഹിതൻ.

ദൈവത്തിന്റെ ദൂതനായ ഗബ്രിയേൽ പ്രത്യക്ഷപ്പെട്ട് സെഖ ര്യാവോട് സംസാരിച്ചുകഴിയുമ്പോൾ പിന്നെ നാം കാണുന്നത് സംശായാലുവായ പുരോഹിതൻ, അദ്ദേഹം അതോടു കൂടി മൗനി യായി, അവിശ്വാസിയുമായി.

യെരുശലേമിലാണ് ലൂക്കോസിന്റെ സുവിശേഷം തുടങ്ങു ന്നത്. യെരുശലേമിൽ തന്നെയാണ് ലൂക്കോസിന്റെ സുവി ശേഷം അവസാനിക്കുന്നത്. കർത്താവ് കരം ഉയർത്തി അനു ഗ്രഹിച്ചത് യെരുശലേമിലാണ്. ഈ മൂന്നര കൊല്ലത്തിന്റെ ഇടയ്ക്ക് എന്തെല്ലാമാണ് സംഭവിച്ചത്. ചെറിയ ഒരു കാലയള വിനിടയ്ക്ക് എന്തെല്ലാം കാര്യങ്ങൾ. സംഭവബഹുലമായ ഒരു കാലയളവ്.

ദേവാലയത്തിൽ ശുശ്രൂഷകളുണ്ട്, ആരാധനയുണ്ട്, നമസ്ക്കാ രമുണ്ട്. പക്ഷേ ആത്മാവിന്റെ സന്തോഷമോ സമാധാനമോ അവി ടെയില്ല. എന്നാൽ അതേ യെരുശലേമിൽ വെച്ചു

"............ കൈ ഉയർത്തി അവരെ അനുഗ്രഹിച്ചു. അവരെ അനുഗ്രഹിക്കയിൽ അവൻ അവരെ വിട്ടു പിരിഞ്ഞു. (സ്വർഗ്ഗാരോഹണം ചെയ്തു) മഹാസ ന്തോഷത്തോടെ യെരുശലേമിലേക്കു മടങ്ങിച്ചെന്നു എല്ലായ്പ്പോഴും ദൈവാലയത്തിൽ ഇരുന്നു ദൈവത്തെ വാഴത്തിപ്പോന്നു."

ലൂക്കോസ് 50:53

ലൂക്കോസിന്റെ സുവിശേഷത്തിലെ അവസാനത്തെ അദ്ധ്യാ യത്തിൽ "മഹാസന്തോഷം" ദൈവത്തെ വാഴ്ത്തിപ്പോരുന്നു. ചട ങ്ങിനുള്ള ആരാധനയല്ല അവിടെ ജീവനുള്ള ക്രിസ്തു അവരെ കൈ ഉയർത്തി അനുഗ്രഹിച്ചു, അനുഗ്രഹം ഏറ്റുവാങ്ങിക്കഴിഞ്ഞ പ്പോൾ അവിടെ ആരാധന ആരംഭിക്കുകയാണ്. അവിടെ മഹാസ ന്തോഷം ആരംഭിക്കുകയാണ്.

നിങ്ങൾക്കിപ്പോഴും ധ്യാനിക്കാം. കർത്താവേ, ഒരു കാലത്ത് ഞാൻ നിരാശനായിരുന്നു, ഒരു കാലത്ത് ഞാൻ മ്ലാനവദനനായി രുന്നു. ഒരു കാലത്ത് ഞാൻ വാടിയിരുന്നവനായിരുന്നു.

എന്റെ മനസ്സ് പലതിനെച്ചൊല്ലിയും വിചാരപ്പെട്ടും മനം കല ങ്ങിയുമിരുന്നു. എന്റെ ഹൃദയത്തിൽ എന്നും ആവലാതിയായിരു ന്നു. എന്നും അസ്വസ്ഥതയായിരുന്നു.

എന്നാൽ യേശു കൈ ഉയർത്തി അനുഗ്രഹിച്ചതിനു ശേഷം എനിക്ക് മഹാസന്തോഷമാണ്.

എനിക്ക് യെരുശലേമിലെ ഭീതി ഇപ്പോഴില്ല. ഇവിടെയുള്ള പീഡകന്മാരെ ഭയമില്ല. ഇവർ പീഡിപ്പിക്കുന്നവരല്ലേ എന്നുള്ള വെപ്രാളമില്ല. ഇവിടെ കുരിശുമരണം ഉണ്ടാകുമല്ലോ എന്നുള്ള ആശങ്കയില്ല. യെഹൂദമതമേധാവികൾ ചെറുത്തുവരുന്നല്ലൊ

എന്നുള്ള സംഭീതിയില്ല.

എന്റെ ദൈവമേ ഇന്ന് നീ കരം ഉയർത്തി അനുഗ്രഹിച്ചതു കൊണ്ട് ഞാൻ സന്തുഷ്ടനാണ്. എനിക്ക് മതി, എനിക്ക് അതാണ് വേണ്ടത്. നീ എന്നെ കരം ഉയർത്തി അനുഗ്രഹിച്ചിരിക്കുന്നല്ലോ. ഉടയവനേ, നിന്റെ കരം എന്റെ നേരെ ഉയർത്തിയല്ലോ. എന്റെ മേൽ നിന്റെ കരം ഉയർത്തിപ്പിടിച്ചല്ലോ. എന്റെ തലമേൽ നിന്റെ കരം വെച്ചല്ലോ, കർത്താവേ, നീ എന്നെ അനുഗ്രഹിക്കാൻ തിരുമനസ്സാ യല്ലോ.

അതിനെക്കുറിച്ച് ചിന്തിക്കാൻ പോലും യോഗ്യതയില്ലാത്തവ നായി എന്നും ഞാൻ ശപിക്കപ്പെട്ടവനെപ്പോലെ കഴിഞ്ഞവനായി രുന്നല്ലോ. ഒരു കാലത്തും എനിക്കൊരു സന്തോഷം കിട്ടുമെന്ന് പ്രതീക്ഷിച്ചതല്ലല്ലോ.

എന്റെ കർത്താവേ, നീ കരമുയർത്തി എന്നെ അനുഗ്രഹിച്ച പ്പോൾ, എന്റെ കണ്ണീര് തോർന്നല്ലോ. എന്റെ ആശങ്കകൾ അക ന്നല്ലോ. എന്റെ ദുഃഖഭാരങ്ങൾ മാറിയല്ലോ. എന്റെ ജീവിതത്തിന്റെ കെടുതികളും കേടുകളും നീങ്ങിയല്ലോ. കർത്താവേ, നീ എന്നെ തൊട്ടല്ലോ. നീ എന്നെ അനുഗ്രഹിച്ചല്ലോ.

ദൈവമേ, ഇത് ഞാൻ ഒരിക്കലും അർഹിക്കുന്നതല്ല. എനിക്ക് അർഹിക്കാത്ത അനുഗ്രഹമല്ലോ നീ എന്റെ മേൽ ചൊരിഞ്ഞത്? അവൻ അവരെ അനുഗ്രഹിച്ചു. അവർ മഹാസന്തോഷത്തോടെ ആരാധിച്ചു.

അനുഗ്രഹവും ആരാധനയും ഒരുമിച്ച് പോകും, അനുഗ്രഹം വന്നു. ആരാധന തുടങ്ങി. അനുഗ്രഹം പ്രാപിക്കാതെ ആരാധന യില്ല. ആരാധന പുറമേ കാണിക്കുന്ന ചില ചടങ്ങുകളല്ല. ആരാ ധന പുറമേ കാണിക്കുന്ന ചില ചൊല്ലലുകളല്ല. ചൊല്ലിക്കൂട്ടുന്ന

തല്ല ആരാധന. ആരാധന ആത്മാവിലാണ്, ആന്തരാത്മാവിലാണ് ആരാധന.

സത്യനമസ്ക്കാരികൾ ആത്മാവിലും സത്യത്തിലും ആരാധിക്കുന്ന കാലം വരുന്നു. ആത്മാവിലും സത്യത്തിലും ആരാധിക്കണം.

എന്താണ് ഈ ആത്മാവിൽ ആരാധിക്കുക? "ദൈവം ആത്മാവാകുന്നു. അവനെ ആരാധിക്കുന്നവൻ ഇങ്ങനെയുള്ളവരായിരിക്കണമെന്ന് ദൈവം ഇച്ഛിക്കുന്നു. എങ്ങനെയുള്ളവർ? അവർ ആത്മാവിലുള്ളവരായിരിക്കണം. അല്ലാതെ ആരാധനയില്ല.

സഹോദരങ്ങളേ, ഒരു ശവശരീരത്തിന്റെ വായ പിളർന്ന് കുറച്ച് പാൽ ഒഴിച്ചുകൊടുത്താൽ വല്ല പ്രയോജനവുമുണ്ടോ? അല്ല, നല്ല വിലയേറിയ മരുന്ന് കൊണ്ടുവന്ന് ഇൻജക്റ്റ് ചെയ്താൽ വല്ല പ്രയോജനവുമുണ്ടോ? അല്ല കുറേ ടോണിക് വായിൽ ഒഴിച്ചുകൊടുത്താൽ എന്തെങ്കിലും പ്രയോജനവുമുണ്ടോ? ഇല്ലല്ലോ. കാരണം അത് ശവശരീരമാണ്. അതില് എന്തെല്ലാം ചെയ്താലും ഒരു പ്രയോജനവുമില്ല. എന്നാൽ ആ ശവശരീരം ജീവൻ പ്രാപിച്ചിട്ടാണെങ്കിലോ? ടോണിക് പ്രയോജനമാണ്, മരുന്ന് പ്രയോജനമാണ്. നല്ല ഭക്ഷണം പ്രയോജനമാണ്, നല്ല പോഷകഗുണമുള്ള ഭക്ഷണം പ്രയോജനകരമാണ്.

സഹോദരങ്ങളേ, നമ്മിൽ അനേകം പേര് മരിച്ചവരായി കിടക്കുന്നു. ശരീരമല്ല, ആത്മാവ്. മരിച്ചുകിടക്കുന്ന ആത്മാവിന് സ്തുതിയില്ല. മരിച്ചവർ മൗനതയിൽ ഇറങ്ങിയവർ, ആരും സ്തുതിക്കുകയില്ല. ആത്മാവിൽ മരിച്ചവർക്ക് സ്തുതിയില്ല. "ജീവനുള്ളതൊക്കെയും യഹോവയെ സ്തുതിക്കട്ടെ."

ഇന്ന് സ്തുതി, സ്തുതി ഉയരുന്നുണ്ട്. Praise the Lord, ഹാലെ

ലുയ്യാ ഉയരുന്നുണ്ട്. Glolry , Glory, എന്ന് ആർത്ത് പറയുന്നുണ്ട്.

ബഹളങ്ങളല്ല ആരാധന, ഒച്ചപ്പാടുകളല്ല ആരാധന. ആരാധന ആത്മാവിലാണ്. ആത്മാവിന്റെ വിശുദ്ധിയിൽ നിന്നാണ് ആരാധന. ആത്മാവിന്റെ സ്നേഹത്തിൽ നിന്നാണ് ആരാധന.

നിങ്ങൾക്കിത് മനസ്സിലാകണമെങ്കിൽ നിങ്ങൾ ആത്മാവിലാകണം. ആത്മാവിലാകുമ്പോൾ ആത്മാവിന്റെ സ്തുതി തുടങ്ങും. ആത്മാവിന്റെ സ്തുതി തുടങ്ങുമ്പോൾ നിങ്ങളോർക്കും എന്റെ ദൈവമേ, എത്രകാലം ഞാൻ ജഡത്തിൽ ആരാധിച്ചു. ഇപ്പോൾ എനിക്ക് ആത്മാവിൽ ആരാധിക്കാൻ പറ്റിയല്ലൊ.

നിങ്ങൾ ഇത് വായിച്ചുകൊണ്ടിരിക്കുമ്പോൾ, നിങ്ങൾ കൊതിപൂണ്ട് ചിന്തിക്കണം. “കർത്താവേ, എനിക്ക് ആത്മാവിൽ നിന്നെയൊന്ന് ആരാധിക്കണം. കറ തീർത്ത ഹൃദയത്തോടെ നിന്നെയൊന്ന് ആരാധിക്കണം. എനിക്ക് പൂർണ്ണ നിർമ്മലഹൃദയത്തോടെ നിന്ന് നിന്നെ ആരാധിക്കണം, ആരാധിക്കാനുള്ള വിശുദ്ധി എനിക്ക് തരണം.

കർത്താവേ, ദൈവം പരിശുദ്ധനാകുന്നു. പരിശുദ്ധനായ ദൈവത്തെ വിശുദ്ധിയിൽ ആരാധിപ്പാൻ എനിക്ക് നീ ഒരു ഭാഗ്യം തരണം. കടന്നുചെന്നതിനുശേഷമല്ല കർത്താവേ, ഈ ഭൂമിയിൽ ഞാൻ ജീവിച്ചിരിക്കുമ്പോൾ തന്നെ കറയെല്ലാം തീർന്ന്, എല്ലാ കളങ്കങ്ങളും തീർന്ന് നിന്നെ ആരാധിക്കാൻ ഉടയവനേ നീ എനിക്കൊരു ഭാഗ്യം തരണം.

ഈ ശരീരത്തിൽ ഇരിക്കുന്ന കാലത്ത് നിങ്ങൾക്ക് ആത്മാവിൽ ആരാധിക്കാൻ സാധിക്കും. ശരീരം പലതരത്തിലുള്ള ബലഹീനതയുള്ളതാണ്. കൈയ്ക്ക് വേദന കാണും. കണ്ണിന് വേദന കാണും. കാലിന് വേദന കാണും. വയറിന് വേദന കാണും. പല

രോഗങ്ങൾ ഉള്ളതാണ് ഈ ശരീരം. പല ബലഹീനതകൾ ഉള്ളതാണ് ഈ ശരീരം.

കണ്ണിന് കാഴ്ചശക്തി കുറവായിരിക്കാം. മറ്റുള്ളവരെപ്പോലെ പാടാനുള്ള കഴിവില്ലായിരിക്കാം. മറ്റുള്ളവരെപ്പോലെ പ്രസംഗിക്കാനുള്ള കഴിവില്ലായിരിക്കാം. മറ്റുള്ളവരെപ്പോലെ ചിന്തിക്കാനുള്ള ബുദ്ധിയില്ലായിരിക്കാം. ശരീരത്തിന് പോരായ്മകളുണ്ട്. അതിന് അതിന്റേതായ ബലഹീനതകൾ ഉണ്ട്.

എന്നാൽ നീ ആത്മാവിലാകുമ്പോൾ നിന്റെ ബലഹീനതയൊന്നും അവിടെയില്ല. നീ ആത്മാവിലാകുമ്പോൾ നിന്റെ ബലഹീനതകളെല്ലാം നിന്റെ ജീവിതത്തിലെ തൂവലുകളായി മാറും. നിന്റെ ജീവിതത്തിന്റെ അലങ്കാരങ്ങളായി മാറും. നിന്റെ ബലഹീനത നിനക്കൊരു പ്രശംസയായിത്തീരും. അതാണ് അപ്പൊസ്തലൻ പറഞ്ഞത്. "ഞാനിനി എന്റെ ബലഹീനതകളിൽ പ്രശംസിക്കും."

അതെന്താണ്? പൗലോസ് ശ്ലീഹാ പറയുകയാണ്, ഞാനെന്റെ ജഡത്തിന്റെ ബലഹീനതയിൽ പ്രശംസിക്കുന്നു. എന്റെ ശരീരത്തിന്റെ ബലഹീനതയിൽ ഞാൻ അഭിമാനം കൊള്ളുന്നുവെന്ന്.

അപ്പൊസ്തലന്റെ ശരീരം കുറിയതായിരുന്നു. വലിയ പൊക്കമില്ല. വലിയ കരുത്തില്ല. കാണാൻ വലിയ ചന്തമൊന്നുമില്ല. "ശരീരസന്നിധിയൊ ദുർബ്ബലം" എന്ന് അപ്പോസ്തലൻ തന്നെ പറയുന്നുണ്ട്. കാണുന്നവർക്ക് ഒരു വിലയും മേന്മയും തോന്നുകയില്ല. വലിയ വാക്ചാതുര്യവുമില്ല.

അന്ന് വാക്ചാതുര്യമുള്ള ഒരു സുവിശേഷകനുണ്ടായിരുന്നു. അപ്പൊല്ലോസ്. നല്ല പ്രസംഗമാണ്. നല്ല വാഗ് വൈഭവമുള്ളവനാണ്. പക്ഷേ ആത്മാക്കളെ നേടാൻ കർത്താവ് ഉപയോഗിച്ചത് ഈ കുറിയ ശരീരമുള്ള വലിയ സൗന്ദര്യമില്ലാത്ത, വലിയ കരുത്തൊ

ന്നുമില്ലാത്ത, എപ്പോഴും കണ്ണിൽ  പീളമെത്തി കണ്ണീര് വന്നുകൊണ്ടിരിക്കുന്ന പാവപ്പെട്ട സെന്റ് പോളിനെയാണ്.

ആത്മാവ് കളങ്കമില്ലാതാകുമ്പോൾ ആരാധന തുടങ്ങും. തീക്കട്ടയോട് ചേർത്തുവെച്ച് ഈ കരിക്കട്ട തീപിടിച്ച് തീപിടിച്ച്  ഊതിയൂതി ജ്വലിച്ച് വരുമ്പോൾ,  ആത്മാവിന്റെ ആരാധന തുടങ്ങും.

യേശുവേ, എനിക്ക് നിന്റെ ഭാവം മതി കർത്താവേ നിന്റെ അതേ ഭാവം എനിക്ക് തരണം. നീ ഇപ്പോൾ എന്നെ എങ്ങനെ കാണുന്നു, അതുപോലെ എനിക്ക് എന്നെ കാണാൻ എനിക്ക് നീ ഒരു കൃപ തരണം.

ജീവനുള്ള ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ പ്രസരിച്ചുകൊണ്ടിരിക്കുന്നേടത്തോളം നിങ്ങൾ ആത്മീയത്തിൽ വളർന്നുകൊണ്ടിരിക്കും. നിങ്ങൾ അനേകർക്ക് പ്രയോജനമായിത്തീർന്നുകൊണ്ടിരിക്കും. നിങ്ങൾ മൂലം നിങ്ങളുടെ ദേശം അനുഗ്രഹിക്കപ്പെടും. നിങ്ങൾ മൂലം നിങ്ങളുടെ തലമുറകൾ അനുഗ്രഹിക്കപ്പെടും.

അവൻ അവരെ ബെഥാന്യയോളം കൂട്ടിക്കൊണ്ടുപോയി കൈ ഉയർത്തി അവരെ അനുഗ്രഹിച്ചു. അവരെ അനുഗ്രഹിക്കയിൽ അവൻ അവരെ വിട്ടുപിരിഞ്ഞു (സ്വർഗ്ഗാരോഹണം ചെയ്തു) അവർ (അവനെ നമസ്ക്കരിച്ചു) മഹാസന്തോഷത്തോടെ യെരുശലേമിലേക്കു മടങ്ങിച്ചെന്നു എല്ലായ്പ്പോഴും ദൈവാലയത്തിൽ ഇരുന്നു ദൈവത്തെ വാഴ്ത്തിപ്പോന്നു.” മഹാസന്തോഷം.!

നിങ്ങൾക്ക് വിദ്യാഭ്യാസം കുറവായിരിക്കും. അത് നിങ്ങളുടെ ആരാധനയ്ക്ക് തടസ്സമല്ല. നിങ്ങൾക്ക് പാണ്ഡിത്യം കുറവായിരിക്കും. അത് നിങ്ങൾക്ക് ആരാധനയ്ക്ക് തടസ്സമാകുകയില്ല. നിങ്ങൾക്ക് പുറമെ ആരോടും കരുത്തോടെ സംസാരിക്കാനുള്ള

കഴിവില്ലായിരിക്കാം. സാരമില്ല, പെരുമാറാൻ അറിയാൻ പാടില്ലായിരിക്കാം. സാരമില്ല, ഒരു കാര്യത്തിലും നിങ്ങൾക്ക് മികവ് കാണിക്കാൻ സാധ്യമല്ലായിരിക്കാം. സാരമില്ല.

ഏതെങ്കിലും കാര്യത്തിൽ കുറവുള്ളവരെ ഹൃദയത്തിൽ പോലും നിന്ദ തോന്നരുത്. ഒരിക്കലും ഒരാൾക്ക് സൗന്ദര്യമില്ല, അല്ലെങ്കിൽ പൊക്കം കുറവാണ്, അല്ലെങ്കിൽ വലിയ പൊക്കമാണ് എന്നൊക്കെ ഒരു പുച്ഛം തോന്നരുത്. കഴിവില്ല, അല്ലെങ്കിൽ പ്രാപ്തിയില്ല എന്ന് നിങ്ങളുടെ ഉള്ളിൽ നിന്ദ തോന്നരുത്.

കുട്ടികൾ ചിലർ അദ്ധ്യാപകരെ കളിയാക്കി പരിഹസിച്ച് അവരെ അനുകരിക്കും. ഹാസ്യാനുകരണം, പാപമാണ്. എല്ലാ സൃഷ്ടികളെയും നിങ്ങൾ ആദരിച്ചുകൊള്ളണം.

ബുദ്ധിക്കുറവുണ്ടെങ്കിൽ, പ്രാപ്തിക്കുറവുണ്ടെങ്കിൽ, കഴിവുകുറവുണ്ടെങ്കിൽ അവരെ ഒരിക്കലും തരംതാഴ്ത്തി ചിന്തിച്ചുപോകരുത്.

ലൂക്കോസിന്റെ സുവിശേഷത്തിൽ ഒന്നാം അദ്ധ്യായത്തിൽ സെഖര്യാ പുരോഹിതന്റെ ചുണ്ട് അടഞ്ഞുപോയിരുന്നു. വായ അടഞ്ഞുപോയിരുന്നു. ചിലതെല്ലാം തുറന്ന കാര്യം. നാം വായിക്കുന്നു.

> "അയ്യോ ബുദ്ധിഹീനരേ, പ്രവാചകന്മാർ പറഞ്ഞിരിക്കുന്നതു എല്ലാം വിശ്വസിക്കാത്ത മന്ദബുദ്ധികളേ, ക്രിസ്തു ഇങ്ങനെ കഷ്ടം അനുഭവിച്ചിട്ടു തന്റെ മഹത്വത്തിൽ കടക്കേണ്ടതല്ലയോ എന്നു പറഞ്ഞു"
>
> ലൂക്കൊ 24:25

ഒന്ന്: തിരുവചനം തുറന്നു. തിരുവെഴുത്തുകളെ ആധാരമാക്കി

സംസാരിച്ചു.

> "മോശെ തുടങ്ങി സകല പ്രവാചകന്മാരിൽ നിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ള തു അവർക്ക് വ്യഖ്യാനിച്ചുകൊടുത്തു.
>
> ലൂക്കൊ 24:27.

കർത്താവ് ഏറ്റവും വലിയ പുസ്തകം തുറന്നു. വേദപുസ്തകമാണ് കർത്താവ് പറഞ്ഞതിന് ആധാരം. കർത്താവ്, മോശെ തുടങ്ങി എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ച് എഴുതിയിരിക്കുന്നത് തുറന്നു.

ക്രിസ്തു എന്നും തുറന്നു തരുന്നവനാണ്. ക്രിസ്തു തിരുവെഴുത്ത് തുറന്നു തരുന്നവനാണ്. അവൻ ഏറ്റവും വലിയ പുസ്തകം തുറന്നു. കർത്താവ് അവരുടെ അവിശ്വാസം മാറ്റി. അവർക്ക് വിശ്വാസം കൊടുത്തു.

രണ്ട്: Opened their faith (വിശ്വാസം തുറന്നു)

അവരുടെ മുമ്പിൽ ദൈവവചനത്തിന്റെ പുസ്തകം തുറന്നു. അവർക്ക് കർത്താവ് വിശ്വാസം തുറന്നുകൊടുത്തു.

> "അവരുമായി ഭക്ഷണത്തിനു ഇരിക്കുമ്പോൾ അവൻ അപ്പം എടുത്തു അനുഗ്രഹിച്ചു നുറുക്കി അവർക്കു കൊടുത്തു. ഉടനെ അവരുടെ കണ്ണ് തുറന്നു. അവർ അവനെ അറിഞ്ഞു."
>
> ലൂക്കൊ 24:30

മൂന്ന് : Opened their eyes: അവരുടെ കണ്ണു തുറന്നു.

ഏറ്റവും വലിയ തിരുവെഴുത്ത് തുറന്നിട്ട് അവരുടെ വിശ്വാസം തുറന്നിട്ട് അവരുടെ കണ്ണ് തുറന്നു. ഹൃദയം തുറന്നു, ഇവയെല്ലാം അനുഗ്രഹത്തിന്റെ പടികളാണ്.

തിരുവെഴുത്തു തുറന്നു. വചനം കേൾക്കണം, വചനം വായിക്കണം, വചനം ധ്യാനിക്കണം.

കർത്താവേ, നിന്റെ വചനം , എനിക്ക് തുറന്നു തരണമേ. വചനത്തിന്റെ അടഞ്ഞ വാതിലുകൾ തുറന്നു തരണമേ. വചനത്തിന്റെ വാതിൽ തുറന്ന് തരണമെ. എനിക്ക് മനസ്സിലാകാൻ വയ്യാതിരുന്ന കാര്യങ്ങൾ മനസ്സിലാക്കിത്തരണമെ. കർത്താവേ, എന്റെ വിശ്വാസം തുറക്കണമേ. ഇന്ന് അവിശ്വാസം കൊണ്ട് എന്റെ ഹൃദയം അടഞ്ഞിരിക്കുകയാണ്. അടഞ്ഞ ഹൃദയത്തെ തുറന്നു തരണമേ. വിശ്വാസം അടഞ്ഞിരിക്കുകയാണ്. ഇന്ന് സംശയങ്ങൾ കയറിക്കൂടിയിരിക്കുകയാണ്. ഇന്ന് മന്ദബുദ്ധിയായി തീർന്നിരിക്കുകയാണ്.

> "അയ്യോ, ബുദ്ധിഹീനരേ, പ്രവാചകന്മാർ പറഞ്ഞിരിക്കുന്നതു എല്ലാം വിശ്വസിക്കാത്ത മന്ദബുദ്ധികളേ, ........"
>
> ലൂക്കൊസ് 24:25

ഇന്ന് അവിശ്വാസം വന്നിരിക്കുകയാണ്.

> "അവൻ വഴിയിൽ നമ്മോടു സംസാരിച്ചു തിരുവെഴുത്തുകളെ തെളിയിക്കുമ്പോൾ നമ്മുടെ ഹൃദയം നമ്മുടെ ഉള്ളിൽ കത്തിക്കൊണ്ടിരുന്നില്ലയോ എന്നു അവർ തമ്മിൽ പറഞ്ഞു."
>
> ലൂക്കൊ 24:32

ഹൃദയം കത്തിക്കൊണ്ടിരുന്നു

നാല് : ഹൃദയം തുറന്നു– Opened their heart

"ലുദിയായുടെ ഹൃദയം തുറന്നു." അപ്പോ, പ്രവൃ. 16:14

അപ്പോസ്തലനായ പൗലോസ് യൂറോപ്പിൽ ആദ്യമായി ചെന്ന അവസരം. ഫിലിപ്പിയിലെ ചന്ത സ്ഥലത്ത് തിരുവചനം സംസാരിച്ചുകൊണ്ടിരുന്നു. "പൗലോസ് സംസാരിച്ചത് ശ്രദ്ധിക്കേണ്ടതിന് കർത്താവ് (ലുദിയായുടെ) അവളുടെ ഹൃദയം തുറന്നു." അങ്ങനെ യൂറോപ്പിലെ ആദ്യത്തെ ക്രിസ്ത്യാനി ലുദിയ എന്ന ഒരു സ്ത്രീ.

| | | | |
|---|---|---|---|
| ഒന്ന് : | തിരുവെഴുത്തുകളെ തുറന്നു | – | God's Words |
| രണ്ട് : | വിശ്വാസം തുറന്നു. | – | Faith |
| മൂന്ന് : | കണ്ണുകളെ തുറന്നു. | – | Eyes |
| നാല് : | ഹൃദയം തുറന്നു. | – | Heart |

"വഴിയിൽ സംഭവിച്ചതും അവൻ അപ്പം നുറുക്കുകയിൽ തങ്ങൾക്ക് അറിയായ്‌വന്നതും അവർ വിവരിച്ചുപറഞ്ഞു".

ലൂക്കൊ. 24:35

അവർ വിവരിച്ചു പറഞ്ഞു

അഞ്ച് : ചുണ്ടുകളെ തുറന്നു. Opened their Lips

അടഞ്ഞതെല്ലാം തുറക്കുകയാണ്. ചുണ്ടുകളെ തുറന്നു. കർത്താവിനെക്കുറിച്ച് വിവരിച്ച് പറയാനുള്ള ഭാഗ്യം ലഭിച്ചു. അനുഗ്രഹം പെരുകി വരികയാണ്. അനുഗ്രഹം ഒഴുകിവരികയാണ്.

ദാവീദ് ഒരിക്കൽ പറഞ്ഞു. "കർത്താവേ, എന്റെ ചുണ്ടുകളെ

തുറന്നുതരണമേ. കർത്താവേ, എന്റെ അധരം അടഞ്ഞുപോയ ല്ലൊ. സ്തുതി നിലച്ചുപോയല്ലോ. എന്റെ അധരങ്ങളെ ഒന്ന് തുറന്നു തരണമേ. എന്നാൽ ഞാൻ അതിക്രമക്കാരെ നിന്റെ നീതി പഠിപ്പി ച്ചുകൊള്ളാം. അതിക്രമക്കാർക്ക് നിന്റെ ഉപദേശം കൊടുത്തുകൊ ള്ളാം. എന്റെ ചുണ്ടുകളെ തുറന്നു തരണമേ. (അമ്പത്തൊന്നാം സങ്കീർത്തനം)

ഇന്ന് അനേകം ആളുകളുടെ ചുണ്ടുകൾ അടഞ്ഞിരിക്കുകയാ ണ്. ഹൃദയവും അടഞ്ഞിരിക്കുകയാണ്. കണ്ണ് അടഞ്ഞിരിക്കുകയാ ണ്. വിശ്വാസം അടഞ്ഞിരിക്കുകയാണ്. ഹൃദയം അടഞ്ഞിരിക്കു കയാണ്.

ഇന്ന് നിങ്ങൾ ഈ വാക്കുകളെ വായിക്കുമ്പോൾ തന്നെ ചിന്തിക്കൂ: എന്റെ ജീവിതത്തിൽ എവിടെയെല്ലാമാണ് അടഞ്ഞിരി ക്കുന്നത്. ജീവിതത്തിലെ പ്രതീക്ഷകൾ അടഞ്ഞിരിക്കുകയാണോ? പ്രത്യാശ അടഞ്ഞിരിക്കുകയാണോ? എല്ലാം അടഞ്ഞ വാതിലു കൾ മാത്രം. ഒരിടത്തും മുന്നോട്ട് ഗതി കാണുന്നില്ല.

ആരോഗ്യത്തിന് മുന്നോട്ട് ഗതി കാണുന്നില്ല. കടത്തിന്റെ കെടുതി, ഒരു വഴിയും കാണുന്നില്ല. എല്ലാം അടഞ്ഞ് കാണുന്നു.

എന്നാൽ എല്ലാം തുറക്കുവാൻ രാജാധിരാജൻ നിങ്ങളുടെ അരികത്തേക്ക് വരുന്നു. “അവൻ കൈ ഉയർത്തി അവരെ അനു ഗ്രഹിച്ചു.” കരമുയർത്തി നിങ്ങളെ അനുഗ്രഹിപ്പാൻ അവനിതാ നിങ്ങളുടെ അരികത്തേക്ക് വരികയാണ്. അവൻ കരം ഉയർത്തി നിങ്ങളെ അനുഗ്രഹിക്കുന്നത് രണ്ട് കാര്യങ്ങൾക്ക് വേണ്ടിയാണ്. ഒന്ന്: അനുഗ്രഹം, രണ്ട് : ആരാധന.

ജീവനുള്ള ക്രിസ്തു കടന്നുവന്ന് അനുഗ്രഹം തരികയാണ്. അനുഗ്രഹം ലഭിച്ചോ? ആരാധന തുടങ്ങാം.

ആരാധന ആത്മാവിന്റെ സ്തുതി. അതാണ് ആത്മാവിന്റെ സന്തോഷം.

“നീതിമാന്മാരുടെ കൂടാരങ്ങളിൽ മഹത്വത്തിന്റെയും രക്ഷയുടെയും ശബ്ദമുണ്ട്.” അവിടെ ഉല്ലാസഘോഷമുണ്ട്. ജയത്തിൻ ഘോഷമുണ്ട്. അവിടെ സന്തോഷ ധ്വനിയുണ്ട്. അവിടെ സ്തുതിയുടെ ആഘോഷമുണ്ട്. അവിടെ ആത്മാവിന്റെ ആരാധനയുണ്ട്.

സുന്ദരം എന്ന ഗോപുരവാതിൽക്കൽ ഭിക്ഷയാചിച്ചുകൊണ്ടിരുന്ന മുടന്തൻ, ജനിച്ച അന്നുമുതൽ നടന്നിട്ടില്ല. ആളുകൾ എടുത്തുകൊണ്ടു വേണം അവിടെ കൊണ്ടുപോയി ഇരുത്താൻ. എന്നും ദേവാലയത്തിന്റെ പരിസരത്ത് ഇരിക്കും. പക്ഷേ ആരാധിച്ചിട്ടില്ല.

സത്യാരാധകരായി പോകുന്നവരെ കണ്ടിട്ടിട്ടുണ്ടെന്നേയുള്ളൂ. ആരാധിക്കാൻ സാധിച്ചിട്ടില്ല.

നടക്കാൻ വയ്യ. അമ്മയുടെ ഗർഭം മുതൽ, ജനിച്ച അന്നുമുതൽ മുടന്തനാണ്. ഇരിക്കുന്നത് സുന്ദരം എന്ന ഗോപുരവാതിൽക്കൽ ആണു താനും.

പക്ഷേ അവൻ സുന്ദരനല്ല. കാല് വയ്യ. എല്ലാവരും ആരാധന സുന്ദരമായിട്ട് നടത്താൻ ദേവാലയത്തിലേക്ക് കയറിപോകും. നല്ല ചടുലമായി നടന്ന് പോകും. ഇവൻ നോക്കി നില്ക്കും. എല്ലാവരും ആരാധിക്കാൻ പോകുന്നു. എനിക്കതിന് ഈ ആയുസ്സിൽ സാധിക്കില്ലല്ലൊ. എനിക്ക് ആരാധനയില്ലല്ലൊ. അങ്ങനെയൊക്കെ ഓർത്താണവനവിടെ ഇരിക്കുന്നത്. പക്ഷേ അന്നു പോയപ്പോൾ പരിശുദ്ധാത്മാവിനെ വഹിച്ചുകൊണ്ട് രണ്ട് പുരുഷന്മാർ കടന്നു പോയി. പത്രോസും യോഹന്നാനും പരിശുദ്ധാത്മാവിന്റെ തീയായി നടന്നുപോവുകയാണ്.

എല്ലാവരുടെയും നേരെ കൈ കാണിക്കുന്നതുപോലെ അവൻ അവരുടെ നേരെയും കൈ കാണിച്ചു. "വല്ലതും തരണേ."

പത്രോസ് അവിടെ നിന്നു. യോഹന്നാനും നിന്നു.

സംസാരിച്ചത് പത്രോസാണ്. യോഹന്നാന് തോന്നിയില്ല, ഇതെന്താ ഞാനുണ്ടായിട്ട് എന്നെ മിണ്ടാൻ സമ്മതിക്കാതെ ഈ പത്രോസ് കയറി സംസാരിക്കുന്നത്. ഭാഗ്യവശാൽ അങ്ങനെയുള്ള ചിന്തയൊന്നും യോഹന്നാന് വന്നില്ല, കാരണം അവർ ആത്മീയ നായിരുന്നു.

പത്രോസ് സംസാരിച്ചു : "വെള്ളിയും പൊന്നും ഞങ്ങൾക്കില്ല. ഞങ്ങൾക്കുള്ളത് നിനക്ക് തരുന്നു."

ഞങ്ങൾക്കുള്ളത് യേശുവിന്റെ നാമമാണ്. ഞങ്ങൾക്കുള്ളത് നിനക്ക് തരുന്നു. "കർത്താവായ യേശുവിന്റെ നാമത്തിൽ എഴുന്നേറ്റ് നടക്ക." എന്നു പറഞ്ഞ് കയ്യിൽ പിടിച്ചെഴുന്നേല്പ്പിച്ചു.

മുടന്തൻ ചാടിയെഴുന്നേറ്റു. കാലും നരിയാണിയും ഉറച്ചു. പിന്നെ നിലത്ത് നില്ക്കുന്നില്ല. കാല് പിന്നെ നൃത്തം ചെയ്യുകയാണ്. അപ്പോൾ പത്രോസും യോഹന്നാനും ആരാധനാസ്ഥലത്തേക്ക് കയറിപ്പോയി.

അവനും കൂട്ടായ്മയിൽ ചേർന്ന് ഒപ്പം നടന്നും തുള്ളിയും കൊണ്ട് പോവുകയാണ്. ദേവാലയത്തിനകത്ത് കയറിയിട്ടും അവൻ നൃത്തം തുടരുകയാണ്. ആളുകൾ അമർഷത്തോടെ ചിന്തിച്ചു: ദേവാലയത്തിനകത്ത് ഇങ്ങനെ നൃത്തം ചെയ്യാമോ? ഇവിടെ ഇങ്ങനെ സ്തുതിക്കാമോ? മോശൈകന്യായപ്രമാണം അനുസരിച്ച് നടക്കുന്ന ആരാധനയിൽ ഇങ്ങനെ സ്തുതിയുണ്ടോ? ഇത് പിതാക്കന്മാരുടെ പാരമ്പര്യത്തിന് ചേർന്നതാണോ? ഓരോരുത്തർക്കും ഓരോ വിധത്തിലുള്ള സംശയം.

പക്ഷേ ആര് എന്ത് പറയുന്നു എന്ന് ഈ മുടന്തൻ ചിന്തിച്ചില്ല. കാരണം. ഇന്നവൻ മുടന്തനല്ല. ഇന്ന് അവന്റെ കാല് ഉറച്ചിരിക്കുന്നു. അവൻ കാല് ഊന്നിനിന്നുകൊണ്ട് നടന്നും തുള്ളിയും ദൈവത്തെ മഹത്വപ്പെടുത്തിയും ദേവാലയത്തിനകത്ത് നിന്ന് സ്തുതിക്കുന്നു. അവൻ ആഘോഷിക്കുന്നു. അവൻ ആരാധിക്കുന്നു. അവൻ ദൈവത്തിന് മഹത്വം കരേറ്റുന്നു.

മഹാപുരോഹിതന്മാർ അമ്പരപ്പിലായി. അവിടെ പുരോഹിതന്മാരും , ശാസ്ത്രിമാരും, പരീശന്മാരും, പള്ളിപ്രമാണിമാരുമെല്ലാം അവർക്കെല്ലാം ചോദ്യമായി. ഇതെന്താണ് ഈ കാണിക്കുന്നത്? ഇതിങ്ങനെ മുന്നോട്ടുവിട്ടാൽ പറ്റുകയില്ല എന്നവർ ചിന്തിച്ചു. സുവിശേഷത്തെ തടയാൻ അവർ ഒന്നിച്ചുകൂടി.

യേശുവിന്റെ സുവിശേഷം തടയാൻ സാദ്ധ്യമല്ല. ജീവന്റെ സുവിശേഷം തടയാൻ സാധ്യമല്ല. യേശുവിന്റെ ജീവന്റെ സുവിശേഷവും ആത്മാവിന്റെ ആരാധനയും തടുക്കാൻ ഏതൊരു മഹാശക്തി നോക്കിയാലും സാധ്യമല്ല. ചക്രവർത്തികൾ പരിശ്രമിച്ചിട്ടുണ്ട്. രാജാക്കന്മാർ നോക്കിയിട്ടുണ്ട്. ഭരണാധികാരികൾ ശ്രമിച്ചിട്ടുണ്ട്. ഉന്നതന്മാർ പരിശ്രമിച്ചിട്ടുണ്ട്. പക്ഷേ യേശുവിന്റെ സുവിശേഷം തകർക്കാൻ ആർക്കും കഴിഞ്ഞില്ല. സത്യസുവിശഷത്തെ തടുക്കാൻ ഒരു ശക്തിക്കും കഴിഞ്ഞില്ല. കാലത്തിന്റെ വെല്ലുവിളികളെ ഭേദിച്ചുകൊണ്ട് യേശുവിന്റെ സുവിശേഷം ഇന്നും ജയം കൊള്ളുന്നു.

ദൈവമക്കളേ, നിങ്ങൾക്ക് ആരാധിക്കാൻ വകയുണ്ടോ? നിങ്ങൾക്ക് സ്തുതിക്കാൻ വകയുണ്ടോ? ആത്മാവിൽ ആരാധിക്കാൻ വകയുണ്ടോ? നന്ദിയുണ്ടെങ്കിൽ സ്തുതിപ്പിൻ.

ദാനങ്ങളുണ്ട്, ദാതാവുണ്ട്, ദാതാവ് ക്രിസ്തുവാണ്. ക്രിസ്തു തരുന്ന ദാനമാണ് ദൈവവചനം. കർത്താവ് തരുന്ന ആലോചന

കൾ, തരാനായിട്ട് ദൈവം നിയോഗിക്കുന്ന വ്യക്തി ആര് എന്നുള്ളതിന് പ്രാധാന്യമില്ല.

നിങ്ങൾ കേട്ടിട്ടുണ്ടാകും. പോസ്റ്റുമാൻ കൊണ്ടുവന്ന് എഴുത്തു തരും. മണി ഓർഡർ തരും. ഒരു സ്ത്രീക്ക് ഭർത്താവ് വിദേശത്തു നിന്ന് മാസം തോറും രൂപ അയച്ചുകൊടുക്കും. ഭാര്യ അത് ഒപ്പിട്ടു വാങ്ങുന്നു.

പോസ്റ്റുമാൻ എനിക്ക് എന്ത് ഉപകാരമാണ് ചെയ്തത്. അദ്ദേഹം എനിക്ക് മാസം തോറും രൂപ കൊണ്ടു വന്ന് തരുന്നല്ലോ എന്ന് പറഞ്ഞ് ഈ പോസ്റ്റുമാനെ നന്ദിയോടെ കണ്ടുകൊണ്ടിരുന്നിട്ട് പ്രയോജനമില്ല. ആ പോസ്റ്റുമാൻ ആ രൂപ കൊണ്ടുവന്ന് തരണമെങ്കിൽ അങ്ങ് ദൂരെ നിന്ന് അദ്ധ്വാനിച്ച് അവളുടെ ഭർത്താവ് രൂപയുണ്ടാക്കി അയച്ചുകൊടുക്കണം. ഭർത്താവ് രൂപ അയയ്ക്കുന്നു എന്നറിയാതെ അതുകൊണ്ടുവന്നു തരുന്ന പോസ്റ്റ്മാനെ ഒരു സ്ത്രീ സ്നേഹിക്കുന്നുവെങ്കിൽ അതെത്ര നിന്ദ്യമായ ഒരു കാര്യമായിരിക്കും?

വചനം പരിശുദ്ധമാണ്. വെള്ളമൊഴുകുന്ന പൈപ്പിൽ അവിടവിടെ ബ്ലോക്ക് ഉണ്ടെങ്കിൽ വെള്ളം സുഗമമായിട്ട് ഒഴുകുകയില്ല. കല്ല് കയറിയിരിക്കുകയാണെങ്കിൽ വെള്ളമൊഴുകുമോ? അല്ലാ, ആ പൈപ്പിൽ ചെറിയ പ്രാണിയോ, വണ്ടോ കയറിയിരുന്നാൽ ആ വെള്ളത്തിന്റെ ഒഴുക്കിന് തടസ്സം വരും. വചനം പറയുന്ന ആളിൽ എന്തെങ്കിലും പാപങ്ങൾ ഉണ്ടെങ്കിൽ, തടസ്സങ്ങൾ ഉണ്ടെങ്കിൽ അത്രയും വെള്ളത്തിന്റെ ഒഴുക്ക് കുറഞ്ഞുപോകും.

പാപങ്ങളൊന്നുമില്ലെങ്കിലും പൈപ്പിൽ അഴുക്കുണ്ടെങ്കിലോ? അതിന്റെ ഉറവിടത്തിൽ നിന്ന് പോരുന്ന വെള്ളം ശുദ്ധജലമാണ്. പക്ഷേ പൈപ്പിൽ അഴുക്കുണ്ടെങ്കിൽ ഒഴുകിവരുന്ന വെള്ളം അഴുക്കുവെള്ളമായിപ്പോകും.

പൈപ്പ് എപ്പോഴും പരിശുദ്ധമായിരിക്കണം. ഇതിനകത്ത് ബ്ലോക്ക് വരരുത്. ഇതിൽ കൂടി ദൈവത്തിന്റെ പരിശുദ്ധമായ വചനമാണ് വരുന്നത്. പൈപ്പിന് വേറെ പ്രവർത്തനങ്ങൾ ഇല്ല. ടാങ്കിൽ നിന്ന് വെള്ളം ഒഴുകിയാൽ ഈ പൈപ്പിൽ കൂടെ വരുമെന്നേയുള്ളൂ.

വചനം പറയുന്നവർ പ്രത്യേകിച്ച് കരുതേണ്ടതാണ്. എന്റെ കർത്താവേ , നീ തന്നില്ലെങ്കിൽ എനിക്കൊന്നുമില്ല. പൈപ്പ് ശൂന്യമാണ്. നീ ആ റിസർവോയറിൽ നിന്ന് ഒഴുക്കിത്തന്നില്ലെങ്കിൽ എന്റെ കൈയ്യിൽ ഒന്നുമില്ല. ഈയൊരു ബോധ്യം ദൈവത്തിന്റെ വചനം പറയുന്നവർക്ക് എന്നുമുണ്ടായിരിക്കണം.

ക്രിസ്തുവിന്റെ കരം തൊടണം. തൊടേണ്ടവൻ തൊട്ടാൽ എല്ലാ തടസ്സവും മാറും. അവന് തൊടാൻ നമ്മൾ അനുവാദം കൊടുക്കുന്നില്ലെങ്കിൽ അവൻ ബലാല്ക്കാരേണ വന്ന് നമ്മളെ തൊടുകയില്ല. ബലാല്ക്കാരേണ വന്ന് നമ്മളെ കഴുകുകയില്ല. നമ്മളെ നിർബന്ധിച്ച് നമ്മുടെ അകത്തുള്ള ബ്ലോക്ക് മാറ്റുകയില്ല.

പിശാച് ഓരോ സമയങ്ങളിലായി ജീവിതത്തിൽ വരുത്തിവച്ച തടസ്സങ്ങൾ ജീവിതത്തിൽ അവൻ കൊണ്ടുവന്നതായ അശുദ്ധികൾ, പലതരത്തിലുള്ളതായ തിന്മകൾ, കോപങ്ങൾ, വാശികൾ, ഇഷ്ടക്കേടുകൾ, മുഷിച്ചിലുകൾ, മുൻവിധികൾ, മുൻധാരണകൾ, സ്വാർത്ഥത, ദുരാഗ്രഹം, അഹങ്കാരം ഇതെല്ലാം ഹൃദയത്തിൽ നിന്ന് മാറ്റിത്തരണമേ എന്ന് പ്രാർത്ഥിപ്പിൻ. എന്റെ ഹൃദയത്തെ നീ ശുദ്ധമാക്കിത്തരണമേ. ഇന്ന് നീ എന്നെ തൊടണമേ. ഇതായിരിക്കട്ടെ നമ്മുടെ പ്രാർത്ഥനന.

ഒന്ന് : ഞാനൊരു പാപിയായ മനുഷ്യനാണ്.

രണ്ട് : എനിക്ക് പാപത്തിൽ നിന്ന് രക്ഷ നേടാനായി

യേശുക്രിസ്തു ക്രൂശിൽ തന്റെ തിരുരക്തം ചിന്തിയതാണ്.

മൂന്ന് : ക്രിസ്തു എന്നെ ഒരു വിശുദ്ധനാക്കാൻ ആഗ്രഹിക്കുകയും എന്നെ നീ അഗാധമായി സ്നേഹിക്കുകയും ചെയ്യുന്നുണ്ട്.

നാല് : എന്നെയൊരു വിശുദ്ധനാക്കി തീർത്തിട്ടുവേണം യേശു രണ്ടാമത് വരുമ്പോൾ എനിക്ക് പറന്നുയരാൻ.

നിങ്ങൾ ദൈവത്തെ അന്വേഷിക്കുന്നിടത്തോളം ദൈവം നിങ്ങൾക്ക് എല്ലാ രംഗത്തും അഭിവൃദ്ധിയായിരിക്കും.

മനസ്സിന്ന് സമാധാനം, കുടുംബത്തിൽ സമാധാനം, ജീവിതത്തിന്റെ ഭാവിയിൽ മുന്നേറ്റം, കുടുംബത്തിൽ സമാധാനം, ഭാര്യക്ക് സമാധാനം, ഭർത്താവിന് സമാധാനം, മക്കൾക്ക് സമാധാനം, എല്ലാ കാര്യത്തിലും അഭിവൃദ്ധിയുണ്ടാകും.

നമ്മുടെ ജീവിതത്തിൽ ദൈവത്തെ അന്വേഷിക്കുന്നവരായിത്തീരണം. ഏതാണ് ദൈവത്തെ അന്വേഷിക്കുന്നത്? കർത്താവേ നിന്റെ കരം ഞാൻ അന്വേഷിക്കുന്നു. നിന്റെ അത്ഭുതപ്രവൃത്തി ഞാൻ അന്വേഷിക്കുന്നു. നിന്റെ സ്നേഹം ഞാൻ അന്വേഷിക്കുന്നു. നിന്റെ കരുണ ഞാൻ അന്വേഷിക്കുന്നു. കർത്താവേ, നിന്റെ കൈ എന്നെ തൊടണമേ.

> "അനന്തരം അവൻ അവരെ ബേഥാന്യയോളം കൂട്ടിക്കൊണ്ടുപോയി കൈ ഉയർത്തി അവരെ അനുഗ്രഹിച്ചു."
>
> ലൂക്കൊ. 24:50.

കൈ ഉയർത്തി അനുഗ്രഹിച്ചു. അനുഗ്രഹിക്കുന്ന ഭുജങ്ങൾ. കർത്താവേ, നിന്റെ കൈ എന്നും എന്റെ നേരെ ഉയർന്നിരിക്കണമേ എന്ന് നാം പ്രാർത്ഥിക്കണം. ആ കരം പിൻവലിച്ച് കളയരുതേ, എന്നിൽ നിന്ന് മാറിപ്പോകരുതേ. നിന്റെ കൃപയുടെ കരം എന്നിൽ നിന്ന് നീങ്ങിപ്പോകരുതേ. നിന്റെ കരം എന്നും എന്റെ മേൽ ഉയർന്നിരിക്കണമേ എന്ന് പ്രാർത്ഥിക്കണം. Blessing Hnads

നാം അപ്പന്റെ അനുഗ്രഹം വാങ്ങണം, അമ്മയുടെ അനുഗ്രഹം വാങ്ങണം, ഭർത്താവിന്റെ അനുഗ്രഹം വാങ്ങണം. ഭാര്യയുടെ അനുഗ്രഹം വാങ്ങണം. മക്കളുടെ അനുഗ്രഹവും വാങ്ങണം. എവിടെയെല്ലാം നമുക്ക് പാകപ്പിഴകൾ ഉണ്ടോ അവിടെയെല്ലാം തിരുത്തണം.

നമ്മുടെ അദ്ധ്യാപകരുടെ അനുഗ്രഹം വാങ്ങണം. നമ്മുടെ വിദ്യാർത്ഥികളുടെ അനുഗ്രഹം വാങ്ങണം. ആരെയും ചെറുതായി കാണരുത്. ആരെയും നിസ്സാരരായി കാണരുത്. നാം കർത്താവിന്റെ അഭിഷിക്തരുടെ അനുഗ്രഹം വാങ്ങണം. കർത്താവിന്റെ വേല ചെയ്യുന്നവരുടെ അനുഗ്രഹം വാങ്ങണം. നമ്മുടെ ജീവിതം അവർക്കെല്ലാം എപ്പോഴെങ്കിലും വേദന വരുത്തിയിട്ടുണ്ടെങ്കിൽ നാം അവരുമായി നിരപ്പാക്കണം. അവരോട് മാപ്പ് ചോദിച്ച് അവരുടെ അനുഗ്രഹം പിടിച്ചുവാങ്ങണം.

ഒരു കഥകേൾക്കൂ. അപ്പൻ മകന് കഥ പറഞ്ഞുകൊടുക്കുകയാണ്. ഇതുവരെ ആ ചെറിയ വേലികെട്ടിനുള്ളിൽ കഴിഞ്ഞിരുന്ന കുഞ്ഞാട്. വേലിയിൽ ഒരു ദ്വാരം. അതിൽകൂടി പുറത്തിറങ്ങിയപ്പോൾ അതിന് വലിയ സന്തോഷം. തുള്ളിച്ചാടി കളിച്ചുല്ലസിച്ച് അതിങ്ങനെ മൈതാനത്തിലൂടെ ഓടി. പിന്നെയങ്ങനെ പൊയിപ്പോയി കാട്ടിലെത്തി. കാട്ടിലൂടെ നടക്കുമ്പോഴുണ്ട് ഒരു ചെന്നായി പാഞ്ഞുവരുന്നു. അയ്യോ! കുഞ്ഞാട് പേടിച്ചുപോയി.

ചെന്നായ് കൊല്ലും.

ചെന്നായ് പാഞ്ഞുവരുന്നതു കണ്ടപ്പോൾ കുഞ്ഞാട് കരയുകയാണ്. കരഞ്ഞപ്പോൾ, ചെന്നായുടെ വായിലെത്തുന്നതിനു മുമ്പ് പെട്ടെന്ന് കരുത്തനായ ഇടയൻ  വന്ന് കുഞ്ഞാടിനെ പെട്ടെന്ന് കോരിയെടുത്തു. കയ്യിലെടുത്തു, തോളിലേറ്റി,  ചെന്നായെ ഓടിച്ചുകളഞ്ഞു.  കുഞ്ഞാടിനെയും കൊണ്ട് ഇടയൻ തിരിച്ചുവന്നു.

കുഞ്ഞാടിനെ രക്ഷിച്ച ഇടയന്റെ സ്നേഹം കണ്ടില്ലേ? അപ്പൻ മോന് പറഞ്ഞുകൊടുക്കുകയാണ്.  ഇടയൻ സ്വന്തം ജീവനെപ്പോലും അവഗണിച്ച് ചെന്നായുടെ അടുക്കലേക്കു ചെന്ന് ആ ആടിനെ രക്ഷിച്ചില്ലേ? ആ ഇടയൻ ചെന്നില്ലെങ്കിൽ എന്താകുമായിരുന്നു സ്ഥിതി?

ഇതൊക്കെ കേട്ടുകഴിഞ്ഞപ്പോൾ മോൻ ഒന്നും മിണ്ടുന്നില്ല. അപ്പൻ ചോദിച്ചു "നീ എന്താ ഒന്നും മിണ്ടാത്തെ? മോൻ ചോദിച്ചു. "അല്ലാ അപ്പാ ഞാൻ ചോദിച്ചോട്ടെ, ആ ഇടയൻ എന്നിട്ട് എന്താ ചെയ്തത്. ആ ദ്വാരം അടച്ചോ? അതെന്താ അങ്ങനെ ചോദിച്ചത്? കൊച്ചിന്റെ മനസ്സിൽ തട്ടിയത് അതാണ്. ദ്വാരം അടച്ചോ? ആ ദ്വാരം അടിച്ചില്ലെങ്കിൽ ഇനിയും കുഞ്ഞാട് പോകാൻ സാധ്യതയുണ്ട്. കുഞ്ഞാടല്ലേ? അത് ഇനിയും പോകും. ദ്വാരം അടച്ചോ?

മൊർദേഖായി ഹാം എന്നപേരുള്ള ഒരു കൊച്ചുകുട്ടിയുണ്ടായിരുന്നു. അവൻ എട്ടു വയസ്സിൽ വചനം കേട്ടു.  അവൻ ജീവിതം സമർപ്പിച്ചു. ഒൻപതാമത്തെ വയസ്സിൽ അവൻ കർത്താവിന്റെ വേലയ്ക്കുവേണ്ടി തന്നെത്തന്നെ സമർപ്പിച്ചു. അവൻ ജനിച്ചത് 1877-ൽ അമേരിക്കയിലെ കെന്റുക്കി എന്ന സ്ഥലത്താണ്.

അവൻ പഠിച്ചു. ഹൈസ്ക്കൂൾ വിദ്യാഭ്യാസം കഴിഞ്ഞു. അവൻ നിയമം പഠിച്ചു.  ഒരു അഡ്വക്കേറ്റ് ആയി ജോലി ചെയ്തു

കൊണ്ടിരുന്നപ്പോൾ അവന് തോന്നി ഇതിലും നല്ലത് ഒരു കമ്പനിയുടെ മാനേജരായി ഇരിക്കാം. അതിനുവേണ്ടി ശ്രമിച്ചു. അങ്ങനെ അവൻ മാനേജർ ആയി.

അവൻ പാപത്തിലേക്കൊന്നും പോയില്ല. പക്ഷേ അവൻ കർത്താവിന്റെ വേലയ്ക്കു വേണ്ടി സമർപ്പിച്ച കാര്യം മറന്നുപോയി.

അങ്ങനെയിരിക്കെ 1901-ൽ അവന്റെ അപ്പൻ മരിച്ചു. അപ്പന്റെ മരണം നേരിൽ കണ്ടപ്പോൾ അവന്റെയുള്ളിൽ ഒരു ചിന്തയുണ്ടായി. ഞാൻ പണ്ട് കർത്താവിന്റെ വേലയ്ക്ക് വേണ്ടി സമർപ്പിച്ചിട്ടുണ്ടായിരുന്നല്ലോ. ഞാനും ഒരു ദിവസം മരിക്കും. ഞാൻ ഒരു ദിവസം കടന്നുപോകും. ഇന്ന് ഒരു വലിയ കമ്പനിയുടെ മാനേജർ ആണ്. ഇന്ന് സാമ്പത്തികമായ സൗകര്യങ്ങളിലാണ്. ഞാൻ കടന്നുപോകുമ്പോൾ വല്ലവരും എന്റെ കൂടെ പോരുമോ? എനിക്ക് എന്റെ ജീവിതത്തിൽ പണ്ട് എടുത്ത സമർപ്പണത്തിലേക്ക് മടങ്ങിപ്പോകണമല്ലോ.

അവൻ വീണ്ടും ദൈവത്തോടു പറഞ്ഞു. എന്റെ കർത്താവേ, ഞാൻ വീണ്ടും എന്റെ ആയുസ്സ് നിനക്ക് തരുന്നു. എനിക്ക് യേശുക്രിസ്തുവിന്റെ വേല ചെയ്യണം. എനിക്കെന്റെ കർത്താവിനു വേണ്ടി മുഴുവനായി ചിലവഴിക്കപ്പെടണം. അവൻ പിന്നെ കർത്താവിന്റെ വേല ചെയ്യാൻ തുടങ്ങി.

ഒരു സ്ഥലത്ത് അവൻ പ്രസംഗിച്ചപ്പോൾ അവിടെ വലിയ ആത്മവ്യാപാരമുണ്ടായി. അന്ന് വചനം കേട്ടവരിൽ 16 വയസ്സുള്ള ഒരു കുട്ടിയുണ്ടായിരുന്നു. 1934-ൽ മോർദേഖായി ഹാം എന്നസുവിസശേഷകന്റെ പ്രസംഗം കേട്ട ഈ പതിനാറു വയസ്സുകാരൻ, അന്ന് ജീവിതം കർത്താവിന് സമർപ്പിച്ചു.

ആ ചെറുപ്പക്കാരൻ വളർന്നുവന്നു. അവനാണ് ലോകപ്രശസ്തനായ ബില്ലിഗ്രഹാം. ബില്ലിഗ്രഹാമിന്റെ മാനസാന്തരത്തിന് മുഖാന്തരമായിത്തീർന്നത്, എട്ടാമത്തെ വയസ്സിൽ മാനസാന്തരപ്പെടുകയും ഒൻപതാമത്തെ വയസ്സിൽ ജീവിതം സമർപ്പിക്കുകയും ചെയ്തിട്ട് പിൻമാറിപ്പോയിരുന്ന മോർദേഖായി ഹാം വീണ്ടും ജീവിതം സമർപ്പിച്ച് പുതിയ തീയോടു കൂടി ഇറങ്ങിയതാണ്. ദൈവകൃപയാൽ ലോകത്തിലേക്കും വിശ്രുതനായ ഒരു വലിയ സുവിശേഷകനെ കർത്താവിനു വേണ്ടി നേടാൻ അത് കാരണമായിത്തീർന്നു.

നമ്മുടെ ജീവിതത്തിൽ പാകപ്പിഴകൾ വന്നിട്ടുണ്ടോ? പിൻമാറ്റങ്ങൾ വന്നിട്ടുണ്ടോ? തീരുമാനങ്ങളിൽ നിന്ന് വ്യതിചലിച്ച് പോയിട്ടുണ്ടോ? വീണ്ടും ഒരു പുതിയ സമർപ്പണത്തിലേക്ക് വരൂ.

നിങ്ങൾക്ക് ഇന്ന് ഒരു പ്രതിഷ്ഠയുടെ ദിവസമായി മാറട്ടെ. പുതിയ കാഴ്ചപ്പാട് ലഭിക്കുന്ന ദിവസമായി മാറട്ടെ.

എവിടെയെങ്കിലും തളർച്ചയെന്ന് തോന്നുമ്പോൾ ഉടനെ നിങ്ങൾ ചിന്തിക്കണം. എവിടെയാണ് കർത്താവേ, തെറ്റുപറ്റിയത്. ഞാൻ ഇങ്ങനെ നിന്നാൽ പോരല്ലോ. ഞാൻ ഇങ്ങനെ നില്ക്കുമ്പോൾ പിശാച് എന്നെ റാഞ്ചിക്കൊണ്ട് പോയാലോ? ഇങ്ങനെ ഞാൻ തളർന്നിരിക്കുന്ന സമയത്ത് എനിക്കെന്തെങ്കിലും സംഭവിച്ചുപോയാലോ?

എല്ലാവർക്കും എന്നെക്കുറിച്ച് സഹതപിക്കാം. എന്നെക്കുറിച്ച് കരയാം. അതിനപ്പുറം ആർക്കും ഒന്നും ചെയ്യാൻ പറ്റുകയില്ലല്ലോ. എല്ലാം മാറിമറിഞ്ഞ് പോകും. എന്റെ കർത്താവേ, മാറാത്തത് എന്റെ യേശു മാത്രം.

ഞാൻ നിങ്ങളോട് ചോദിക്കട്ടെ. നിങ്ങൾക്ക് എന്തെല്ലാം കാര്യങ്ങളാണ് നഷ്ടപ്പെട്ടുപോയത്? പണത്തെക്കുറിച്ചുള്ള നിങ്ങളുടെ മനോഭാവം. ഒരു കാലത്ത് പണം നിസ്സാരമായി എണ്ണിയിരുന്ന ഒരു കാലമില്ലെ. എന്നാൽ ഇന്നോ? ഇന്ന് പണം നിങ്ങളുടെ യജമാനനായി മാറിയിട്ടില്ലേ.

നിങ്ങൾ എല്ലാം സമൃദ്ധിയിൽ പെരുകിവരാനാണ് ദൈവം ആഗ്രഹിക്കുന്നത്. ലക്ഷ്യം തെറ്റിപ്പോകരുത്. ലക്ഷ്യത്തിൽ നിന്ന് വ്യതിചലനം വന്നുപോയിരിക്കുന്നു. ലക്ഷ്യമെന്താണ്? എന്റെ യേശുവേ നിന്റെ മഹത്വം മാത്രം.

യേശുവില്ലെങ്കിൽ എന്റെ ജീവിതം പൂജ്യമാണെന്ന് എനിക്ക് മനസ്സിലായി. കർത്താവേ എനിക്കത് മനസ്സിലായി. നീ എനിക്കതിന് ബോധം തന്നു. എനിക്ക് നീ വെളിവ് തന്നു. ഇനി ഞാൻ നിനക്കുവേണ്ടി മാത്രമാണ്. എന്റെ ജീവിതം വേർതിരിക്കുന്നത്. വേറൊന്നും എനിക്ക് ലക്ഷ്യമില്ല.

> "അങ്ങനെ അവൻ അവരുമായി കൂടിയിരിക്കുമ്പോൾ അവരോടു, നിങ്ങൾ യെരുശലേമിൽ നിന്നു വാങ്ങിപ്പോകാതെ എന്നോടു കേട്ട പിതാവിന്റെ വാഗ്ദത്തത്തിനായി കാത്തിരിക്കേണം. യോഹന്നാൻ വെള്ളം കൊണ്ടു സ്നാനം കഴിപ്പിച്ചു. നിങ്ങൾക്കോ ഇനി ഏറെ നാൾ കഴിയും മുമ്പെ പരിശുദ്ധാത്മാവു കൊണ്ടു സ്നാനം ലഭിക്കും എന്നു കല്പ്പിച്ചു."
>
> അപ്പോ. 1:4-5.

നിങ്ങൾക്ക് പരിശുദ്ധാത്മാവ് ലഭിക്കും. അതിനുവേണ്ടി കാത്തിരിക്കണം. കർത്താവ് കൈ ഉയർത്തി അവരെ അനുഗ്രഹിച്ചത് അവർക്ക് പരിശുദ്ധാത്മാവിനെ ലഭിക്കാനാണ്.

ഏറ്റവും വലിയ അനുഗ്രഹം പരിശുദ്ധാത്മാവിനെ കിട്ടുക എന്നുള്ളതാണ്. പണം കിട്ടിയില്ലെങ്കിലും, വിദ്യാഭ്യാസമില്ലെങ്കിലും വരുമാനമില്ലെങ്കിലും, ആരോഗ്യമില്ലെങ്കിലും, നല്ല വീടില്ലെങ്കിലും, സാരമില്ല. പരിശുദ്ധാത്മാവിനെ എനിക്കുവേണം എന്ന് ആഗ്രഹിക്കുവിൻ.

പരിശുദ്ധാത്മാവുണ്ടെങ്കിൽ നാം ഭാഗ്യശാലികളാണ്. പരിശുദ്ധാത്മാവിനെ കിട്ടിയില്ലെങ്കിൽ നാം പൂജ്യമാണ്.

പരിശുദ്ധാത്മാവിന് എന്റെ ഹൃദയത്തിൽ വസിക്കാൻ ഇടമുണ്ടോ? അവിടെ നിറച്ച് ദ്രവ്യാഗ്രഹം ഉണ്ട്. അവിടെ നിറച്ച് സ്ഥാനമോഹം ഉണ്ട്. ഹൃദയം നിറച്ച് പകയും വിദ്വേഷവും, ഈർഷ്യയും, പ്രതികാര ചിന്തകളും.

എത്രയെത്രപേർക്ക് ഭാവി ശോഭനമായിക്കിട്ടി. എപ്പോഴെന്നറിയാമോ? ബന്ധനം അഴിയുമ്പോൾ, പരിശുദ്ധാത്മാവ് അകത്ത് വരുമ്പോൾ. പിന്നെ വേണ്ടത് പരിശുദ്ധാത്മാവ് ചെയ്തുകൊള്ളും.

പ്രാവ് അഴുക്കുള്ളിടത്ത് ചവിട്ടുകയില്ല. പ്രാവ് ചവിട്ടണമെങ്കിൽ അവിടം വിശുദ്ധസ്ഥലം ആയിരിക്കണം. ചെളിയിൽ പ്രാവ് ചവിട്ടുകയില്ല. കാക്ക ചെളിയിൽ ചവിട്ടും. പരിശുദ്ധാത്മാവ് ഹൃദയത്തിൽ ഇറങ്ങണമെങ്കിൽ ഹൃദയം വിശുദ്ധമായിത്തീരണം.

നിങ്ങൾ അനുതാപത്തോടെ ഏറ്റു പറയൂ: എന്റെ പാപങ്ങൾ ക്ഷമിക്കണമേ. എണ്ണിയാൽ തീരാത്ത തെറ്റുകൾ സംഭവിച്ചുപോയിട്ടുണ്ട്. കർത്താവേ അറിഞ്ഞും അറിയാതെയും തെറ്റുകൾ വന്നുപോയി, കർത്താവേ എനിക്ക് തിരുത്താൻ വയ്യാത്തത്ര തെറ്റുകൾ സംഭവിച്ചുപോയിട്ടുണ്ട്.

എന്റെ ദൈവമേ, ഞാൻ മൂലം എത്രയോ പേര് വേദന അനുഭവിച്ചു . ഞാൻ എന്റെ കുടുംബത്തിൽ തന്നെ കലക്കമുണ്ടാക്കിയല്ലോ.

> "യോഹന്നാൻ വെള്ളം കൊണ്ട് സ്നാനം കഴിപ്പിച്ചു. നിങ്ങൾക്കോ ഇനി ഏറെ നാൾ കഴിയുംമുമ്പെ പരിശുദ്ധാത്മാവു കൊണ്ടു സ്നാനം ലഭിക്കും എന്നു കല്പിച്ചു.
>
> അപ്പോ. പ്രവ. 1:5

പരിശുദ്ധാത്മാവു കൊണ്ട് സ്നാനം ലഭിക്കും. പരിശുദ്ധാത്മാവിനെ കിട്ടും. എന്തിനാണ് കൈ ഉയർത്തി അനുഗ്രഹിച്ചത്? പരിശുദ്ധാത്മാവിനെ പകരാനാണ്.

വെളിച്ചം വരുമ്പോൾ ഇരുൾ മാറുന്നു എന്ന് പറഞ്ഞതുപോലെ, പരിശുദ്ധാത്മാവു വരുമ്പോൾ ദുരാത്മാവ് മാറുകയാണ്. എന്തെല്ലാം ശാപങ്ങൾ ഉണ്ടെങ്കിലും അതൊക്കെ മാറുകയാണ്. എന്തെല്ലാം ബാധകൾ ഉണ്ടെങ്കിലും അതൊക്കെ മാറുകയാണ്. പാപത്തിന്റെ ബന്ധനങ്ങൾ അഴിഞ്ഞുപോവുകയാണ്. തലമുറകളായി തലമുറകളായി നമ്മുടെ മേൽ വന്ന് അടിഞ്ഞിരിക്കുന്ന ശാപങ്ങളും ദോഷങ്ങളും മാറിക്കിട്ടുകയാണ്.

പരിശുദ്ധാത്മാവു കൊണ്ടുള്ള സ്നാനം ലഭിച്ചുകഴിഞ്ഞപ്പോൾ, പെന്തിക്കോസ്തിപ്പെരുന്നാളിൽ തീ ഇറങ്ങി. അപ്പോൾ അപ്പൊസ്തലനായ പത്രോസ് പതിനൊരുവരോടു കൂടി എഴുന്നേറ്റു. പ്രസംഗിച്ചത് പത്രോസ് ശ്ലീഹയാണ്. പക്ഷേ എല്ലാവരും ഒരുമിച്ചാണ്. പരിശുദ്ധാത്മാവ് വന്നാൽ സംഭവിക്കുന്ന ഏറ്റവും ആദ്യത്തെ കാര്യം അതാണ്. ഒറ്റ ഹൃദയമായിത്തീരും.

> ".......... ഒരുമനപ്പെട്ടു ദിനംപ്രതി ദൈവാലയത്തിൽ കൂടിവരികയും വീട്ടിൽ അപ്പം നുറുക്കിക്കൊണ്ടു ഉല്ലാസവും ഹൃദയപരമാർത്ഥതയും പൂണ്ടു ഭക്ഷണം കഴി

ക്കയും ദൈവത്തെ സ്തുതിക്കയും സകല ജനത്തി ന്റെയും കൃപ അനുഭവിക്കുകയും ചെയ്തു. കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭ യോടു ചേർത്തുകൊണ്ടിരുന്നു.”

അപ്പൊ. പ്ര. 2–46:47.

എല്ലാവരും ഒരുമനപ്പെട്ടു. പതിനൊന്നുപേരോടുകൂടി എഴുന്നേ റ്റുനിന്നു. ഒരാള് പ്രസംഗിച്ചു. എല്ലാവരും കൂടെയുണ്ട്. എല്ലാവരും പിന്നിലുണ്ട്. എല്ലാവരും കൂടിയാണ് ആ ശുശ്രൂഷ. വചനം പറയു ന്നത്, ശബ്ദിക്കുന്നത് ഒരാളായിരിക്കും. എന്തൊരു ശക്തിയാണവി ടെ! അന്ന് മൂവായിരം പേര് തിരിഞ്ഞു.

യെരുശലേം ദേവാലയത്തിൽ ആരാധന നടക്കുന്നുണ്ട്. യെരു ശലേം ദേവാലയത്തിൽ പെന്തിക്കോസ്തി പെരുന്നാളിന് വലിയ ജനക്കൂട്ടം.

അപ്പോഴാണ് ഒരു വലിയ ശബ്ദം! കൊടുങ്കാറ്റ് അടിക്കുന്ന ശബ്ദം. ആളുകൾ എല്ലാവരും കൂടി ഈ ശബ്ദം കേൾക്കുന്നിട ത്തേക്ക് ഓടി. അവിടെ ഒരു വീട്ടിൽ നിന്നാണ് ശബ്ദം. എവിടെയാ ണത്? അത് മർക്കോസിന്റെ അമ്മ മറിയായുടെ വീട്. മർക്കോസ് അന്ന് ഒരു കൊച്ചുകുട്ടിയാണ്.

പിൽക്കാലത്ത് ആ വീട് മാർക്കോസിന്റെ ദയറായെന്നും സെഹിയോൻ മാളിക എന്നുമൊക്കെ അറിയപ്പെട്ടു. ആ വീട്ടിൽ നിന്നാണ് ശബ്ദം. അധികം പേരൊന്നുമില്ല. നൂറ്റിയിരുപത് പേര് കൂടിയിരിക്കുകയാണ്. അവര് കൂടിയിരിക്കുന്നതിന് ഒരു ലക്ഷ്യ മുണ്ട്.

പരിശുദ്ധാത്മാവിനെ കിട്ടണം. യേശുവിനോട് കേട്ട പിതാവിന്റെ

വാഗ്ദത്തത്തിനായി കാത്തിരിക്കുകയാണ്. കർത്താവ് പറഞ്ഞ ആ വചനം വിശ്വസിച്ചുകൊണ്ട് കാത്തിരിക്കുകയാണ്. അവർ തങ്ങളെത്തന്നെ ശുദ്ധീകരിച്ചുകൊണ്ട് കാത്തിരിക്കുകയാണ്. ഞങ്ങളുടെ കർത്താവ് ക്രൂശിക്കപ്പെട്ടല്ലോ എന്നുള്ള നിരാശയെല്ലാം മാറ്റി കാത്തിരിക്കുകയാണ്.

> "പെന്തക്കോസ്തു നാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്തു ഒന്നിച്ചു കൂടിയിരുന്നു. പെട്ടെന്നു കൊടിയ കാറ്റടിക്കുന്നതു പോലെ ആകാശത്തു നിന്നു ഒരു മുഴക്കം ഉണ്ടായി. അവർ ഇരുന്നിരുന്ന വീടു മുഴുവനും നിറച്ചു. അഗ്നിജ്വാല പോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി.അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു. എല്ലാവരും പരിശുദ്ധാത്മാവു നിറഞ്ഞവരായി ആത്മാവു അവർക്കു ഉച്ചരിപ്പാൻ നല്കിയതു പോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി.
>
> അപ്പോ. പ്രവ 2:1-4.

എല്ലാവരും ഒരു സ്ഥലത്ത് ഒന്നിച്ചുകൂടിയിരുന്നു. പെട്ടെന്ന് കൊടിയ കാറ്റടിക്കുന്നതുപോലെ ആകാശത്തു നിന്ന് ഒരു മുഴക്കമുണ്ടായി. ഏതോ വലിയ കൊടുങ്കാറ്റ് ശക്തമായി വീശിവരുന്നതു പോലെ ഭയങ്കരമായ ശബ്ദമുണ്ടായി. ആ വീട്ടിലേക്ക് ഈ കാറ്റ് വന്ന് നിറയുന്നു. അഗ്നിനാമ്പുകൾ, തീനാവുകൾ, അഗ്നിജ്വാല . പക്ഷേ അത് നാവു പിളർന്നതുപോലെയാണ് കാണപ്പെട്ടത്. ഓരോരുത്തരുടെമേൽ തീ വന്നിറങ്ങുകയാണ്. എല്ലാവരും ആത്മാവ് നിറഞ്ഞവരായിത്തീർന്നു.

തങ്ങളെത്തന്നെ ശുദ്ധീകരിച്ച് ക്രിസ്തുവിന്റെ വചനം വിശ്വ

സിച്ച്, ക്രിസ്തുവിന്റെ വാഗ്ദത്തത്തിനുവേണ്ടി കാത്തിരുന്ന്, പരിശുദ്ധാത്മാവിനു വേണ്ടി ജാഗരിച്ചിരിക്കുന്നവരുടെ മേൽ പരിശുദ്ധാത്മാവ് ഇറങ്ങും, സംശയിക്കണ്ട.

വിശ്വസിക്കൂ. പിളർന്ന തീനാവുകൾ ഇറങ്ങും കാത്തിരുന്നാൽ ചലനമുണ്ടാകും. വീട്ടിൽ ചലനമുണ്ടാകും. ദേശത്ത് ചലനമുണ്ടാകും.

നമ്മുടെ കർത്താവ് നമ്മിൽ തുടങ്ങിവച്ച വേല പൂർത്തീകരിക്കണമെങ്കിൽ, കർത്താവ് തോല്ക്കാതിരിക്കണമെങ്കിൽ, നിങ്ങൾക്ക് വളരെ വളരെ മാറ്റം വരേണ്ടിയിരിക്കുന്നു. വളരെ രൂപാന്തരം വരേണ്ടിയിരിക്കുന്നു. സ്വർഗ്ഗത്തിലെ ദൈവത്തെ നിങ്ങൾ തോല്പിക്കരുത് . യേശുക്രിസ്തുവിനെ നിങ്ങൾ തോല്പിക്കരുത്. യേശുക്രിസ്തുവിനെ നിങ്ങൾ കരയിപ്പിക്കരുത്. ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ നിങ്ങൾ ദുഃഖിപ്പിക്കരുത്.

ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ നിങ്ങൾ കെടുക്കരുത്. ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ നിങ്ങൾ തുച്ഛീകരിക്കരുത്. ആത്മാവ് തീയല്ലോ. ആത്മാവ് അനുഗ്രഹമല്ലൊ. ആത്മാവ് ജീവനല്ലൊ. ആത്മാവ് സ്നേഹമല്ലൊ. ആത്മാവ് ശാന്തിയല്ലൊ. ആത്മാവ് സമാധാനമല്ലൊ. ആത്മാവിനു വേണ്ടി നിങ്ങൾ കാത്തിരിപ്പിൻ.

നിങ്ങളുടെ ഭയപ്പാടുകൾ മാറും. നിങ്ങളുടെ ആശങ്കകൾ മാറും, നിങ്ങളുടെ ഭീതികൾ മാറും. പൈശാചിക ബാധകൾ മാറും. ദുരാത്മഭീതികൾ മാറും. എല്ലാ ദോഷങ്ങളും മാറിക്കിട്ടും. പഠിക്കാനുള്ള ബുദ്ധി തെളിഞ്ഞ് വരും. എല്ലാം ശരിയാകും. ജോലി ശരിയാകും. പഠിത്തം ശരിയാകും. വീട് ശരിയാകും. കുടുംബം ശരിയാകും. ബന്ധങ്ങൾ ശരിയാകും. വിവാഹം ശരിയാകും. മക്കൾ ശരിയാകും. എല്ലാം നേരെയാകും.

എല്ലാം നേരെയാക്കുന്നവൻ നേരെയാക്കാൻ വന്നിട്ടുണ്ട്. അത് പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവിന്റെ തീ നിങ്ങളെ നേരെയാക്കട്ടെ. പരിശുദ്ധാത്മാവന്റെ തീ നിങ്ങളുടെ മേൽ ഇറങ്ങട്ടെ. പരിശുദ്ധാത്മാവിന്റെ അഗ്നി നിങ്ങളെ സ്പർശിക്കട്ടെ. പരിശുദ്ധാത്മാവിന്റെ തീയിൽ നിങ്ങൾ കുളിക്കട്ടെ. പരിശുദ്ധാത്മാവിന്റെ സ്നാനം നിങ്ങൾ ഏല്ക്കട്ടെ. പരിശുദ്ധാത്മാവിന്റെ അഭിഷേകം നിങ്ങളുടെ മേൽ ഇറങ്ങട്ടെ.

## അമൃതധാര ടി.വി. പ്രോഗ്രാം

| | | |
|---|---|---|
| വെള്ളി | ഏഷ്യാനെറ്റ് ന്യൂസ് ടിവി | : 6.30 AM |
| ശനി | സൂര്യ ടിവി | : 6.30 AM |
| ഞായർ | ജീവൻ ടിവി | : 6.30 AM |

## അമൃതധാര റേഡിയോ പ്രോഗ്രാം

| | | |
|---|---|---|
| ചൊവ്വ | SW 25 മീറ്റർ | : 7.45 PM |

**പ്രൊഫ. എം.വൈ. യോഹന്നാൻ**

മുൻ പ്രിൻസിപ്പാൾ, സെന്റ് പീറ്റേഴ്സ് കോളേജ്
കോലഞ്ചേരി, സുവിശേഷ സന്ദേശം നൽകുന്നു

## CRF ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

| യോഗം | സമയം | സ്ഥലം |
|---|---|---|
| രണ്ടാം ശനിയാഴ്ച | 9.00 AM – 2.00 PM | മേച്ചങ്കര, പ്രൊഫ. എം.വൈ. യോഹന്നാന്റെ ഭവനം, കോലഞ്ചേരി പട്ടിമറ്റം റോഡിൽ വാലേത്ത്പടി ബസ് സ്റ്റോപ്പ് – **കടയിരുപ്പ്** |
| രണ്ടാം ശനിയാഴ്ചയോട് ചേർന്നുള്ള രണ്ടാം ഞായറാഴ്ച | 12.30PM – 5.00PM | |
| മൂന്നാം ഞായറാഴ്ച | 12.30PM – 5.00PM | |
| എല്ലാ തിങ്കളാഴ്ചയും | 6.00PM – 8.00PM | |
| ഒന്നാം ചൊവ്വാഴ്ച (വനിതാ സമ്മേളനം) | 9.00AM – 1.00PM | |
| എല്ലാ വെള്ളിയാഴ്ചയും (ബൈബിൾ ക്ലാസ്) | 6.00PM – 8.00PM | പ്രൊഫ. സി.എം. മാത്യു, ചാന്ത്യം – ഭവനം കോലഞ്ചേരി |
| ഒന്നും മൂന്നും ബുധനാഴ്ച (യുവാക്കളുടെ സമ്മേളനം) | 6.30PM – 9.00PM | |